



# ഓർത്തഡോക്സ് യുവജനം

വാല്യം 11
ലക്കം 05

ത്രൈമാസിക

ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം

# കാതോലിക്കാ സ്ഥാനാരോഹണത്തിന്റെ
# 10 വർഷങ്ങൾ



**പരിശുദ്ധ മാർത്തോമാശ്ലീഹായുടെ ശ്ലൈഹിക സിംഹാസനത്തിൽ**
**മഹിമയോടെ വാണരുളുന്ന മലങ്കരയുടെ നിഷ്കളങ്ക സൗന്ദര്യത്തിന്.....**
**പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**
**കാതോലിക്കാ ബാവാ തിരുമേനിക്ക്**
**ഓർത്തഡോക്സ് ക്രൈസ്തവ**
**യുവജന പ്രസ്ഥാനത്തിന്റെ പ്രാർത്ഥനകൾ......**

# ഉൾപ്പേജുകളിലൂടെ

ഓർത്തഡോക്സ് യുവജനം ത്രൈമാസിക


1 **പുണ്യാത്മാക്കളുടെ ജീവിതം**
പ്രൊഫ.എം.കെ.സാനു

2 **മുലപ്പാലിൽ കുതിർന്ന ഒരു ക്രിസ്തുമസ്**
ഡോ.റോസി തമ്പി

3 **തീവിഴുങ്ങി പക്ഷികൾ**
ശിഹാബുദ്ദീൻ പൊയ്ത്തുംകടവ്

4 **സത്യവിശ്വാസ പാതയിൽ**
വെരി.റവ.ഡോ.മാത്യു വൈദ്യൻ കോർ–എപ്പിസ്കോപ്പ

5 **വിശുദ്ധിയുടെ കയ്യൊപ്പ്**
ഫാ.ഡോ.ജോൺ തോമസ് കരിങ്ങാട്ടിൽ

6 **പ. പരുമല തിരുമേനിയുടെ പട്ടംകൊടകൾ**
ഫാ. ഇയ്യോബ് ഒ.ഐ.സി.

7 **സുകൃതങ്ങളിലൂടെ വഴിനടത്തിയ പുണ്യപിതാവ്**
അമലാ അന്നാ തോട്ടുപുറം

8 **തലക്കെട്ടിൽ നിലംപൊത്തുന്ന ജനാധിപത്യത്തിന്റെ നാലാം സ്തൂപം**
അനീഷ് ജേക്കബ്

9 **വൃക്കരോഗം എങ്ങനെ തടയാം**

10 **ദൈവാലയം**
ഫാ. ജസ്റ്റിൻ എബ്രഹാം



ഓർത്തഡോക്സ് യുവജനം ത്രൈമാസിക

ഓർത്തഡോക്സ് യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം

വിലാസം : ഓർത്തഡോക്സ് യുവജനം
സെന്റ്തോമസ് ഭവൻ, ഓർത്തഡോക്സ് യൂത്ത് സെന്റർ
പഴയസെമിനാരി റോഡ്, ചുങ്കം, കോട്ടയം –1
ഫോൺ: 0481 2583997
email: orthodoxyuvajanam1936@gmail.com
facebook:ocymmediawing



എഡിറ്റോറിയൽ ബോർഡ്

*പ്രസിഡന്റ്*
**ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്ത**
*വൈസ്പ്രസിഡന്റ്*
**ഫാ. വർഗ്ഗീസ് ടി. വർഗ്ഗീസ്**
*ജനറൽ സെക്രട്ടറി*
**ഫാ. അജി കെ. തോമസ്**
*ട്രഷറർ*
**ജോജി പി. തോമസ്**
*ചീഫ് എഡിറ്റർ*
**ഫാ. തോമസ് രാജു, കരുവാറ്റ**
*പബ്ലിഷർ*
**ഫാ. ജോൺ ടി. ശാമുവേൽ**
*ബോർഡ് അംഗങ്ങൾ*
**ലെനി ജോൺ പോരുവഴി**
**ടിൻജു ശാമുവേൽ പനംകുറ്റിയിൽ**

## പ്രസിഡന്റിന്റെ കത്ത്

ക്രിസ്തുയേശുവിൽ ഏവർക്കും സ്നേഹവന്ദനം.

മനുഷ്യരുടെ സകല പ്രതീക്ഷകളേയും തകർത്തുകൊണ്ട് കോറോണ വൈറസ് -കോവിഡ് 19 അതിന്റെ വ്യാപനം തുടരുന്നു. ഇൻഡ്യയിൽ ആയിട്ട് 8 മാസം കഴിയുന്നു. വിദേശ രാജ്യങ്ങളിൽ രണ്ടാം തവണ വ്യാപിച്ചു കഴിഞ്ഞതായ വാർത്തകൾ നാം കണ്ടു കഴിഞ്ഞു. ഇൻഡ്യ യിലും ഈ സാഹചര്യം പ്രതീക്ഷിക്കുന്നു. ഭഗ്നാശരാകാതെ പ്രാർത്ഥന പൂർവ്വം ഈ പ്രതിസന്ധിയെ നേരിടുകയാണ് വേണ്ടത്. "The End of October" ഒരു നോവലിന്റെ പേരാണ്. Lawrence Wright എന്ന ആളാണു ഗ്രന്ഥകാരൻ. നാം ഇപ്പോൾ നേരിടുന്ന ഈ കോറോണ വൈറസിനെ കുറിച്ചുള്ള ഒരു പ്രവചനമായിരുന്നുവോ എന്നു ഓർത്തു പോകുന്ന ഒരു ഗ്രന്ഥമാണ്. ഈ ഗ്രന്ഥത്തിലൂടെ എഴുത്തുകാരൻ മുന്നോട്ടു വെയ്ക്കുന്ന പ്രധാന പാഠങ്ങൾ മൂന്ന് എണ്ണമാണ്.

1. It should make us more humble.

ഇതു നമ്മെ കൂടുതൽ വിനയമുള്ളവരാകണം. മനുഷ്യന്റെ അഹങ്കാരവും അതിക്രമവും അതിരുവിടുമ്പോൾ ചരിത്രത്തിൽ ഇടപെടുന്ന ദൈവത്തെ കണ്ടെത്തണം. അതു കൊണ്ട് ലോകത്തിലെ അതിധനികരിലൊരാളായ ബിൽഗേറ്റ്സ് ഈ കോവിഡ് 19 പ്രതിസന്ധിയിൽ നിന്നും പതിനഞ്ചോളം പാഠങ്ങൾ പഠിക്കുന്നതായി എഴുതിയത്. ഈ പാഠങ്ങൾക്കു ആമുഖമായി അദ്ദേഹം കുറിച്ചു; "I am a firm believer and I see a spiritual purpose behind everything that happen" (ഞാനൊരു ഉറച്ച വിശ്വാസിയാണ്. സംഭവിക്കുന്ന എല്ലാറ്റിന്റേയും പിന്നിൽ ഞാനൊരു ആത്മീക ഉദ്ദേശം കാണുന്നു.) എന്നു മാത്രമല്ല അദ്ദേഹം പഠിക്കുന്ന പ്രധാന പാഠങ്ങളിൽ ഒന്ന് "നമ്മുടെ അഹംഭാവത്തെ പരിശോധിക്കുവാനുള്ള അവസരം ആയിട്ടു കൂടിയാണ് " (To keep our ego in check) പ്രതീക്ഷയ്ക്കു വിപരീതമായ നമ്മുടെ പ്രതിസന്ധികൾ നമ്മെ കൂടുതൽ വിനയാന്വിതരാക്കണം.

2. It should bring us more closer to God. (നമ്മെ ദൈവത്തിങ്കലേക്കു കൂടുതൽ അടുപ്പിക്കണം). ദൈവാശ്രയം ബലപ്പെടണം, വർദ്ധിക്കണം. Nelson Mandela യുടെ ആത്മകഥയിലെ ഒരു വാചകം ഇപ്രകാരമാണ്:- " Difficulties break some pople; But it make others". (കഷ്ടതകൾ ചിലരെ തകർക്കും, ചിലരെ വാർക്കും)

3. It should make us more obedient to obey the rules. (നിയമങ്ങൾ പാലിക്കുക). മുഖാവരണം ധരിക്കുക - കൈ കഴുകുക-ശാരീരിക അകലം പാലിക്കുക തുടങ്ങി കാലാകാലങ്ങളിൽ ലഭിക്കുന്ന നിയമങ്ങളും നിർദ്ദേശങ്ങളും നിർബ്ബന്ധമായും പാലിക്കണം. ഈ കാര്യങ്ങളിലുണ്ടായ വീഴ്ച വരുത്തുന്ന വലിയ വിന നാം കാണുന്നു. നിയമപാലനം ആത്മീയ തയുടേയും അച്ചടക്കത്തിന്റെയും ലക്ഷണമാണ്. ആകയാൽ പരപ്രേരണ കൂടാതെ അവ പാലിക്കുവാൻ കഴിയണം.

നമ്മുടെ ജീവിതത്തിന്റെ സമസ്ത മേഖലകളേയും ഗണ്യമായി ഇവ ബാധിച്ചു കഴിഞ്ഞു. പ്രത്യേകിച്ച് സാമ്പത്തിക മേഖലയെ. അനേകരുടെ ജോലി നഷ്ടപ്പെട്ടു. പുതിയ തൊഴിൽ മേഖലകളിലെ സാധ്യതകൾ കുറഞ്ഞു. ആയതിനാൽ സാമ്പത്തിക അച്ചടക്കം പാലിച്ചു കൊണ്ട് ലളിത ജീവിതശൈലി ശക്തിപ്പെടുത്തണം. പുതിയ തൊഴിൽ സംസ്കാരം



ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്ത

വികസിപ്പിക്കണം. അവിഹിതമല്ലാത്ത ഏത് അദ്ധ്വാനവും മഹത്വ മുള്ളതായി കാണണം. പ്രാപ്തിക്കനുയോജ്യമായവ കണ്ടെത്തി നിറവേറ്റുന്നതിൽ അഭിമാനം കാണണം. ആരാധന ജീവിതം ലഭ്യമാകുന്ന സംവിധാനത്തിലൂടെയും അനുവദനീയമായ സാഹ ചര്യങ്ങളിലൂടെയും പ്രയോജനപ്പെടുത്തണം. പൗരസ്ത്യ ആദ്ധ്യാ ത്മികതയുടെ അടസ്ഥാന ഘടകങ്ങളായ പ്രർത്ഥന- നോമ്പ്- ഉപവാസം - തിരുവചന വായന എന്നിവയെ ശക്തിപ്പെടുത്തണം. OCYM യൂണിറ്റ് /ഭദ്രാസന മീറ്റിംഗുകൾ Zoom സംവിധാന ത്തിലൂടെ സംഘടിപ്പിച്ച് കൂട്ടായ്മാനുഭവം നഷ്ടപ്പെടാതെ നിലനിർത്തണം. സമ്പത്തിക-സാമൂഹ്യ ഒറ്റപ്പെടലിന്റെ അനുഭവം ഒരുപാടു പേർക്കു മാനസിക സംഘർങ്ങൾക്കു ഇടയാക്കുന്നു. ഇങ്ങനെയുള്ളവരെ കത്തെി പരിഹാരക്രമീകരണമൊരുക്കണം.

പരി.പരുമല തിരുമേനിയുടെ 118-ാം ഓർമ്മപ്പെരുന്നാൾ ദിനങ്ങളാണല്ലോ. ഒക്ടോബർ 26 നു കൊടിയേറി നവംബർ 2 നു സമാപിക്കും. കോവിഡ് 19 പ്രോട്ടോക്കോൾ അനുസരിച്ച് കാര്യപരിപാടികൾ നടക്കുന്നു. ആ പരിശുദ്ധന്റെ മദ്ധ്യസ്ഥത നമുക്ക് അനുഗ്രഹമായിരിക്കട്ടെ.

നമ്മുടെ പഠനവിഷയങ്ങളുടെ വിശദീകരണങ്ങൾ ജനറൽ സെക്ര ട്ടറി എല്ലാവർക്കും അയച്ചു തന്നിട്ടുണ്ട് എന്നു കരുതുന്നു. ലഭിച്ചിട്ടില്ലാത്തവർ ബഹു. അജി അച്ചനുമായി ബന്ധപ്പെടുക. പഠനം തുടരണം.

'കലാമേള' ഓൺലൈനായി നടത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നു. അഭിപ്രായങ്ങൾ ഉള്ളവർ ജനറൽ സെക്രട്ടറിയെ അറിയിക്കുക.

OCYM കേന്ദ്ര സമിതിയുടെ അപേക്ഷപ്രകാരം നിലവിലിരുന്ന ഭരണഘടനയ്ക്കു ചില ഭേദഗതി കൾ 2020 സെപ്തംബറിൽ കൂടിയ പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് വരുത്തി അംഗീ കരിച്ചു. ആയത് പരി. ബാവാ തിരുമനസ്സിലെ ഒപ്പും മുദ്രയും വെച്ച് ലഭിക്കുന്ന മുറയ്ക്ക് അച്ചടിച്ച് വിതരണം ചെയ്യുന്നതാണ്.

പരി.പരുമല തിരുമേനിയുടെ 118-ാം ഓർമ്മപ്പെരുന്നാൾ ദിനങ്ങളാണല്ലോ. ഒക്ടോബർ 26 നു കൊടിയേറി നവംബർ 2 നു സമാപിക്കും. കോവിഡ് 19 പ്രോട്ടോക്കോൾ അനുസരിച്ച് കാര്യപരി പാടികൾ നടക്കുന്നു. ആ പരിശുദ്ധന്റെ മദ്ധ്യസ്ഥത നമുക്ക് അനുഗ്രഹമായിരിക്കട്ടെ. ഈ വർഷത്തെ അഖണ്ഡപ്രാർത്ഥനായജ്ഞവും Virtual ആയിട്ടാണല്ലോ നടക്കുന്നത്.

ദൈവത്തിന്റെ കരുണയും കൃപയും ലോകമെമ്പാടും വ്യാപിക്കുവാൻ വൈറസിന്റെ വ്യാപനത്തിനു ശമനമുണ്ടാകുവാൻ, രോഗ ബാധിതർക്കു സൗഖ്യം ലഭിക്കുവാൻ, ഈ രംഗത്തു പ്രവർത്തിക്കുന്നവർക്കു ദൈവത്തിന്റെ സംരക്ഷണവും കാവലും ഉണ്ടാകുവാൻ, പ്രതിവിധി ചികിത്സാ സംവിധാനം എത്രയും വേഗം ഫലപ്രാപ്തിയിലെത്തുവാൻ നമുക്കു മുട്ടിപ്പായുള്ള പ്രാർത്ഥന തുടരാം.

മലങ്കര ഓർത്തഡോക്സ് സഭയുടെ സുവിശേഷ പന്ഥാവിൽ സഭാരത്നം ഭാഗ്യസ്മരണാർഹ നായ ഡോ. ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ മിഷൻ ദർശനങ്ങളെ പ്രായോ ഗികമാക്കിയ വന്ദ്യ. കെ. ഐഫിലിപ്പ് റമ്പാച്ചൻ ദൈവസന്നിധിയിലേക്ക് യാത്രയായി. ആറു പതിറ്റാണ്ട് നീണ്ടുനിന്ന ത്യാഗപൂർണ്ണമായ ജീവിതമായിരുന്നു വന്ദ്യ. റമ്പാച്ചന്റേത്. സമാനത കളില്ലാത്ത സമർപ്പണ ജീവിതത്തോടെ സുതാര്യതയോടും വിശ്വസ്ഥതയോടും കൂടെ അദ്ദേഹം തന്നെ ഏൽപ്പിച്ച ഉത്തരവാദിത്തങ്ങൾ പൂർത്തിയാക്കിയാണ് ദൈവവസന്നിധിയിലേക്ക് യാത്ര യായിരിക്കുന്നത്. സുവിശേഷികരണ ശുശ്രൂഷയിലെ ഒരു യുഗം ആണ് അവസാനിക്കുന്നത്. ദൈവം വന്ദ്യ റമ്പാച്ചനെ തന്റെ നിർമ്മലമായ കരങ്ങളിൽ സ്വീകരിക്കട്ടെ.

ദൈവം അനുഗ്രഹിക്കട്ടെ.
പ്രാർത്ഥനയോടെ,
**യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്ത.**

പരുമല
ഒക്ടോബർ 28, 2020

എഡിറ്റോറിയൽ

# സാമ്പത്തിക സംവരണം
# സാമൂഹ്യനീതിയിലേക്കുള്ള ശക്തമായ ചുവടുവെയ്പ്പ്



**ഫാ.തോമസ് രാജു**
ചീഫ് എഡിറ്റർ

ആശങ്കകളൊട്ടൊഴിയാതെ ദിനങ്ങളോരോന്നും കൊഴിഞ്ഞു വീഴുകയാണ്. ആളും ആരവുമില്ലാത്ത ആഘോഷങ്ങൾ നമുക്ക് ശീലമായികഴിഞ്ഞു. സത്യത്തിൽ കഴിഞ്ഞ നാളുകളിലെ ചില ആഘോഷങ്ങളും അമിതാവേശത്തോടു കൂടിയ കൂട്ടംചേരലുമൊക്കെ വേണമായിരുന്നോ  എന്നുതന്നെ ചിലരൊക്കെ ചിന്തിച്ചു തുടങ്ങിയിരിക്കുന്നു. അതൊരു നല്ല സൂചനയാണ്. സാമ്പത്തിക അച്ചടക്കത്തിലേക്കും ആദിനൈർമല്യത്തിലേക്കുമൊക്കെ തിരിഞ്ഞുനടക്കാൻപറ്റിയ ഒരു ശുഭകാലം തന്നെയാണിത്. There's a profit attached to every problem find it, face it, and fix it.




തദ്ദേശഭരണ, നിയമസഭാ തിരഞ്ഞെടുപ്പുകൾ അടുത്തിരിക്കെ സംവരണ രാഷ്ട്രീയവും അനുബന്ധ ചർച്ചകളും കേരളത്തിൽ ചൂടുപിടിക്കുകയാണ്. സർക്കാർ ജോലിക്ക് മുന്നോക്ക സമുദായത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് പത്ത് ശതമാനം സംവരണം ഏർപ്പെടുത്തുകയാണ്  ലക്ഷ്യം. 2019 ജനുവരിയിൽ പാർലമെന്റ് പാസാക്കിയ ഭരണഘടനാ ഭേദഗതിയുടെ ചുവട് പിടിച്ചാണ് സംസ്ഥാന സർക്കാർ സാമ്പത്തിക സംവരണത്തിനുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കുന്നത്. മുന്നോക്ക

വിഭാഗങ്ങളിലെ മറ്റു സംവരണങ്ങൾക്ക് അർഹതയില്ലാത്ത സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് സർക്കാർ നിയമനങ്ങളിൽ സംവരണം അനുവദി ക്കുമ്പോൾ നാലു ലക്ഷം വരെ കുടുംബ വാർഷികവരുമാനമുള്ളവർക്കും പഞ്ചാ യത്തുകളിൽ 2.5 ഏക്കറിലും നഗരസഭകളി ൽ 75 സെന്റിലും കോർപറേഷനുകളിൽ 50 സെന്റിലും കൂടാത്ത കുടുംബ ഭൂസ്വത്തു ള്ളവർക്കും ഹൗസ് പ്ലോട്ടുകളുടെ വിസ്തൃതി നഗരസഭകളിൽ 20 സെന്റിലും കോർപറേഷനുകളിൽ 15 സെന്റിലും താഴെയുള്ളവർക്കും സംവരണാനുകൂല്യ ത്തിൽ ഉൾപ്പെടാം.

നിലവിലുള്ള സംവരണാനുകൂല്യത്തിൽ ഒരു കുറവും വരുത്താതെയുള്ള ഈ ക്രമീ കരണത്തോട് ചിലർ അന്ധമായ അസ്വ സ്ഥത പുലർത്തുന്നത് നീതിയുക്തമല്ല. പിന്നോക്ക സംവരണത്തിന് അർഹരായ വരില്ലെങ്കിൽ ഒഴിവ് ആ വിഭാഗത്തിന് മാത്രമായി മാറ്റിവെക്കുന്നതാണ് ഇപ്പോഴുള്ള രീതി. എന്നാൽ സാമ്പത്തിക സംവരണത്തിന്റെ കാര്യത്തിൽ ഒഴിവ് കുടിശിഖയായി നീക്കി വെക്കുന്നില്ല- പകരം പൊതുവിഭാഗത്തിലേക്ക് മാറ്റുക യാണ് ചെയ്യുന്നത്. ഈ ക്രമീകരണത്തോട് എതിർപ്പു പ്രകടിപ്പിക്കുന്നുവെങ്കിൽ അതി ന്റെയർത്ഥം മാർ ജോസഫ് പെരുന്തോട്ടം പറഞ്ഞതുപോലെ "സ്വന്തം പാത്രത്തിൽ കുറവുണ്ടാകുന്നില്ലെങ്കിലും അടുത്തിരിക്കുന്നവന്റെ പാത്രത്തിൽ ഒന്നും വിളമ്പരുത്" എന്ന മട്ടിലുള്ള വികാരമാ ണ്. ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി, പ്രൊഫഷണൽ കോളേ ജുകൾ എന്നിവകളിലെ പ്രവേശനം, ദേവസ്വം ബോർഡ്, പോതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ എന്നിവയിലൊക്കെ വലിയ വിവാദങ്ങൾക്കിടകൊടുക്കാതെ നടത്തിയ സാമ്പത്തിക സംവരണം സാമൂഹിക സമത്വത്തിലേക്കുള്ള ഒരു വഴി തുറ ക്കലെന്ന നിലയിൽ സർക്കാർ നിയമന ങ്ങളിലും നടപ്പാക്കപ്പെടട്ടെ. സാമൂഹ്യ നീതിയിലേക്കുള്ള ദൂരം കുറയട്ടെ.

മലങ്കരയുടെ മഹാ പരിശുദ്ധനായ പരുമല കൊച്ചുതിരുമേനിയുടെ പെരുന്നാൾ നിറവി ലാണ് പരി.സഭ.യാതനകളും രോഗങ്ങളും വേദനകളും കാർന്നുതിന്നുമ്പോഴും ഉയര ത്തിലേക്ക് നോക്കി ശക്തിപ്രാപിച്ച് ആ പ്രാർത്ഥനയുടെ കരുത്തിൽ സകലരുടെയും സന്താപഭാരങ്ങൾ നീക്കിയ ഗീവർഗ്ഗീസ് മാർ ഗ്രീഗോറിയോസ് പിതാവിന്റെ അനർഘ മാദ്ധ്യസ്ഥം ഈ ദുരിതകാലത്ത് ആശ്വാസമഴയായി പെയ്തിറങ്ങട്ടെ.

ആദരവോടെ....



ജനറൽ സെക്രട്ടറിയുടെ കത്ത്

# പ്രതീക്ഷ



ഫാ. അജി കെ. തോമസ്

കൊറോണ വൈറസ് അതിന്റെ സംഹാര താണ്ഡവമാടുന്ന നാളുകൾ. 1920 ൽ പൊട്ടി പുറപ്പെട്ട സ്പാനിഷ് ഫ്ളു ഇന്ത്യയിൽ മാത്രം കൊന്നൊടുക്കിയത് രണ്ടുകോടിയിലേറെപ്പേരെയാണ്. മനുഷ്യർ അന്നും ഈ രോഗത്തോടൊപ്പം സഹവസിച്ചു. അന്ന് അതിജീവിച്ചവരുടെ അനന്തര തലമുറകളിൽപ്പെട്ടവരാണ് നമ്മൾ.

വൈദ്യശാസ്ത്രം അതിന്റെ ഉന്നതിയിൽ നില നിൽക്കുന്ന ഈ നൂറ്റാണ്ടിൽ ആരോഗ്യ പ്രവർത്തകർ കഠിനാധ്വാനം ചെയ്യുന്നു. നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുക എന്നതാണ് ഏറ്റവും നല്ല പോംവഴി, വാക്സിൻ അത്ര എളുപ്പമൊന്നും ലഭ്യമല്ല കാരണം, രോഗാണു വളരെ വേഗത്തിൽ പെരുകുന്നു. ജനിതക മാറ്റം വരുന്നു. ഇതിനെ നമുക്ക് പ്രതിരോധിക്കണം. ഏത് മഹാമാരിയെയും പോലെ തനിയെ ഇത് നമ്മെ വിട്ടുപോകണം. വാഹകരെ കിട്ടാതെ, രോഗാണുവിന്റെ പുതു തലമുറ ജനിതക പരിവർത്തനത്തിലൂടെ മാരകത കുറഞ്ഞ ഇനമായി മാറണം.

വൈറസിനോടൊപ്പമുള്ള സഹവാസം നിമിത്തം അതിജീവിക്കുന്ന മനുഷ്യർ അതിനെതിരെ രോഗപ്രതിരോധശേഷി കൈവരിക്കുന്നു. പിടിച്ചു നിൽക്കുക എന്നതാണ് മനുഷ്യവംശത്തിന്റെ ഏറ്റവും വലിയ വെല്ലുവിളി.

ഈ കോവിഡ് കാലവും നമ്മുടെ പിൽക്കാല വീക്ഷണങ്ങളെ സ്വാധീനിക്കട്ടെ. പ്രത്യാശ നമ്മെ ജ്വലിപ്പിച്ച് നിർത്തട്ടെ. പ്രാർത്ഥനയും... നിലവിളിയും ഉയരട്ടെ.

കോവിഡ് പ്രതിരോധപ്രവർത്തനങ്ങളിൽ ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം ഭദ്രാസന, യൂണിറ്റ് തലങ്ങളിൽ ചെയ്യുന്ന എല്ലാ സേവനങ്ങൾക്കും നന്ദി...

### പരിശുദ്ധൻ

പ്രതിരോധകാലത്ത് പരിശുദ്ധന്റെ പരിശുദ്ധി മുഖമുദ്രയായി സ്വീകരിച്ച് ദൈവകൃപ നേടിയെടുക്കാം. അഴിപ്പുരയിൽ ക്രൈസ്തവ യുവജന പ്രസ്ഥാനം ആരംഭിച്ച അഖണ്ഡ പ്രാർത്ഥന ഈ വർഷം കോവിഡ് പ്രോട്ടോക്കോൾ പാലിക്കേതിനാൽ അതാത് ഭദ്രാസനങ്ങൾ നിശ്ചയിക്കുന്ന സ്ഥലങ്ങളിൽ നടത്തപ്പെടും. സമസ്ത ജീവജാലങ്ങളുടെയും സൗഖ്യത്തിനും സമാധാനക്കിനും പരിശുദ്ധന്റെ മദ്ധ്യസ്ഥത കാവലായിരിക്കട്ടെ.

### പുണ്യം

ദൈവകൃപയായി മലങ്കര സഭയ്ക്ക് ലഭിച്ച പുണ്യമാണ് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ പൗലോസ് ദ്വീതിയൻ കാതോലിക്ക ബാവ. ദൈവത്തിന്റെ കയ്യൊപ്പ് ഭൂമിക്ക് പ്രദാനം ചെയ്യുന്ന നിർമ്മല തേജസ്സ് 10 വർഷമായി ദൈവസ്നേഹത്തിന്റെ തണലിൽ കരുതലിൽ, ഭാരതീയ സംസ്ക്കാരത്തിന്റെ തനിമയിൽ മൗന പ്രാർത്ഥനയുടെ നിലാവെളിച്ചമായി, പരിശുദ്ധ സഭയുടെ ചരിത്രത്തിൽ ഉദയസൂര്യനായി പ്രശോഭിക്കുന്നു. സ്നേഹതണലിന്റെ ദശവർഷങ്ങൾ.... ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം ഭക്തി ആദരവുകൾ സമർപ്പിക്കുന്നു.

### പ്രവർത്തനങ്ങൾ

പ്രതിരോധ കാലത്തെ പ്രവർത്തനങ്ങൾ ഉറവയിലേക്ക് (വേദ-വിശ്വാസ പഠന പദ്ധതി) , ജ്വാല (കലാമത്സരങ്ങൾ) തുടങ്ങിയവയെല്ലാം നവീന സാങ്കേതിക വിദ്യകളിലൂടെ ക്രമീകരിക്കുവാൻ ദൈവകൃപയിൽ ശരണപ്പെടുന്നു. യൂണിറ്റ് രജിസ്ട്രേഷൻ പുതുക്കുവാൻ യൂണിറ്റുകൾ അത് ശ്രദ്ധിക്കുമല്ലോ. "ക്രിസ്തുവിനെ നിങ്ങളുടെ ഹൃദയങ്ങളുടെ കർത്താവായി വിശുദ്ധീകരിപ്പിൻ" 1 പത്രോസ് 3 : 14 എന്നതാണ് ഈ വർഷത്തെ ചിന്താവിഷയം.

സ്മൃതിപഥം



പ്രൊഫ. എം.കെ. സാനു

# പുണ്യാത്മാക്കളുടെ ജീവിതം അവരുടെ മരണത്തോടുകൂടി ആരംഭിക്കുന്നു

പരുമല തിരുമേനിയുടെ കാലം പത്തൊമ്പതാം നൂറ്റാണ്ടാണ്. 1847ൽ അദ്ദേഹം ജനിച്ചു 1902 ൽ അദ്ദേഹം ലോകത്തോട് വിട പറഞ്ഞു. 1902 കഴിഞ്ഞതിനുശേഷം ഇപ്പോൾ എത്ര വർഷങ്ങൾ പിന്നിട്ടിരിക്കുന്നു. അതോരു അത്ഭുതകരമായ കാര്യമാണ്. നാമെല്ലാം കുറെക്കാലം ജീവിക്കുന്നു. നമ്മുടെ ജീവിതം മരണത്തോടെ അവസാനിക്കുന്നു. പക്ഷേ പുണ്യാത്മാക്കളുടെ ജീവിതം അവരുടെ മരണത്തോടെ ആരംഭിക്കുകയാണ് ചെയ്യുന്നത്. പരുമലതിരുമേനിയുടെ ജീവിതം 1902 ൽ വീണ്ടും ആരംഭിക്കുകയും അത് ഒന്നിനൊന്നിന് സ്മൃതി മാധുര്യത്തോടെ നമ്മുടെ മദ്ധ്യത്തിൽ അനുഗ്രഹപ്രദമായി പ്രശോഭിതമായി നിലനിൽക്കുകയും ചെയ്യുന്നു. എന്തുകൊണ്ട് ഇത് സാധിതമായി – അതിന് കാരണം പരുമലത്തിരുമേനിയുടെ സാമൂഹ്യദർശനമാണ്. കണ്ണുനീരൊഴുക്കുന്നവരെയും നിസ്സഹായരായി കഴിയുന്നവരെയും ഗണിക്കാതെ ജീവിക്കാനാകില്ല എന്നതായിരുന്നു അദ്ദേഹത്തിന്റെ സാമൂഹ്യബോധം.


സാധാരണ ബുദ്ധിശക്തിയും പ്രവർത്തനശേഷിയും ആരോഗ്യവുമുള്ള ആവ്യക്തിക്ക് തോന്നിയത് ആദ്ധ്യാത്മികതയിൽ തന്റെ ജീവിതം സമർപ്പിക്കണമെന്നാണ്. പ്രാർത്ഥിക്കുക, ധ്യാനിക്കുക, നോമ്പ് അനുഷ്ഠിക്കുക തുടങ്ങിയ കാര്യങ്ങളിലാണ്. നമുക്ക് അതാതമായ ഒരു ശക്തി വിശേഷമുണ്ട്- ആ ശക്തി വിശേഷവുമായി നിരന്തരം ബന്ധപ്പെടുകയാണ് തിരുമേനി ചെയ്തത്. ആ ബന്ധത്തോടൊപ്പം അദ്ദേഹം ദൈവത്തിന്റെ സൃഷ്ടികളുടെ നേർക്കും വേർപെടുത്താനാവതല്ലാത്ത ബന്ധം സ്ഥാപിച്ചു. പരുമലത്തിരുമേനി തന്റെ ആത്മീയമായ ഉൾക്കാഴ്ചയിൽക്കൂടി പ്രകൃതിയുടെ സംതുലിതാവസ്ഥയെക്കുറിച്ച് മനസ്സിലാക്കി. അതാണ് ധ്യാനം. അദ്ദേഹം ശീലിച്ച ഉപവാസത്തിൽക്കൂടി ഭൗതികമായ ശോകങ്ങളിൽനിന്നും വിമുക്തി നേടി സനാതന ചൈതന്യവുമായി താദാത്മ്യം പ്രാപിച്ചു. ആദ്ധ്യാത്മികത എന്നാൽ നമുക്കേവർക്കും അതീതമായ സർവ്വചരാചരങ്ങളുടെയും സ്രഷ്ടാവായ അനാദ്യന്ത ശക്തിയുമായി സന്ധിചേരലാണ്. ഞാനറിയാതെ ആർക്കെങ്കിലും ആപത്തു സംഭവിച്ചാൽ അത് എനിക്ക് സംഭവിച്ചതാണെന്ന രീതിയിലുള്ള ഒരു സ്വഭാവം ആ ആദ്ധ്യാത്മികതയുടെ പ്രത്യേകതയായി കാണാം.

പരുമല തിരുമേനിയുടെ ആദ്ധ്യാത്മിക ജീവിതത്തിന്റെ അടിസ്ഥാനം ഇതാണ്. പരുമലതിരുമേനിയിൽ ആദ്ധ്യാത്മികതയുടെ ഊർജ്ജസ്വലമായ മറ്റൊരംശമായി ആവിഷ്കൃതമായത് കർമ്മരംഗത്തുള്ള ത്യാഗസുരഭിലമായ

പ്രവർത്തനങ്ങളാണ്. ഒന്നിനോടും ആസക്തി പുലർത്താതെ ദൈവനിശ്ചിതമായ കർമ്മങ്ങൾ നിസംഗതയോടെ തിരുമേനി ചെയ്തു. ഈശാ വാസ്യോപനിഷത്തിന്റെ ആരംഭത്തിൽ പറയുന്നത് ഈ നിസംഗത വേണമെന്നാണ്. മാനവരാശിക്കുവേി പരിഷ്ക്കരണ പ്രവണതകൾ ആവിഷ്ക്കരിച്ചുവെന്നതാണ് പരുമലതിരുമേനിയിൽ കാണുന്ന അടുത്ത പ്രത്യേകത. നല്ലതാവുക എന്നത് വളരെ അപകടകരമാണ്. നല്ലതിനുമാത്രമേ ദുരന്തങ്ങൾ സംഭവിക്കുകയുള്ളൂ. അത് ഒരുപക്ഷേ ദൈവത്തിന്റെ പരീക്ഷണമാകാം. ഇതിനെ അതിജീവിക്കുന്നതിന് പരുമല തിരുമേനി കാണിച്ച സഹനശക്തി ആ വ്യക്തിത്വത്തിന്റെ മഹനീയതയാണ്. അദ്ദേഹത്തിന്റെ ജീവിതം ദേഹവിയോഗത്തോടുകൂടി ആരംഭിക്കുകയാണ് ചെയ്യുന്നത് -ശക്തി തരുന്ന ഒരു ചൈതന്യമാണത്.

*(കടപ്പാട് : റജി പാറപ്പുറത്ത്)*

# പുസ്തക പ്രകാശനം




ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനത്തിന്റെ പ്രസിഡന്റ് ഡോ.യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്ത രചിച്ച 'ദൈവമാതാവ് : ഇതാ നിന്റെ അമ്മ' എന്ന ഗ്രന്ഥം സംവിധായകൻ ബ്ലസ്സി, അസ്സോസ്സിയേഷൻ സെക്രട്ടറി അഡ്വ.ബിജു ഉമ്മന് നൽകി പ്രകാശനം ചെയ്തു. ഡോ.സഖറിയാസ് മാർ അപ്രേം മെത്രാപ്പോലിത്ത, ഫാ.ഡോ.ജോൺ തോമസ് കരിങ്ങാട്ടിൽ, ഫാ.എം.സി.കുര്യാക്കോസ് എന്നിവർ സമീപം.





ഡോ. റോസി തമ്പി

# മുലപ്പാലിൽ കുതിർന്ന ഒരു ക്രിസ്തുമസ് രാത്രിയിൽ...

ക്രിസ്തുമസിനെക്കുറിച്ചാലോചിക്കുമ്പോൾ ഒരു ബാല്യകാല കുസൃതി ഓർമ്മ വരുന്നു. അലങ്കരിച്ച പുൽക്കൂട്ടിലെ വൈക്കോൽ മെത്തയിൽ അലങ്കരിച്ച വസ്ത്രത്തിൽ ഉണ്ണിയേശുവിനെ കിടത്തിയിരിക്കുന്നു. വളരെ കുഞ്ഞായിരുന്ന കാലത്താണ്. ഞാൻ പതുക്കെ പുൽക്കൂടിനരികിലെത്തുന്നു. ആരും കാണാതെ ഉണ്ണിയേശുവിന്റെ ഉടുപ്പുനീക്കി ഞാൻ നോക്കി. യേശു ആൺകുഞ്ഞോ പെൺകുഞ്ഞോ എന്ന നിഷ്ക്കളങ്കമായ ഒരു ജിജ്ഞാസ മാത്രമായിരുന്നു അത്. കുട്ടിക്കാലത്തിന്റെ കൗതുകം മാറിക്കഴിഞ്ഞിട്ടും എന്റെ ആകാംക്ഷ അസ്തമിച്ചിട്ടില്ല. അല്ലെങ്കിൽ എന്റെ ആഗ്രഹം തീർന്നില്ല. ഉണ്ണിയേശു എന്നെപ്പോലെ ഒരു പെൺകുഞ്ഞായി ജനിച്ചിരുന്നെങ്കിൽ...ഞാൻ രഹസ്യമായി വിശ്വാസപൂർവ്വം പ്രാർത്ഥിക്കുക കൂടി ചെയ്തിട്ടുണ്ട്.

ഞാനിപ്പോൾ അങ്ങനെയൊരു സാദ്ധ്യതയുടെ ചാരുത അന്വേഷിക്കുകയാണ്. യേശു ഒരു പെണ്ണായി പിറന്നിരുന്നെങ്കിൽ എന്ന സങ്കൽപ്പത്തെ ഞാനിപ്പോൾ പാലൂട്ടി വളർത്തുകയാണ്. പ്രത്യേകിച്ചും ഒരമ്മയാകുന്നതിലെ മധുര മുഹൂർത്തങ്ങൾ നിറഞ്ഞ ഈ ക്രിസ്തുമസ് കാലം എന്റെ സ്വപ്നങ്ങളിലും ചിന്തകളിലും മുലപ്പാലിന്റെ സ്നിഗ്ധ രുചികൾ നിറയ്ക്കുന്നു. നരച്ച ആകാശത്തിനു താഴെ ഡിസംബറിലെ മഞ്ഞ് ഒരു ഗർഭസ്ഥ ശിശുവിനെയെന്നോണം ഭൂമിയെ പുതപ്പിച്ചു കിടത്തുകയാണ്. ഒരേ സമയം ആകാശത്തിലും ഭൂമിയിലും നക്ഷത്രങ്ങൾ പൂക്കുന്ന ക്രിസ്തുമസ് രാത്രികൾ കടന്നു വരുകയാണ്. ക്രിസ്തുമസ് ദൈവവും മനുഷ്യനും തമ്മിലുള്ള ഒരു പുനർബാന്ധവത്തിന്റെ ഉജ്ജ്വല മുഹൂർത്തമാണ്. ആകാശവും ഭൂമിയും ചേർന്ന് പുൽക്കൂട്ടിലെ ഉണ്ണിയേശുവിന്റെ ഇളം ഉടലിൽ സമാധാനത്തിന്റെ കവിത രചിക്കുകയാണ്.□

പുൽക്കൂട്ടിൽ കിടന്ന് കൈകാലിട്ടടിക്കുന്ന ഉണ്ണിയേശു അമ്മയുടെ വാത്സല്യം നുകർന്ന് പാൽച്ചുണ്ടിൽ ചിരിച്ചു മറിയുന്നത് എനിക്കിപ്പോൾ കാണാം. ഒരു കുഞ്ഞിന് അമ്മയുടെ സന്നിധിയിലനുഭവപ്പെടുന്ന സുരക്ഷിത സുഖങ്ങളെന്തെന്ന്, സ്നേഹവായ്പുകളെന്തെന്ന് സാക്ഷാൽ ദൈവം അനുഭവിച്ചറിഞ്ഞത് പുൽക്കൂട്ടിൽ കിടന്നാണല്ലോ. ഒരു പ്രസവത്തിന്റെ കാത്തിരിപ്പും വേദനയും ലഹരിയും ആനന്ദമൂർച്ഛയും ക്രിസ്തുമസ്സിന്റെ പുൽക്കൂട്ടിലെ ഹൃദയതാളമാണ്.

> **ഓരോ സ്ത്രീയും തങ്ങളുടെ സ്വകാര്യ ഭാവനകളിലെങ്കിലും ദൈവത്തിന്റെ മാതൃ ഭാവത്തെ തേടിക്കൊണ്ടിരിക്കണം. സ്ത്രീകളുടേയു മാത്ര മായ ചേതോഹരമായ ദൈവാനുഭവമാണത്. ധീരമായ ഒരവകാശ ബോധവുമാണത്.**

പഴയനിയമത്തെ പുതിയ നിയമമാക്കുന്നത്, ശിക്ഷയെ രക്ഷയാക്കുന്നത് സ്ത്രീയുടെ സാന്നിദ്ധ്യം കൊണ്ടായിരുന്നില്ലേ? ഏദനിൽ, അമ്മയില്ലാത്ത ഏദനിൽ യഹോവയുടെ ഏകശാസനത്തിന്റെ ചാട്ട മൂളുന്ന ശബ്ദം മാത്രമായിരുന്നല്ലോ നാം കേട്ടത്. ഗർഭപാത്രത്തിലെ ജലതരംഗമെന്തെന്നറിയാതെ പിറന്ന ഹവ്വയുടെ മാതൃരാഹിത്യത്തിന്റെ ശൂന്യതയിലേക്കാണല്ലോ ആദ്യത്തെ പാപപ്രലോഭനം സർപ്പമായി ഇഴഞ്ഞെത്തിയത്. സർപ്പം അന്ന് ഒരമ്മയുടെ ശബ്ദത്തിലായിരുന്നിരിക്കണം ഹവ്വയോട് സംസാരിച്ചിരിക്കുക.

പഴയനിയമത്തിലെ ഒരു തെറ്റ് പുതിയ നിയമത്തിൽ ദൈവം തിരുത്തിയതാകുമോ? ലോകത്തിന്റെ പാപം പോക്കാൻ ദൈവം സ്വന്തം പുത്രനെ ഭൂമിയിലവതരിപ്പിച്ചപ്പോൾ അവൻ ഒരു സ്ത്രീയുടെ ഗർഭപാത്രത്തിൽ ഉരുവാകണമെന്നും അമ്മയുടെ താരാട്ടും മുലപ്പാലും വാത്സല്യവും നുകരണമെന്നും ദൈവമാഗ്രഹിച്ചിരിക്കണം. മറിയത്തിന്റെ സ്നിഗ്ദ്ധമായ മുലപ്പാൽ നുകർന്ന് പഴയ നിയമത്തിലെ ശിക്ഷകനായ ദൈവം പുതിയ നിയമത്തിലെ രക്ഷകനായി മാറുകയായിരുന്നു. തന്റെ കൺമുമ്പിൽ ഒരു നീതിമാനെപ്പോലും കാണാതായപ്പോൾ നാൽപ്പതു ദിവസത്തെ പ്രളയംകൊണ്ട് തന്റെ സൃഷ്ടികളെ മുഴുവൻ നശിക്കാൻ വിധിച്ച കോപിഷ്ഠനായ യഹോവയ്ക്കു പകരം തൊണ്ണൂറ്റിയൊമ്പത് നീതിമാന്മാരേയും വിട്ട് ഒരു പാപിയെത്തേടി പോകുകയും സ്നേഹംകൊണ്ടും ക്ഷമകൊണ്ടും സഹനംകൊണ്ടും പുതിയൊരു ആകാശവും ഭൂമിയും സൃഷ്ടിച്ച യേശുവിലേക്കുള്ള ഒരു മഹാപരിവർത്തനമായിട്ടാണ് ഞാൻ ക്രിസ്തുമസിനെ കാണുന്നത്. ഒരമ്മ ദൈവത്തെ പാലൂട്ടി വളർത്തിയതിലൂടെയാണ് ഈ മഹാപരിവർത്തനം സംഭവിച്ചതെന്ന് ഞാൻ കരുതുന്നു. യഹോവയുടെ മാറ്റമില്ലാത്ത കഠിന നിയമങ്ങൾ യേശുവിന്റെ ത്യാഗത്തിലും സ്നേഹത്തിലും ദ്രവിച്ചുപോകുന്നു. കണ്ണിനു പകരം കണ്ണിനെ ആവശ്യപ്പെട്ട ഒരു നിയമം, ഒരു കവിളത്തടിച്ചവന് മറ്റേ കവിളും കാണിച്ചു കൊടുക്കും വിധം സഹനക്ഷമമാകുന്നു. ഒരമ്മയുടെ സ്നേഹലാളനയനുഭവിക്കാനിടയായപ്പോൾ ദൈവം പോലും കരുണാമയനും വാത്സല്യമൂർത്തിയുമായെങ്കിൽ ദൈവംതന്നെ സ്ത്രൈണാ കാരത്തിൽ പിറന്നിരുന്നെങ്കിൽ ഈ ഭൂമി മുലപ്പാലിന്റെ സ്നേഹപ്രവാഹത്തിൽ ആർദ്ര മധുരമാകുമായിരുന്നു എന്നാണെന്റെ ചിന്തയിപ്പോൾ.

ദൈവത്തിന് ഒരു മാതൃഭാവം സങ്കൽപ്പിക്കുന്നതിൽ വലിയൊരു ആനന്ദമുണ്ട്. സ്ത്രൈണഭാവനയുടെ ഒരു സർഗ്ഗാത്മക കലാപമായിട്ടെങ്കിലും അതിനെ കാണണം. സ്ത്രീയ്ക്കു കൂടി ഇടമുള്ള ഒരു ദൈവശാസ്ത്രം പ്രതിസംസ്കൃതിയാണ്. വ്യവസ്ഥാപിത മതങ്ങളുടെ പ്രകൃതിവിരുദ്ധവും പുരുഷാധിപത്യപരവും ഒരു രീതിയിൽ ഹിംസാത്മകവുമായ ദൈവശാസ്ത്രത്തെ ആഴത്തിൽ വിമർശിച്ചുകൊണ്ടുതന്നെ അവയുടെ മിത്തുകളേയും പ്രതീകങ്ങളേയും ഒരു പെൺബോധത്തിൽ വായിക്കുവാനും നാം ശീലിക്കണം. പൗരോഹിത്യത്തിന്റെ പിതൃശാസനാധിഷ്ഠമായ മതങ്ങൾക്കുള്ളിൽ തന്നെ മാതൃ വാത്സല്യക്രമത്തിൽ ബോധ്യങ്ങളുള്ള ഒരു ധാരയും നിലനിൽക്കുന്നുണ്ട്. ഓരോ മതത്തിന്റേയും സ്ത്രൈണാവബോധത്തിന്റെ നീരൊഴുക്കുകൾ കത്തിക്കൊണ്ട് പുതിയൊരു ആധ്യാത്മിക ശാസ്ത്രം തന്നെ രൂപപ്പെടേണ്ടതുണ്ട്. പുതിയൊരു അവബോധത്തിന്റെ കാര്യമാണിത്. സ്ത്രൈണ ആത്മീയതയുടെ പുതിയ ഭാവനയിൽ ബൈബിളിനും ഒരു പുനർവായന നടക്കണം. ദൈവത്തിന് സ്ത്രൈണഭാവം കണ്ടെത്തുന്നതിന്റെ വലിയൊരു ആഹ്ലാദമതിലുണ്ട്.

ഓരോ സ്ത്രീയും തങ്ങളുടെ സ്വകാര്യ ഭാവനകളിലെങ്കിലും ദൈവത്തിന്റെ മാതൃഭാവത്തെ തേടിക്കൊണ്ടിരിക്കണം. സ്ത്രീകളുടേയു മാത്രമായ ചേതോഹരമായ ദൈവാനുഭവമാണത്. ധീരമായ ഒരവകാശബോധവുമാണത്.

യേശു തന്റെ ആത്മബോധം വ്യക്തമാക്കാൻ ഉപയോഗിച്ച പ്രതീകങ്ങൾ നോക്കുക. അവയെല്ലാം സ്ത്രൈണഭാവം മുറ്റിനിൽക്കുന്നവയാണ്.

ഉറവ - കിണർ - ജലം

വേര് - തായ്തണ്ട് - ജീവജലം

കിണർ ഉറവയെയും, തായ്തണ്ട് വേരിനേയും അനുഭവിച്ചറിയുന്നതുപോലെ യേശു ദൈവ

ത്തിന്റെ മാതൃഭാവം നുകരുന്ന അനുഭവം ബൈബിളിന്റെ സവിശേഷമായ സ്ത്രൈണാനുഭൂതികളിലൊന്നാണ്. ഒരു ശിശുവിന്റെ പൊക്കിൾക്കൊടിയിലൂടെ ഗർഭപാത്രത്തോടുള്ള ബന്ധമാണ്. മാതൃഭാവത്തിന്റെ ജീവൻ. കിണറിന്റെ ഗർഭപാത്രമാണ് ഉറവ. തായ്തണ്ടിന്റേയും അതിനോടു ചേർന്ന ശാഖകളുടേയും ഗർഭപാത്രമാണ് വേരുകൾ. മാതൃഭാവത്തിന്റെ ഈ പ്രാഗ്പ്രതീകങ്ങളിലൂടെ യേശു വ്യക്തമാക്കുന്നത് തനിക്ക് പിതാവിനോടുള്ള അടുപ്പം കുഞ്ഞിന് അമ്മയോടുള്ള അടുപ്പം പോലെയെന്നാണ്. ഞാൻ ദൈവത്തിൽനിന്നും ജനിക്കുന്നു. പുറപ്പെട്ടു വരുന്നു. ജീവൻ വലിച്ചെടുത്തു വളരുന്നു. ഇതാണ് യേശു സ്വയം അവതരിപ്പിക്കുന്ന രീതി. യേശുവും ദൈവവും തമ്മിലുള്ള ബന്ധത്തിൽ യേശു ദൈവത്തിൽ ചേർന്നിരിക്കുന്നത് അമ്മയുടെ വാത്സല്യം നുകരുന്ന ഒരു കുഞ്ഞിനെപ്പോലെയാണ്.

പുൽക്കൂട്ടിൽ കൈകാലിട്ടടിക്കുന്ന ഉണ്ണിയേശുവിൽ മാത്രമല്ല ഈ ഭാവം പീഢാസഹനങ്ങളിൽ പുളയുമ്പോഴും അപമാനിതനും നിന്ദിതനും തിരസ്കൃതനുമാകുമ്പോഴും ഒരമ്മയുടെ അരികിലേയ്ക്കെന്നപോലെ യേശു ദൈവത്തിലേക്ക് സ്നേഹം ദാഹിച്ച് ദാഹിച്ച് ഓടിയെത്തുന്ന രംഗങ്ങൾ ബൈബിളിലെ ഹൃദയസ്പർശിയായ അനുഭവമേഖലയാണ്. ദൈവം ഒരമ്മയെപ്പോലെ ചേർത്തുപിടിച്ച് യേശുവിനെ ആശ്വസിപ്പിക്കുന്നുമുണ്ട്. കന്യാമറിയം പഴയനിയമത്തിൽ തന്നെ വാത്സല്യനിധിയായ ഒരമ്മയുടെ രൂപവും ഭാവവും യഹോവയിൽ ആരോപിക്കുന്നുണ്ട്. കഴുകന്റെ നിഴൽ കണ്ട് പേടിച്ചരണ്ട കുഞ്ഞുങ്ങളെ ചിറകിൻകീഴിൽ ഒതുക്കി നിർത്തുന്ന തള്ളക്കോഴിയെപ്പോലെ യഹോവയുടെ സംരക്ഷണഭാവം അവതരിപ്പിക്കുന്നു. ദൈവത്തിന്റെ സഹനക്ഷമമായ മാതൃവാത്സല്യത്തിന്റെ പ്രതീകമായിട്ടാണല്ലോ തള്ളക്കോഴിയുടെ ഈ ദൃഷ്ടാന്തം. ദൈവത്തെ പുരുഷനായി മാത്രം ചിത്രീകരിക്കുന്നതിൽ എന്തോ വൈകല്യമുണ്ടെന്ന് ബൈബിൾ തന്നെ സന്ദേഹിക്കുന്നതുകൊണ്ടായിരിക്കണം സ്ത്രൈണ വികാരങ്ങൾ യഹോവയിൽ പ്രത്യക്ഷപ്പെടുന്നതെന്ന് വിചാരിക്കാം. യഹോവ ഇസ്രായേലിനെ ജനിപ്പിച്ചു. മുലയൂട്ടി, കുളിപ്പിച്ചു, കൈപിടിച്ചു നടത്തി എന്നും മറ്റുമുള്ള പ്രസ്താവനകൾ പ്രവാചകരുടെ പുസ്തകത്തിൽ ധാരാളമായി കാണാം.

ഇനി വീണ്ടും നമുക്ക് പുൽക്കൂട്ടിൽ ഉണ്ണി യേശുവിനെ മുലയൂട്ടുന്ന കന്യാമറിയത്തിലേക്ക് തിരിച്ചുവരാം. യേശുമറിയത്തിന്റെ ഹൃദയത്തിലൂടെ കടന്നുപോയ വാളാണ്. ക്രിസ്തുവിന്റെ പീഢാസഹനങ്ങളും കുരിശുമരണവും ഇത്രമാത്രം ഹൃദയഭേദകമാകുന്നത് മറിയത്തിന്റെ നിശബ്ദസഹനങ്ങൾ അതോടൊപ്പമുണ്ടായതുകൊണ്ടാണെന്ന് ഞാൻ വിചാരിക്കുന്നു. യേശു ചുമന്നതിനേക്കാൾ വലിയ കുരിശ് ആ അമ്മമനസ്സിൽ ചുമന്നിരുന്നു. സ്ത്രീ ജന്മത്തിലെ ഏറ്റവും വിലപ്പെട്ട ഭാഗ്യം ഒരു രക്തസാക്ഷിയുടെ അമ്മയായിരിക്കുക എന്നതാണെന്ന് ഹെർമ്മൻ ഹെസ്സെ പറയുന്നത് മറിയത്തെ സ്മരിച്ചുകൊണ്ടാണ്. രക്തസാക്ഷിയേക്കാൾ പീഢാകരമാണ് രക്തസാക്ഷിയുടെ അമ്മയുടെ സഹനജീവിതം എന്ന് മറിയം നിശബ്ദമായി പ്രഖ്യാപിക്കുകയായിരുന്നു. ദൈവത്തെ മുലയൂട്ടാൻ സ്വന്തം മാർത്തട്ടും അവന്റെ ജഡം ഇറക്കിക്കിടത്താൻ സ്വന്തം മടിത്തട്ടും നൽകിക്കൊണ്ട് സ്വന്തം ആത്മശരീരങ്ങളെ മറിയം ദൈവത്തോടൊപ്പം പ്രബലമാക്കി. കന്യാമറിയത്തിന്റെ വ്യാകുല ഹൃദയത്തിലാണ് യേശുവിന്റെ ജീവിതം സമ്പൂർണ്ണമായി സാക്ഷാത്ക്കരിക്കപ്പെട്ടത്.

യേശുവിന്റെ പീഢാസഹനവേളയിൽ, കുരിശിന്റെ വഴിയിൽ വഴിക്കണ്ണുപോലെ പിന്തുടർന്ന സ്ത്രീകളേറെയുണ്ട്. ഒരർത്ഥത്തിൽ അസാധാരണമായ സ്ത്രീ സാന്നിദ്ധ്യവും അവരുടെ നിർഭയത്വവുമാണ് കുരിശിന്റെ വഴിയിലെ ഏറ്റവും ശ്രദ്ധേയമായ വശം.



യേശുവിന്റെ സഹനത്തിലും മരണത്തിലും ഉത്ഥാനത്തിലും അദ്ദേഹത്തെ എരിയുന്ന തീക്ഷ്ണതയോടെ അനുഗമിക്കയും ധീരമായി സ്നേഹിക്കയും ചെയ്ത ആ സ്ത്രീകൾക്കൊപ്പമാണ് ഞാൻ. മാർത്ത, മറിയം, വെറോനിക്ക, സമരിയാക്കാരി, ജറുസലേമിലെ വീട്ടമ്മമാർ, രക്തസ്രാവക്കാരി, പിശാചു ബാധിച്ച സ്ത്രീ, അനേകം വിധവകൾ...വിലാപ വസ്ത്രമണിഞ്ഞ ഈ സ്ത്രീകളാണ് പുരുഷന്മാരായ ശിഷ്യന്മാരേക്കാൾ യേശുവിന്റെ ജീവിതം യഥാർത്ഥത്തിൽ അറിഞ്ഞതും ഏറ്റുവാങ്ങിയതും.

ബൈബിളിനകത്തെ പ്രബുദ്ധമായ സ്ത്രീ ചേതനയുടെ നിർണ്ണായക പരിസരം തിരിച്ചറിയുക എന്നത് വളരെ പ്രധാനമാണ്. ഈ സവിശേഷമായ അറിവ് ദൈവശാസ്ത്രത്തിലുള്ള നമ്മുടെ പരമ്പരാഗത പാരായണ രീതികളെ പുന:പരിശോധിക്കുവാൻ നമ്മെ നിർബ്ബന്ധിക്കും. സ്ത്രീപക്ഷത്തു നിന്നുകൊണ്ട് ഒരു ദൈവശാസ്ത്രപഠനം അനിവാര്യമാക്കും.

അമ്മ എന്ന സങ്കൽപ്പത്തിന്റെ ആത്മീയ സമഗ്രതയെപ്പറ്റി എഴുത്തുകാരിയും സ്ത്രീവാദിയുമായ വിശ്വപ്രിയ അയ്യങ്കാർ നടത്തിയ നടത്തിയ ചില നിരീക്ഷണങ്ങളോർമ്മ വരുന്നു. നമ്മുടെ അമ്മമാരുടെ അനുഭവങ്ങളിൽ നിന്നുമാണ് നാം തത്ത്വശാസ്ത്രത്തെക്കുറിച്ച് പഠിക്കേണ്ടത്. അമ്മയുടെ പഴഞ്ചൊല്ലുകളിൽ നിന്ന് നാം നമ്മുടെ യുക്തിബോധം രൂപപ്പെടുത്തണം. ഏതുമുറിവും സുഖപ്പെടുത്തുന്ന അമ്മയുടെ പരിചരണശേഷിയിൽ നിന്നാകണം നമ്മുടെ ശാസ്ത്രബോധം കൂടുതൽ മൂർച്ചനേടേണ്ടത്. ഒരു സംസ്ക്കാരത്തിന്റേയും ഭാഷയുടെയും സത്ത നാം ചെവിക്കൊള്ളേണ്ടത് അമ്മയുടെ താരാട്ടിൽ നിന്നായിരിക്കണം. ഒരു സമൂഹത്തിന്റെ വികാസ പരിണാമങ്ങളുടെ ചരിത്രവും ജ്ഞാനവുമാണ് മാതൃത്വം. മനുഷ്യമനസ്സിന്റെ പരിണാമഘട്ടങ്ങളെക്കുറിച്ച് മനസ്സിലാക്കാൻ നാം അനിവാര്യമായും പഠിച്ചിരിക്കേണ്ടത് മാതൃത്വത്തിന്റെ ചരിത്രമാണ്.

മുലപ്പാലിൽ കുതിർന്നലിഞ്ഞ ക്രിസ്തുമസ്സിന്റെ മഞ്ഞുകാല രാത്രികളിലൊന്നിൽ, ഒരു മാസം പ്രായമായ എന്റെ പെൺകുഞ്ഞിനൊപ്പം (അവളെ ഞങ്ങൾ സ്വാതിലേഖ എന്നാണ് വിളിക്കുന്നത്) ഉറങ്ങി ഉണരുമ്പോൾ പുൽക്കൂട്ടിലെ ഉണ്ണിയേശുവിനെ ഇങ്ങനെയൊക്കെ അനുഭവിച്ചു പോകുകയാണ്. ക്രിസ്തുമസ് എനിക്കുതോന്നുന്നു, അത് അമ്മമാരുടെ ഉത്സവമാണ്.

•

# തീ വിഴുങ്ങിപ്പക്ഷികൾ




ശിഹാബുദ്ദീൻ
പൊയ്ത്തുംകടവ്

രഹസ്യത്തിൽ ഒളിച്ചും
പരസ്യത്തിൽ തെളിഞ്ഞും
നിങ്ങൾ എറിഞ്ഞാസ്വദിക്കുന്ന
കഥ കൊണ്ടുണ്ടാക്കിയ ആ കല്ലുകൾ
കനലായി തിരിച്ചു വരും
നിങ്ങളെത്തേടി
മറ്റാരെയും പിറകിൽ തിരയേ
അതെ,
നിങ്ങളെത്തേടിത്തന്നെ!

തീ വിഴുങ്ങിപ്പക്ഷികൾ
മഴയായി പെയ്യിക്കും
മരവിച്ചാസ്വദിച്ച എല്ലാറ്റിലും
എറിഞ്ഞതൊക്കെ
നിങ്ങളെത്തന്നെയായിരുന്നുവെന്ന്
അവ പറയും



# സത്യവിശ്വാസ പാതയിൽ




റവ.ഫാ. ഡോ. മാത്യൂ വൈദ്യൻ
കോർ എപ്പിസ്കോപ്പാ


മനുഷ്യന്റെ പ്രഥമവും പ്രധാനവുമായ കടമ സൃഷ്ടാവാം ദൈവത്തെ ആരാധിക്കുക എന്ന താണ്. ശരിയായ ആരാധന നിർവ്വഹിക്കുന്ന സഭയും സത്യവിശ്വാസം പുലർത്തുന്ന സഭയു മാണ് ഓർത്തഡോക്സ് സഭ.

'ഓർത്തോസ് ' എന്ന ഗ്രീക്ക് പദത്തിന് 'ശരിയാ യത് '(The right one) എന്നർത്ഥം. 'ഡോക്സോ' എന്നാൽ 'സ്തുതിപ്പ് ' (glorification). ഏറ്റവും പുരാതനമായത്, വേദവിപരീതങ്ങളെ തള്ളിക ളഞ്ഞ് എന്ന അർത്ഥങ്ങളിലും ഓർത്തഡോക്സ് എന്ന പദം ഉപയോഗിക്കുന്നു.

എ.ഡി. 325 ലെ നിഖ്യാ, എ.ഡി. 381 ലെ കോൺസ്റ്റാന്റിനോപ്പിൾ, എ.ഡി. 431 ലെ എഫേ സോസ് സുന്നഹദോസുകളിൽ ക്രോഡീകരി ക്കപ്പെട്ട വിശ്വാസ സത്യങ്ങൾ ഓർത്തഡോക്സ് സഭ ഏറ്റുപറയുകയും പാലിക്കുകയും ചെയ്യു ന്നു. ഏകവും വിശുദ്ധവും കാതോലികവും അപ്പോസ്തോലികവുമാണ് ഓർത്തഡോക്സ് സഭകൾ.

ക്രിസ്തുവിന്റെ ശരീരമായ സഭ ഏകപ്രത്യാശ യോടെ ജീവിക്കുന്നതിനാലും ദൃശ്യവും അദൃശ്യ വുമായ ഭാഗങ്ങളുള്ള സഭാ കൂട്ടായ്മയുടെ ഏക ത്വത്തിൽ വിശ്വസിക്കുന്നതിനാലും സഭ ഏകമാ ണ് (എഫേ.4:4-6). ദൈവമഹത്വത്തിനായി വേർ തിരിക്കപ്പെട്ടിരിക്കുന്നതിനാൽ സഭ വിശുദ്ധ മാണ്. വിശുദ്ധം എന്നു പരിഭാഷപ്പെടുത്തുന്ന 'ഹഗിയോസ് 'എന്ന ഗ്രീക്ക് വാക്കിന് വേർ തിരിക്കപ്പെട്ടത് (that which is set apart) എന്ന ർത്ഥം. പരിശുദ്ധാത്മാവ് സഭയിൽ വസിച്ച് സഭയെ നടത്തുന്നതുകൊണ്ടും സഭ വിശുദ്ധ മാണ്.

മനുഷ്യരക്ഷയ്ക്ക് ആവശ്യമുള്ള മുഴുവൻ സംവി ധാനങ്ങളും സഭയിൽ ഉള്ളതുകൊണ്ട് സഭ കാതോലികമാണ്. കത്, ഹോളിക്കോസ് എന്ന ഗ്രീക്കു പദങ്ങൾ ചേർന്ന് 'കാതോലികം' എന്ന വാക്കിന് എല്ലാം ഉൾകൊള്ളുന്നത് (that which applies to the whole) അഥവാ വിശ്വാസത്തിന്റെ പൂർണ്ണതയുള്ള സഭ എന്നാണർത്ഥം.

അപ്പോസ്തോലന്മാർക്കു ലഭിച്ച പാപമോചനാ ധികാരം ഉൾകൊള്ളുന്നതും അപ്പോസ്തോലിക പിന്തുടർച്ചയുള്ളതും അപ്പോസ്തോലിക കൈ വെയ്പ് നിലനിർത്തുന്നതും അപ്പോസ്തോല ന്മാർ നിർവഹിച്ച പ്രേക്ഷിത ദൗത്യം നിർവഹി

ക്കുന്നതും അപ്പോസ്തോലിക വിശ്വാസം കാത്തുസൂക്ഷിക്കുന്ന സഭയായതിനാൽ ഓർത്തഡോക്സ് സഭകൾ അപ്പോസ്തോലിക സഭകളുമാണ്.□

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേക ദൈവത്തിൽ സഭ വിശ്വസിക്കുന്നു. മനുഷ്യാവതാരം ചെയ്ത ക്രിസ്തുവിലും ക്രിസ്തു സ്ഥാപിച്ച സഭയിലും സഭയ്ക്കുവേണ്ടി ക്രിസ്തു ചെയ്ത ക്രമീകരണങ്ങളിലും വിശ്വസിക്കുന്നു. ക്രിസ്തു പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനുമാണെന്ന് വിശ്വസിക്കുന്നു. ക്രിസ്തു അപ്പോസ്തോലന്മാരിലൂടെ കൈമാറിത്തന്ന പാപമോചനാധികാരത്തിൽ വിശ്വസിക്കുന്നു. (യോഹ.20:23)

റോമൻ പോപ്പിന്റെ പരമാധികാരം, അപ്രമാദിത്വം, കന്യാമറിയാമിന്റെ അമലോത്ഭവവാദം, ഫിലിയോക്വെ അഥവാ പരിശുദ്ധാത്മാവ് പുത്രനിൽ നിന്നും പുറപ്പെടുന്നു എന്ന പഠിപ്പിക്കൽ, മരണാനന്തരം ആത്മാക്കൾക്ക് ശുദ്ധീകരണ സ്ഥലം എന്ന പഠിപ്പിക്കൽ, ജന്മപാപം ഇവയൊന്നും ഓർത്തഡോക്സ് സഭകൾ അംഗീകരിക്കുന്നില്ല. ആദാമ്യപാപത്തിൽ (inherited sin) സഭ വിശ്വസിക്കുന്നുണ്ട്.

> **വി. മാമോദീസായിൽ കൂടി സഭയിലെ അംഗമായി തീർന്ന് വിശുദ്ധ കുർബ്ബാന അനുഭവിച്ച് ക്രിസ്തുവുമായുള്ള ഐക്യം കാത്തുസൂക്ഷിച്ച് നന്മയിലും വിശുദ്ധിയിലും ആരാധനയിലും വളരുന്നവരാണ് സഭാംഗങ്ങൾ.**

വിശ്വാസത്തിന്റെയും സഭാജീവിതത്തിന്റെയും ഉരകല്ല് വേദപുസ്തകമാണ്. എന്നാൽ പാരമ്പര്യങ്ങളെ അവഗണിച്ചുകൊണ്ടുള്ള 'വേദപുസ്തകം മാത്രം' (sola scriptura) സിദ്ധാന്തം സഭ സ്വീകരിക്കുന്നില്ല. അതാതു രാജ്യങ്ങളിലെ ദേശീയ സംസ്ക്കാരങ്ങൾ ഉൾകൊള്ളുന്ന ഓർത്തഡോക്സ് സഭകൾ ദേശീയ സഭകളാണ്. പ്രാദേശികമായ പൂർണ്ണ ഉൾഭരണ സ്വാതന്ത്ര്യവും (autonomy) സ്വയം ശീർഷകത്വവും (Autocephaly) ഓർത്തഡോക്സ് സഭകൾക്കുണ്ട്. സഭാഘടനയിലെ അപ്പോസ്തോലന്മാരുടെ കൂട്ടുത്തരവാദിത്വത്തിലും (collegiality) സഭ വിശ്വസിക്കുന്ന സമന്മാരിൽ മുമ്പനായി വി. പത്രോസ് ശ്ലീഹായെ കാണുന്നതുകൊണ്ട് സഭാഘടന പിരമിഡിക്കൽ സംവിധാനമല്ല.

ഈ ലോകം വിട്ടുപോയവരും ജീവിച്ചിരിക്കുന്നവരും ഒന്നുചേർന്ന് ദൈവസംസർഗ്ഗത്തിലധിഷ്ഠിതമായ കൂട്ടായ്മയിൽ ജീവിക്കുന്ന ഒരു രഹസ്യാത്മക യാഥാർത്ഥ്യമായി വി. സഭയെ ഓർത്തഡോക്സ് ക്രിസ്തീയ പാരമ്പര്യം ദർശിക്കുന്നു. ശരീരം വിട്ടുപോയവർ ജീവിക്കുന്നു 1 പത്രോ.4:6), ദൈവത്തെ പ്രസാദിപ്പിക്കുന്നു (2 കൊരി.5:8,9), സംസാരിക്കുന്നു (ലൂക്കോ.9:30,31), രാപ്പകൽ ദൈവത്തെ ആരാധിക്കുന്നു (വെളി.7:15) എന്നീ വചനസത്യങ്ങൾ സഭ മുറുകെപ്പിടിക്കുന്നു. ദൈവം ജീവനുള്ളവരോടും മരിച്ചവരോടും ദയയുള്ളവനാകയാൽ (രൂത്ത്. 2:20) വാങ്ങിപ്പോയവർക്കുവേണ്ടി സഭ പ്രാർത്ഥിക്കുന്നു.

ക്രിസ്തു ദൈവം ആകയാൽ ക്രിസ്തുവിന്റെ ശരീരമാകുന്ന സഭ രഹസ്യാത്മകമാണ്. അതിനാൽ ഓർത്തഡോക്സ് സഭാ പരാമ്പര്യത്തിൽ 'ക്രിസ്തുവിന്റെ രഹസ്യാത്മക ശരീരം' (The Mystical Body of Christ) എന്ന് സഭയ്ക്ക് നിർവചനം നൽകപ്പെടുന്നു. അത്യന്തികമായി ക്രിസ്തുവുമായി ഐക്യപ്പെടുക എന്നതാണ് സഭാംഗത്തിന്റെ ധർമ്മം. അനിനിർവ്വചനീയവും രഹസ്യാത്മകവുമാണ് ഈ ഐക്യം.

വി.മാമോദീസായിൽ കൂടി സഭയിലെ അംഗമായി തീർന്ന് വിശുദ്ധ കുർബ്ബാന അനുഭവിച്ച് ക്രിസ്തുവുമായുള്ള ഐക്യം കാത്തുസൂക്ഷിച്ച് നന്മയിലും വിശുദ്ധിയിലും ആരാധനയിലും വളരുന്നവരാണ് സഭാംഗങ്ങൾ. ഏക മദ്ധ്യസ്ഥനായ ക്രിസ്തുവിന്റെ മഹത്വവും അതുല്യതയും തുച്ഛീകരിക്കാതെ തന്നെ ജീവനോടിരിക്കുന്ന വിശ്വാസികൾ അന്യോന്യം പ്രാർത്ഥന യാചിക്കുന്നതുപോലെ ഈ ലോകം വിട്ടുപോയ വിശുദ്ധരോട് പ്രാർത്ഥന യാചിക്കുകയും അന്യോന്യം പ്രാർത്ഥന ഓർക്കുകയും ചെയ്യുന്ന പാരമ്പര്യം ഓർത്തഡോക്സ് സഭയിലുണ്ട്.

ആദിമസഭയിൽ നിലവിലിരുന്ന അർത്ഥപൂർണ്ണമായ ആചാരരീതികൾ സഭ പിന്തുടരുന്നു. നോമ്പ്, ഉപവാസം, യാമപ്രാർത്ഥനകൾ ഇവ അനുഷ്ഠിക്കുക, ദീപങ്ങൾ കത്തിച്ച് പ്രാർത്ഥിക്കുക, കിഴക്കോട്ട് തിരിഞ്ഞ് പ്രാർത്ഥിക്കുക, വിശുദ്ധരുടേയും രക്തസാക്ഷികളുടേയും ഭൗതീകാവശിഷ്ടങ്ങൾ ബഹുമാനിച്ച് വണങ്ങുക, ഒരു വിശുദ്ധന്റെ ചരമദിനം പെരുന്നാളായി ആചരിക്കുക. കുരിശ്, ഐക്കൺ തുടങ്ങിയ പ്രതീകങ്ങളും ചിഹ്നങ്ങളും ഉപയോ



ഗിക്കുക, കുരിശ് വരയ്ക്കുക, നേർച്ചകാഴ്ച്ചകൾ സമർപ്പിക്കുക തുടങ്ങിയവ ഉദാഹരണം.

മേൽപട്ടക്കാരൻ, പട്ടക്കാരൻ, ശെമ്മശ്ശൻ എന്നിങ്ങനെ ത്രിവിധ സ്ഥാനികൾ സഭയിലുണ്ട്. പുരോഹിതന്റെ മുമ്പാകെയുള്ള കുമ്പസാരവും പിഴകൾക്ക് പ്രായശ്ചിത്തവും ഓർത്തഡോക്സ് സഭകൾ നിഷ്കർഷിക്കുന്നു. വിശ്വാസബോധനം ചെറുപ്രായത്തിൽ തന്നെ കുട്ടികൾക്ക് നൽകണമെന്നും പഠിപ്പിക്കുന്നു.

ദൈവത്തിന്റെ രക്ഷാകരമായ ശക്തിയും കൃപയും മനുഷ്യരിൽ നിഗൂഢമായി പ്രവർത്തിക്കുന്ന വിശുദ്ധ കർമ്മങ്ങളായിട്ടാണ് സഭയുടെ കൂദാശകളെ ഓർത്തഡോക്സ് പാരമ്പര്യം ദർശിക്കുന്നത്. മാമോദീസാ, മൂറോൻ, കുർബ്ബാന, കുമ്പസാരം, പട്ടത്വം, വിവാഹം, രോഗികളുടെ തൈലാഭിഷേകം എന്നീ കൂദാശകൾ സഭയ്ക്കുണ്ട്. ഏഴ് എന്ന എണ്ണത്തിൽ കൂദാശകൾ പരിമിതപ്പെടുത്താറില്ല. നിർവ്വചനാതീതമായ രീതിയിൽ ആത്മീയ കൃപകൾ ബാഹ്യവും വസ്തുമയവുമായ മുഖാന്തിരങ്ങളിൽ കൂടി വിശ്വാസിക്ക് അനുഭവമാകുന്നു. "നിങ്ങൾ ഇപ്രകാരം ചെയ്യുവീൻ" എന്ന കർത്താവിന്റെ കല്പന ആരാധനയുടെ മകുടമായ വിശുദ്ധ കുർബ്ബാനയിലൂടെ അനുസ്യൂതം തുടരണമെന്നും സഭ പഠിപ്പിക്കുന്നു.

ദൈവരാജ്യത്തിന്റെ അനുഭവത്തിലേക്ക് മനുഷ്യരെ ആനയിക്കുവാൻ സാമൂഹികവും ഘടനാപരവുമായ തിന്മകളോട് പോരാടുക, വിശുദ്ധിയിലും നന്മയിലും വളർന്ന് ദൈവീകരണം പ്രാപിക്കുക എന്നിവയും സഭയുടെ ധർമ്മമായി കരുതുന്നു.



**ഫാ. ഡോ. ജോൺ തോമസ്
കരിങ്ങാട്ടിൽ**



# വിശുദ്ധിയുടെ കയ്യൊപ്പ്

ഹൃദയം നിറഞ്ഞ ഭക്തിയോടെ ചെയ്യുന്ന പ്രാർത്ഥന ദൈവം കൈക്കൊൾകയും ഒരു അനുഗ്രഹരൂപമായി അത് നമുക്ക് തിരികെ ലഭിക്കുകയും ചെയ്യും. സമ സൃഷ്ടാങ്ങളെ ആരു നല്ലവണ്ണം സ്നേഹിക്കുന്നവോ അവനത്രേ ഉത്തമനായ ദൈവഭക്തർ (പരുമല തിരുമേനി 1895-ലെ പരുമല പ്രസംഗം)

ഇതാ, പ്രതിഭാ ശാലിയായ ഒരു പരിശുദ്ധൻ, വാസ്തവമായും വിശുദ്ധിയണിഞ്ഞ ഒരു ദൈവ മനുഷ്യൻ, ഒരു യഥാർത്ഥ ആത്മീയ വൈദ്യൻ, ഒരു പരിശുദ്ധനായി എന്നും ലോകം എങ്ങും, വണങ്ങപ്പെടേണ്ട മഹാജ്ഞാനി- പരുമല തിരുമേനി (ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്)

ചിന്തോദീപകങ്ങളും ദൈവസ്നേഹ പ്രചോദിതങ്ങളുമായ അനവധി കത്തുകളിലൂടെ കല്പനകളിലൂടെ ഒരു കാലഘട്ടത്തിന്റെ ചരിത്രത്തെ ആവഹിച്ച സ്വർഗ്ഗധനനായിരുന്നു പരുമല തിരുമേനി. എല്ലാ കല്പനകളിലും ഒരു ആത്മീയ ഗുരുവിന്റെ ശാന്ത മനോഹരമായ സ്വരം മുഴങ്ങുന്നു (ഡോ. സാമുവേൽ ചന്ദനപള്ളി-1980).

മലങ്കരയിലെ മഹാഗുരുവും പ്രതിഭാശാലിയും വിശുദ്ധനുമായ പരുമല മാർ ഗ്രീഗോറിയോസ് മെത്രപ്പോലീത്തായുടെ (1848-1902) സാമൂഹികവും ആദ്ധ്യാത്മീകവുമായ കാഴ്ചപ്പാടുകൾ വെളിപ്പെടുത്തുന്ന ഉദാത്ത രചനകളാണ് അദ്ദേഹത്തിന്റെ എഴുത്തുകൾ. പരുമല തിരുമേനിയുടെ കല്പനകൾ, ഡയറിക്കുറിപ്പുകൾ, സ്വകാര്യ ലേഖനങ്ങൾ ഇടയ ലേഖനങ്ങൾ, പ്രഭാഷണക്കുറിപ്പുകൾ എല്ലാം എഴുത്തുകളിൽ ഉൾപ്പെടും.

ദീർഘമായ നിരവധി കല്പനകൾ പരുമല തിരുമേനി എഴുതിയിട്ടുണ്ട്. വിശ്വാസപരമായ പ്രബോധനങ്ങൾക്കും ആദ്ധ്യാത്മിക നവോത്ഥാനത്തിനുമുള്ള മാർഗ്ഗരേഖകളാണിതിൽ പ്രതിഫലിക്കുന്നത്. ദീർഘമായ കല്പനകളുടെ സംഗ്രഹങ്ങളും കല്പനകൾ അയച്ചതിന്റെ വിവരങ്ങളും പ്രത്യേക ഡയറിയിൽ എഴുതിയിരുന്നു. ഇത് കല്പനകളുടെ നമ്പർ ബുക്ക് എന്ന് അറിയപ്പെടുന്നു. ഇത്തരം എഴുത്തുകൾ സമാഹരിച്ച് പവിത്ര രചനകൾ എന്ന പേരിൽ 1980 ൽ പ്രസിദ്ധീകരിച്ചത് ഡോ. സാമുവേൽ ചന്ദനപള്ളിയാണ്. പിന്നീട് വന്ന ഗവേഷകർവിവിധ സ്ഥലങ്ങളിൽ നിന്നും നിരവധി ഡയറിക്കുറിപ്പുകളും കല്പനകളും ഭാഗീകമായി സമാഹരിച്ചിട്ടുണ്ട്.

മലയാളഗദ്യത്തിന്റെ വികാസ പരിണാമങ്ങളും കേരളത്തിലെ സാമൂഹിക - മതജീവിതത്തിന്റെ പ്രത്യേകതകളും അന്വേഷിക്കുമ്പോൾ പരുമല മാർ ഗ്രീഗോറിയോസിന്റെ കത്തുകൾ മുഖ്യ രേഖകളായിത്തീരുന്നു. 19-ാം നൂറ്റാണ്ടിന്റെ അന്ത്യദശകങ്ങളിൽ സാമൂഹിക- ആദ്ധ്യത്മിക രംഗത്തുണ്ടായ വിവിധ സംഭവങ്ങൾ പരുമല തിരുമേനിയുടെ കത്തുകളിൽ വ്യക്തമാകുന്നു. എഴുത്തുകളിലെ വാക്യഘടന ചിലപ്പോൾ സങ്കീർണ്ണമാണ്. എന്നാൽ അതീവസുന്ദരമായ ആശയങ്ങൾ മുത്തുകൾ പോലെ കൊരുത്ത് ദീർഘമായ വാചകമാക്കിയിട്ടുണ്ട്. ഓരോ കത്തിലും കലാസൗന്ദര്യം പ്രതിഫലിക്കുന്നു. വ്യക്തികൾക്കും കുടുംബാംഗങ്ങൾക്കും അയക്കുന്ന കത്തിൽ ആത്മീയ പ്രബോധനങ്ങളും ഉപദേശങ്ങളും നിറഞ്ഞു നിൽക്കുന്നു.

പരുമലതിരുമേനിയുടെ എഴുത്തുകളിൽ നിറയുന്നത് വാത്സല്യഭാവമാണ്. ശാസനാ രൂപത്തിലും കർക്കശ ഭാഷയിലും എഴുതുവാനും മടിച്ചിരുന്നില്ല. സ്വകാര്യ എഴുത്തുകളിൽ പ്രതിപാദിച്ചിട്ടുള്ള വിവരങ്ങൾ എന്നും പ്രസക്തമാണ്. ഇതാണ് പരുമലതിരുമേനിയെ ധിഷണാശാലിയായ മഹാത്മാവാക്കി തീർക്കുന്നത്. ഒന്നര നൂറ്റാണ്ടിന് മുമ്പ് പറഞ്ഞ പ്രബോധനങ്ങളും ആദ്ധ്യാത്മിക സൂക്തങ്ങളും മഹത്തരമായി പ്രശോഭിക്കുമ്പോൾ പരുമലതിരുമേനിയിലെ നൈനർഗ്ഗിക പ്രതിഭ തിരിച്ചറിയുവാൻ സഹായിക്കുന്നു.

ശുദ്ധമായ മലയാള ഭാഷയിൽ അതീവ പ്രാവീണ്യം പരുമല തിരുമേനിക്കുണ്ടായിരുന്നു. മൗനത്തിന്റേയും ധ്യാനത്തിന്റേയും നിസ്തുലമായ ധന്യമുഹൂർത്തങ്ങളിൽ രൂപപ്പെട്ട നിരവധി കൃതികൾ എഴുതിയിട്ടുണ്ടാവണം. ആരാധനാ ജീവിതത്തിന് ശേഷമുള്ളസമയങ്ങളിൽ നിരന്തരമായി എഴുതുവാനുള്ള സിദ്ധിയും സഹിഷ്ണുതയും പരുമല തിരുമേനി വളർത്തി. ഒരുദിവസം പത്തും പതിനഞ്ചും എഴുത്തുകൾ വിവിധ സ്ഥലങ്ങളിലേക്ക് അയച്ചു. ഡയറിക്കുറിപ്പുകൾ പതിവായി എഴുതി സൂക്ഷിക്കുന്നതിൽ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഓരോദിവസത്തെ ഡയറിക്കുറിപ്പിലും അയച്ചിട്ടുള്ള കല്പനകളെക്കുറിച്ചും അതിലെ പ്രധാന ആശയങ്ങൾ സംഗ്രഹിച്ചും പ്രതിപാദിച്ചിട്ടുണ്ട്. അത്തരത്തിലുള്ള രണ്ടു ഡയറിക്കുറിപ്പുകൾ 2010 ൽ എഴുത്തുകൾ എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ചാത്തുരുത്തി കുടുംബത്തിൽ സൂക്ഷിച്ച എഴുത്തുകൾ 2015 ൽ ഒരു വിശുദ്ധന്റെ ജീവിതവും സന്ദേശങ്ങളും എന്ന പേരിൽ സമാഹരിച്ചിട്ടുണ്ട്. എന്നാൽ അപ്രകാശിതമായ നിരവധി എഴുത്തുകൾ ഇനിയും ഉണ്ട്.

നിരണം മുതലായ ഇടവകകളുടെ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ എഴുത്തുകളുടെ നമ്പർ ബുക്ക് എന്നാണ് പരുമലതിരുമേനി ഈ ഡയറിക്കുറിപ്പുകൾക്ക് പേരു നൽകിയിട്ടുള്ളത്. സൂക്ഷ്മ നിരീക്ഷണത്തിൽ ഇത് ഡയറിക്കുറിപ്പല്ല. പരുമലതിരുമേനി സ്വകാര്യമായും പൊതുവായും അയച്ചിട്ടുള്ള കത്തുകളുടെ സംഗ്രഹീത ആശയങ്ങൾ ഉൾക്കൊള്ളിച്ച നമ്പർ ബുക്കാണ്. എന്നാൽ ഹ്രസ്വവും ദീർഘവുമായ കല്പനകളുടെ വിവരണങ്ങളും ചിലകല്പനകൾ പൂർണ്ണമായും ചിലത് ഭാഗീകമായും

> ഒന്നര നൂറ്റാണ്ടിന് മുമ്പ് പറഞ്ഞ പ്രബോധനങ്ങളും ആദ്ധ്യാത്മിക സൂക്തങ്ങളും മഹത്തരമായി പ്രശോഭിക്കുമ്പോൾ പരുമല തിരുമേനിയിലെ നൈനർഗ്ഗിക പ്രതിഭ തിരിച്ചറിയുവാൻ സഹായിക്കുന്നു.

എഴുതിയിട്ടുണ്ട്. അതിനാൽ ഇത്തരം ഡയറിക്കുറിപ്പുകൾക്ക് പ്രത്യേക സ്ഥാനമുണ്ട്.

1895 ലെ എഴുത്തുകളിൽ ഊർശ്ലേമിലേക്ക് കപ്പൽ കയറുന്ന കാര്യത്തെക്കുറിച്ച് ബോംബെയിൽ നിന്നും എഴുതിയ കത്തിനെക്കുറിച്ചുള്ളതാണ് ആദ്യത്തെ വിവരണം. ബോംബെയിൽ എത്തിയതും തുടർന്നുള്ള യാത്രയെ സംബന്ധിച്ചും 20 ലധികം പേർക്ക് കത്ത് അയച്ചതിനക്കുറിച്ച് എഴുതിയിരിക്കുന്നു. 1897 ലെ എഴുത്തുകളുടെ വിവരണം ശ്രദ്ധിച്ചാൽ വർഷവും മാസവും ക്രമനമ്പരും പ്രത്യേകം കോളങ്ങളിൽ എഴുതിയിട്ടുണ്ട്. പത്തു മാസത്തിനുള്ളിൽ 366 കത്തുകൾ അയച്ചിട്ടുണ്ടെന്ന് ഇത് വ്യക്തമാക്കുന്നു. എല്ലാദിവസവും കത്ത് എഴുതുന്നതിനായി മാറ്റിവച്ചതായി കാണുന്നില്ല. ആഴ്ചയിൽ രണ്ടോമൂന്നോദിവസം എഴുത്തുകൾക്കായി ക്രമീകരിച്ചിരുന്നു. ഈ ഗ്രന്ഥത്തിലെ കണക്കുകൾ വിശകലനം ചെയ്താൽ 156 ദിവസംകൊണ്ട് 366 കത്തുകൾ എഴുതിയിട്ടുണ്ടെന്നുകാണാം. കത്തുകൾക്കായി പ്രത്യേക സ്ഥലമോ സാഹചര്യങ്ങളോ പരുമലതിരുമേനി ആഗ്രഹിച്ചിരുന്നില്ല. ഇടവക സന്ദർശനം നടത്തുമ്പോഴും വിവിധസ്ഥലങ്ങളിൽ താമസിക്കുമ്പോഴും കത്തുകൾ അയയ്ക്കുന്നതിന് സമയം കണ്ടെത്തിയിരുന്നു. ഓരോകത്തിലും അത് എവിടേക്ക് അയയ്ക്കുന്നുവെന്നും എവിടെനിന്ന് അയയ്ക്കുന്നെന്നും വളരെ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്.

ബന്ധുക്കളെ ഓർമ്മിപ്പിക്കുന്ന സരോപദേശങ്ങൾ എഴുത്തുകളിൽ ശ്രദ്ധേയമാണ്. നിങ്ങൾ യാതൊരു വഴക്കിനും കാരണം ഉണ്ടാക്കി വെയ്ക്കരുത്. നിങ്ങൾ എല്ലാവരോടും കരുണ കാണിക്കണം, ജോലി ചെയ്തുതന്നെ ജീവിക്കണം. അയൽവാസികളെയും അഗതികളേയും സഹായിക്കണം. പള്ളിവഴക്കിൽ പ്രവേശിച്ച് ഒരു

പ്രകാരവും പള്ളിക്ക് ദോഷം വരുത്തരുത്. ജ്ഞാനത്തോടുകൂടി ക്ഷമിക്കണം. അഹംഭാവ ത്തോടു ഒന്നും പ്രവർത്തിക്കരുത്. തമ്മിൽ തമ്മിൽ സമാധാനമായിത്തീരണം. അതാകുന്നു നമ്മുടെ മുറ എന്ന് ശക്തമായ ഭാഷയിൽ ഓരോ കത്തിലും ഉപദേശിക്കുന്നു.

ദൈവാശ്രയത്തിലും സഹോദര സ്നേഹ ത്തിലും അയൽക്കാരനോടുള്ള സംപ്രീതിയിലും നിർമ്മലമുള്ളവരായിരിപ്പീൻ, സത്യത്തെ മുൻ നിർത്തി ജീവിക്കണം. സ്വല്പ ലാഭമോ, മാനമോ ഇച്ഛിട്ട് സ്നേഹത്തെ വെടിയരുത്. നോമ്പിലും നമസ്ക്കാരത്തിലും ദാനധർമ്മങ്ങളിലും മുട്ടി പ്പായി ഇരിക്കെ അതു ഭക്തിയോടും വിശ്വാസ ത്തോടും പ്രമാണിക്കണം എന്നും പരുമല തിരുമേനി സ്വകാര്യ എഴുത്തുകളിലൂടെ ആഹ്വാനം ചെയ്യുന്നു. മലയാളസാഹിത്യത്തിൽ കത്തുകളുടെ സാഹിത്യമൂല്യം അധികം പഠന വിധേയമാക്കിയിട്ടില്ല. അസാധാരണ വ്യക്തി പ്രഭാവമുള്ളവർ എഴുതിയകത്തുകൾ അനന്തര തലമുറയ്ക്കായി സമാഹരിച്ച് പ്രസിദ്ധീകരിക്കാ വുന്നതാണ്. കത്തുകൾ വ്യക്തികൾ തമ്മിലുള്ള ഹൃദയ സംവേദനമാണ്.

വ്യക്ത്യാന്തര ബന്ധങ്ങളെ പവിത്രീകരിക്കു വാനും സുരഭിലമാക്കുവാനുമുള്ള ആചാര്യ സൂചനകളായിരുന്നു പരുമലതിരുമേനിയുടെ കത്തുകൾ. പരുമലതിരുമേനിയുടെ ഡയറിക്കു റിപ്പുകൾ ഭാഷാ-ചരിത്ര വിദ്യാർത്ഥികൾക്ക് വിജ്ഞാനശേഖരങ്ങളായിത്തീരുന്നു.

1. പരുമലതിരുമേനിയുടെ ഡയറിക്കുറിപ്പു കളിലെ ഭാഷാശൈലിയും പ്രയോഗങ്ങളും പ്രത്യേകം പഠനം അർഹിക്കുന്നു. പദ ഘടന കളിലെ രൂപഭാവ പരിണാമങ്ങൾ ശ്രദ്ധേയമാണ്.
2. ഒന്നര നൂറ്റാണ്ടിനു മുമ്പുള്ള കേരള ത്തിലെ പള്ളികളുടെ ചരിത്രവും സാക്ഷ്യവും വ്യക്തമായി ഇതിൽതെളിയുന്നു.
3. ഓർത്തഡോക്സ് വിശ്വാസം പാലിക്കേ ണ്ടതിന്റെ ആവശ്യകതയും പരുമലതിരുമേനി യുടെ ദർശനവും എഴുത്തുകളിൽ ലഭ്യമാകുന്നു.
4. ഇടവക ഭരണം (ഭദ്രാസന ഭരണം) വിവിധ ഇടവകകൾ കേന്ദ്രീകരിച്ച് നടത്തി യതിൽ പരുമലതിരുമേനി ആവിഷ്കരിച്ച മാർഗ്ഗങ്ങൾ ഇതിലൂടെ വ്യക്തമാകുന്നു.
5. മലയാള ഗദ്യത്തിന്റെ വികാസ പരിണാ മങ്ങൾ അന്വേഷിക്കുന്ന ഗവേഷകർക്ക് ഇതിലെ രചനാശൈലികൾ പുതിയവെളിച്ചം പകരുന്നു.

## പിൻമൊഴി

മലയാളഗദ്യത്തിന്റെ വികാസ പരിണാമങ്ങൾ അന്വേഷിക്കുന്നവർക്ക് പരുമലതിരുമേനിയുടെ എഴുത്തുകൾ അമൂല്യരേഖകളാണ്. കല്പനക്കു റിപ്പുകളും ഡയറിയിലെ എഴുത്തുകളും മലയാള ഭാഷയ്ക്ക് പുതിയവര പ്രസാദമാണ്. സുറിയാനി യിലും മലയാളത്തിലുമുള്ള പരുമലതിരുമേനി യുടെ കൈയ്യെഴുത്ത് ശൈലി അതീവസുന്ദര വുമായിരുന്നു. നിരന്തരമായി എഴുതുവാൻ പരുമലതിരുമേനി പുലർത്തിയ വ്യുൽപ്പത്തി അതീവശ്രേഷ്ഠമായിരുന്നു. 1895 ൽ എഴുതിയ ഊർശ്ലേം യാത്രാവിവരണം മലയാളത്തിലെ ലക്ഷണമൊത്ത ആദ്യയാത്രാവിവരണമാണ്. ഇതിന്റെ സമ്പൂർണ്ണമായ കൈയ്യെഴുത്തിന്റെ പകർപ്പ് ഇപ്പോൾ ലഭ്യമായിട്ടുണ്ട്.







ഫാ. ഇയ്യോബ് ഒ.ഐ.സി.

# പ. പരുമല തിരുമേനിയുടെ പട്ടംകൊടകൾ

പ. പരുമല തിരുമേനി നടത്തിയ പട്ടംകൊടകളുടെ ലഭ്യമായ പൂർണ്ണപട്ടിക ആണിത്. പാശ്ചാത്യ സുറിയാനി പാരമ്പര്യമനുസരിച്ച് മേല്പട്ടക്കാരുടെ പട്ടംകൊട പുസ്തകത്തിൽ അവർ നടത്തുന്ന എല്ലാ പട്ടംകൊടകളും രേഖപ്പെടുത്തി വയ്ക്കും. മലങ്കരയിൽ സ്ഥാനാർത്ഥികളുടെ പേര്, നിലവിലുള്ള സ്ഥാനം, നൽകുന്ന സ്ഥാനം, വീട്ടുപേരും പിതാവിന്റെ പേരും, ഏത് പള്ളിക്കുവേണ്ടി പട്ടംകൊടുക്കുന്നു, ഏത് പള്ളിയിൽ വെച്ച് പട്ടം കൊടുത്തു, പട്ടംകൊട ശുശ്രൂഷ നടത്തിയ തീയതി, എന്ന ക്രമത്തിലാണ് ഈ പട്ടംകൊട പരി.റൂഹായാൽ നടത്തി എന്നു വിശദീകരിക്കുന്ന പട്ടിക ക്രമമായി രേഖപ്പെടുത്തുന്നത്. അവിടെ സ്ഥാനാർത്ഥി കുരിശടയാളത്തിൽ കൈയൊപ്പ് രേഖപ്പെടുത്തുകയും ചെയ്യുന്നു. തീയതികൾ സുറിയാനി കണക്കിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

പ. പരുമല തിരുമേനിയുടെ പട്ടംകൊട പുസ്തകത്തെ അടിസ്ഥാനമാക്കിയാണ് ഈ പട്ടിക തയാറാക്കിയത്. പ. പരുമല തിരുമേനി കാലം ചെയ്തശേഷം 1908-ൽ സ്ഥാനമേറ്റ മലങ്കര മെത്രാപ്പോലീത്താ പരി. വട്ടശ്ശേരി ദിവന്നാസ്യോസ് തിരുമേനിയും ഈ പുസ്തകത്തിലാണ് കൈയൊപ്പുകൾ രേഖപ്പെടുത്തിയത്. പിന്നീട് 1938-ൽ മേല്പട്ട സ്ഥാനമേറ്റ ബഥനിയുടെ ആബോ അലക്സിയോസ് മാർ തേവോദോസ്യോസ് മെത്രാപ്പാലീത്തായ്ക്കു പ. ബസേലിയോസ് ഗീവർഗ്ഗീസ് ദ്വിതീയൻ ബാവാ, പ. വട്ടശ്ശേരി തിരുമേനിയുടെ ഒരു കാപ്പയോടൊപ്പമാണ് ഈ പുസ്തകം നൽകിയത്. മാർ തേവോദോസിയോസ് തിരുമേനിയും ഈ പുസ്തകം ഉപയോഗിച്ചാണ് പട്ടംകൊടകൾ നടത്തിയിരുന്നത്.

ഈ പട്ടംകൊട പുസ്തകത്തിന്റെ 84 പേജുകളിലായാണ് സ്ഥാനാർത്ഥികളുടെ വിവരം രേഖപ്പെടുത്തിയിരിക്കുന്നത്. ഇതിൽ ആദ്യ 40 പേജുകൾ പരി. പരുമല തിരുമേനി നടത്തിയ 190 പട്ടംകൊടകളുടേയും അടുത്ത 40 പേജുകൾ പരി. വട്ടശ്ശേരി തിരുമേനി നടത്തിയ പട്ടംകൊടകളുടേയും അതിനടുത്ത 4 പേജുകൾ ബഥനിയുടെ അഭി. അലക്സിയോസ് മാർ തേവോദോസ്യോസ് OIC തിരുമേനി നടത്തിയ പട്ടംകൊടകളുടേയും പട്ടികകളാണ്.

പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് അഞ്ചാമൻ, ഒന്നാം കാതോലിക്കാ പ. പൗലോസ് പ്രഥമൻ ബാവാ, പ. പാമ്പാടി തിരുമേനി, അലക്സിയോസ് മാർ തേവോദോസ്യോസ്, പ. വട്ടക്കുന്നേൽ ബാവാ, ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ, യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ എന്നിവരുടെ പട്ടംകൊട പട്ടിക സമീപകാലത്ത് പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഈ രംഗത്ത് ഇനിയും മുന്നേറേണ്ടിയിരിക്കുന്നു. പ. വട്ടശ്ശേരി മാർ ദിവന്ന്യാസ്യോസ്, പ. ഗീവർഗ്ഗീസ് ദ്വിതീയൻ ബാവാ എന്നിവരുടേത് കാലവിളംബം കൂടാതെ പ്രസിദ്ധീകരിക്കപ്പെടുന്നതാണ്

ഈ ലിസ്റ്റ് പൂർണ്ണമാണെന്ന് അവകാശപ്പെടുന്നില്ല. കാരണം അപൂർവ്വമായി മറ്റു പിതാക്കന്മാരുടെ പട്ടംകൊട പുസ്തകങ്ങൾ ഉപയോഗിച്ച് പട്ടംകൊടകൾ നടത്തിയിട്ടുണ്ടാകാം.

അങ്ങനെയുള്ള ഒരു തക്സ ഉപയോഗിച്ച് പ. പരുമല തിരുമേനി നൽകിയ ഏതാനും പട്ടംകൊടകൾ കൂടി ഈ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 1879 – 82 കാലത്തെ ഒരു പേജ് നഷ്ടപ്പെട്ടിട്ടുണ്ട്. പട്ടംകൊടകൾ കൂടാതെ കോറെപ്പിസ്ക്കോപ്പാ, റമ്പാൻ സ്ഥാനദാനങ്ങളും ഈ രേഖയിൽ ഉൾപ്പെടുന്നുണ്ട്.

സ്ഥാനം ഏൽക്കുന്നവരിൽ സാധാരണ തൽയോ, അലൈമൊ, ഗബ്റോ, മ്സബ്രോനൊ, മ്സമ്രോനൊ, കോറൂയോ, അവ്പ്പദിയഖ്നോ, മ്ശംശോനൊ, എന്നീ പദപ്രയോഗങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. അതിന്റെ അർത്ഥം: തൽയോ (ബാല്യക്കാരൻ), അലൈമോ (കമാരക്കാരൻ) ഗബ്റോ (യൗവ്വനക്കാരൻ), മ്സബ്രോനൊ (ഉപദേശി), മ്സമ്രോനൊ (ഗായകൻ), കോറൂയോ (വായനക്കാരൻ), അവ്പ്പദിയഖ്നോ (വാതിൽ കാവൽക്കാരൻ), മ്ശംശോനൊ (ശെമ്മാശ്ശൻ-Deacon), കശ്ശീശ (Priest) എന്ന ക്രമത്തിലാണ്. കോർ എപ്പിസ്കോപ്പായേയാണ് കോറി എന്നു കാണിച്ചിരിക്കുന്നത്.

ഈ പട്ടംകൊട പുസ്തകം പൂർണ്ണമായും സുറിയാനിയിൽ ആയിരുന്നതിനാൽ ഇതിന്റെ വിവർത്തന സമയത്ത് വീട്ടുപേരുകളിലും സ്ഥലപേരുകളിലും പേരുകളിലും ചിലപ്പോൾ തെറ്റുകൾ വന്നിരിക്കാം. അവ തിരിച്ചറിയാൻ സാധിക്കുന്ന വായനക്കാർ ദയവായി അവ അറിയിക്കുക യാണെങ്കിൽ അത് തിരുത്താൻ ഞങ്ങൾ സന്നദ്ധരാണ്.

### വി കൂദാശകൾ

പ. പരുമല തിരുമേനിയുടെ ഈ പട്ടംകൊട പുസ്തകത്തിൽ തിരുമേനി നടത്തിയ ചില പള്ളികൂദാശകളും, പള്ളിയുടെ കല്ലിടൽ ശുശ്രൂഷകളും, മറ്റു പിതാക്കന്മാരോടൊപ്പം തിരുമേനി നടത്തിയ ര് മേൽപട്ടസ്ഥാന ശുശ്രൂഷകളും അടക്കമുള്ള സ്ഥാപിത കൂദാശകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ട്. അവയും ഒരു പട്ടികയായി ഇതിൽ ചേർത്തിരിക്കുന്നു

ഈ ലിസ്റ്റ് തയ്യാറാക്കുവാൻ സഹായിച്ച ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്, ഡോ. എം. കുര്യൻ തോമസ്, സിസ്റ്റർ ഡോ. ജിൻസി ഒതോട്ടിൽ., വർഗ്ഗീസ് ജോൺ തോട്ടപ്പുഴ, പി. തോമസ് പിറവം എന്നിവരോടുള്ള സ്നേഹവും നന്ദിയും രേഖപ്പെടുത്തുന്നു.

## പ. പരുമല തിരുമേനിയുടെ പട്ടംകൊടകൾ

| No | Name of the Candidate | As | Address | For (church) | Date | At (church) |
|---|---|---|---|---|---|---|
| 1, | Kuriyakose | Deacon | Chemmanoor | Arthat St.Mary's | 8/05/1877 | Chalissery[1] |
| 2, | Yacob | Deacon | Cheruvathoor | Arthat St.Mary's | 8/05/1877 | Chalissery |
| 3, | Mathai | Deacon | Kottakaran | Arthat St.Mary's | 8/05/1877 | Chalissery |
| 4, | Geevarghese | Reader | Cheruvathoor | Arthat St.Mary's | 8/05/1877 | Chalissery |
| 5, | Geevarghese[*2] | Sub-Dn | Vattasseril Yawseph | Mallapally St.Mary's | 6/01/1878[*3] | |
| 6, | Geevarghese | Reader | Yawsep Kunnapilly | Vettickal St.Thomas Dayara | 8/01/1878 | |
| 7, | Mathai | Reader | Thashi | St.Thomas Karthikapilly | 12/04/1879 | Karthikapully |
| 8, | Kuriyakose | Deacon | Kalloor | St.Mary's Kalloopara | 8/07/1879 | Niranam |
| 9, | Mathai | Deacon | Pallipidi | St.Mary's kozhanchery | 8/07/1879 | Niranam |
| 10, | Geevarghese | Deacon | Vellangattu | St.Stephans Kattanam | 8/07/1879 | Niranam |
| 11, | Abraham | Singer | Panakamattathu | Niranam | 8/07/1879 | Niranam |
| 12, | Alexandrayos | Singer | Mattackal | Niranam | 8/07/1879 | Niranam |
| 13, | yawseph | Singer | Vadasseriyath | St. Mary's Katoor | 8/07/1879 | Niranam |
| 14, | David | Deacon | Payyampilly | St. Mary's mallapally | 12/08/1879 | Parumala |
| 15, | Geevarghese[*2] | Deacon | Vattassery | Mallapally | 4/10/1879 | Parumala |
| 16, | Jacob | Deacon | Konnakal | St.John Baptist Thurthikattil | 4/10/1879 | Parumala |
| 17, | Geevarghese | Priest | Velangatt | Kattanam | 18/11/1879 | Parumala |
| 18, | Yacob | Deacon | Kizhakedathu | Karackal | 18/11/1879 | Parumala |
| 19, | Shemavoon | Sub-Dn | Scaria | St. Mary's Pazhanji | 4/04/1882 | Ktm Putenangadi |
| 20, | Yacob | Priest | Valiyaveetil | Sooranad St. Mary's | 6/12/1885 | Parumala |
| 21 | Geevarghese | Priest | Yawnan Parackal | Omalloor St Thomas | 27/12/1886 | Omalloor |

84

| | | | | | | |
|---|---|---|---|---|---|---|
| 22, | Scaria | Singer | Fr. Kurian Elavinamannil | Omaloor St. Thomas | 6/01/1887*[3] | Omaloor |
| 23, | Kuriyakose | Reader | Fr. Yacob Kuliyattu | Thiruvalla St. George | 12/04/1887 | Thiruvalla |
| 24, | Kuriyakose | Singer | Kurian Kulathinte kizhakethil | Sooranad St. Mary's | 24/05/1887*[4] | Thiruvalla |
| 25, | Kuriyakose. | Priest | Eapen Kallur | Kalloopara St. Mary's | 27/09/1887 | Niranam |
| 26, | Abraham | Reader | Fr. Thomas Puthakuzhiyil | Thumpamon St. Mary's | 30/08/1887 | Kottayam esqooli |
| 27, | Geevarghese | Priest | Geevarghese Puthenpurackal | Kadamanitta St. Peter's | 2/02/1888 | Ranni |
| 28, | Koshy | Deacon | Yacob panakavil | Karichal St. George | 2/02/1888 | Ranni |
| 29, | Korah | Reader | Geevarghese Thayyil | Chandanapallil St. George | 2/02/1888 | Ranni |
| 30, | Philipose | Reader | Ittira Mantrath | Edavankad St. Mary's | 15/05/1888*[5] | Chengaroor |
| 31, | Koshy | Reader | Thomas Nakolkal | Edavankad St. Mary's | 15/05/1888 | Chengaroor |
| 32, | Alexandrayos | Sub-dn | Oommen Manthuka | St.Thomas | 18/ /1888*[5] | Niranam |
| 33, | Abraham | Priest*[6] | Geevarghese Makil | Mamalasseril St. Mary's | 6/11/1888 | Thiruvalla |
| 34, | Kuriyakose | Priest*[7] | Yacob Thekkekara | St. Mary's Arthat | 23/04/1889 | kottayam esqooli |
| 35, | Paulose | Priest | Geevarghese Kolady | St. Mary's Arthat | 23/04/1889 | |
| 36, | Luis mariana suaris | Deacon* | Goa | St. Mary's Kolambo Cylon | 30/04/1889 | Kottayam esqooli |
| 37, | Damya kamla lawphas*[8] | Deacon | Goa | St. Mary's Kalayamboor | 30/04/1889 | Kottayam esqooli |
| 38, | Yawseph fsavier batlla*[8] | Deacon | Goa | St. Mary's Kolambo | 30/04/1889 | Kottayam esqooli |
| 39, | Anthunia Aristhidis Arkanagu*[8] | Deacon | Goa | St. Mary's Kolambo | 30/04/1889 | Kottayam esqooli |
| 40, | Luyis mareena sowarious*[8] | Priest | Goa | St. Mary's Kolambo | 1/05/1889 | Kottayam esqooli |
| 41, | Damya kamla lawphas*[8] | Priest | Goa | St. Mary's Kalayamboor | 1/05/1889 | Kottayam esqooli |
| 42, | Yawseph fsavier batlla*[8] | Priest | St. Mary's Kolambo | | 1/05/1889 | Kottayam esqooli |
| 43, | Anthonios | Priest | St. Mary's Kolambo | | 1/05/1889 | Kottayam esqooli |
| 44, | Eramia | Deacon | Manthotti Cylon | | 13/06/1889 | Kottayam esqooli |
| 45, | Eramia | Priest | Yeshu Portgheesaya | St. Mary's Manthotti*[9] | 14/06/1889 | Kottayam esqooli |

| | | | | | | |
|---|---|---|---|---|---|---|
| 46, | Fr.Alewaris Anthony Surko*[10] | Dayroye | | | 15/07/1889 | Kottayam esqooli*[11] |
| 47, | Yeshu*[12] | Singer | Fr. Geevarghese Thanuvelil | Thumpamon | 15/04/1890 | Thumpamon |
| 48, | Thoma | Singer | Fr. Geevarghese Chakkittedathu | Thumpamon | 15/04/1890 | Thumpamon |
| 49, | Bar Thoma*[13] | Deacon | Thomas Puthenveetil | Piravom | 25/05/1890 | Kottayam esqooli |
| 50, | Kuriyakose | Reader | Thomas Pallikaparambil*[14] | Kottayam esqooli | 25/04/1890 | Kottayam esqooli |
| 51, | Geevarghese | Singer | Kore Geevarghese | St. Stephans Makankunnu | 23/12/1890 | Niranam |
| 52, | Pathros | Singer | Philipose | St. Stephans Makankunnu | 23/12/1890 | Niranam |
| 53, | Dn Thomas | Priest | | Holy Innocent Mezhuvelly | 30/12/1890 | Niranam st mary's |
| 54, | Jacob | Priest | Alexandrayos Poovathoor | St. Mary's Chenganoor | 8/01/1891 | Parumala esqooli |
| 55, | Thomas | Priest | Alexandrayos Thazhathepeedika | St. Mary's Kallupara | 8/01/1891 | Parumala esqooli |
| 56, | Koshy | Priest | sic | St. George Karichal | 17/03/1891 | Parumala |
| 57, | Scaria | Reader | Fr. Koshy Puthupurakal | St. Thomas Puthoor | 31/03/1891 | Thumpamon |
| 58, | Geevarghese | Reader | Cherian Mottakunnel | St. Basil & Gregorios Kalayapuram | 31/03/1891 | Thumpamon |
| 59, | Alexanros | Reader | Geevarghese Kannichery | St. Basil & Gregorios Kalayapuram | 31/03/1891 | Thumpamon |
| 60, | Isahac | Reader | Koruth Kinatungara | St. George | 3/06/1891 | Parumala |
| 61, | Yawsaph | Singer | Fr. Geevarghese Manapurathu | St. Mary's Kollad | 14/11/1891 | Kottayam seminary |
| 62, | Mathai | Deacon | Smuyel Thathampurath | St. Mary's Kurupumpady | 17/11/1891 | |
| 63, | Daniel | Singer | Mathai Koodrapully | St. George Chengulam | 16/02/1892 | Parumala |
| 64, | Vilathi*[15] | Dayroye | | St. Mary's America*[16] | 14/05/1892*[17] | St. Mary's Kolambo[18] |
| 65, | yacob | Sub-Dn | Thomas | St. Thomas Mulathuruthy | 26/08/1892 | Kayamkulam |
| 66, | Isahac | Deacon | Chandy Thazhayil | St. George Arathil | 27/06/1893*[5] | Omalloor |
| 67, | Mathai | Deacon | Fr. Geevarghese Kannarakattu | St. Thomas Kannamkodu | 5/09/1893*[5] | Kannamkodu |
| 68, | Philipose | Deacon | Philipose Konnayil | St. Thomas Kannamkodu | 5/09/1893 | Kannamkodu |
| 69, | Abraham | Deacon | Fr. Geevarghese Kizhakedath | Niranam | 1/05/1894 | Parumala |
| 70, | Mathai | Singer | Fr. Yeshu*[12] Theruvathu | St. Thomas Kadambanad | 10/11/1894 | Kottayam esqooli |

| | | | | | | |
|---|---|---|---|---|---|---|
| 71, | John | Singer | Fr. Mathai Kaimoottil | St. George Cheppad | 13/11/1894 | Kottayam esqooli |
| 72, | Joseph | Priest | Joseph Purakal | St. Thomas Ranni | 27/11/1894 | Ranni |
| 73, | Abraham | Singer | Fr. Mathai Thazhathu | St. Thomas Ranni | 27/11/1894 | Ranni |
| 74, | Geevarghese | Priest | Geevarghese Vadakedathu | St. Thomas Omalloor | 6/12/1894 | |
| 75, | Scaria | Priest | Fr. Kuriyakose Elavinamannil | St. Thomas Omalloor | 6/12/1894 | |
| 76, | Dn Mathai | Priest | Fr. Geevarghese Kannarakattu | St. Thomas Kannamkodu | 11/12/1894 | |
| 77, | Philipose | Priest | Philipose Karavattathu | St. Thomas Kannamkodu | 14/12/1894 | |
| 78, | Mathai | Deacon | Fr. Scaria Karingattil | Thumbamon | 14/12/1894 | |
| 79, | Abraham | Deacon | Fr. Thomas Puthakuzhil | Thumbamon | 14/12/1894 | |
| 80, | Yeshu[*12] | Deacon | Fr. Geevarghese Thanuvelil | Thumbamon | 14/12/1894 | |
| 81, | Thomas | Deacon | Fr. Geevarghese Chakitadathu | Thumbamon | 14/12/1894 | |
| 82, | Scaria | Reader | Fr. Scaria Puthenveetil | St. Thomas Kannamkodu | 14/12/1894 | |
| 83, | Kuriyakose | Deacon | Kuruvilla Kuttiyil | St. Mary's Sooranad | 16/12/1894 | |
| 84, | Kuriyakose | Priest | Kuruvilla Kuttiyil | St. Mary's Sooranad | 17/12/1894 | |
| 85, | Geevarghese | Deacon | sic | sic | sic | |
| 86, | Scaria | Deacon | Fr. Scaria Puthenveetil | Kannamkodu | 22/10/1895 | Kadambanad |
| 87, | Fr.Kuriyakose | Kore | | St. Thomas Omalloor | 3/12/1895 | Kannamkodu |
| 88, | Dn.Thomas | Priest | Geevarghese Kuthiravattathu | St. Thomas umayattukara | 3/12/1895 | Kannamkodu |
| 89, | Koruyo yeshu[*12] | Deacon | Fr. Koshy Parapilly | Omalloor | 3/12/1895 | Kannamkodu |
| 90, | Koruyo Thomas | Deacon | Fr. Geevarghese Parackal | Omalloor | 3/12/1895 | Kannamkodu |
| 91, | Koruyo Mathai | Deacon | Geevarghese kallera…thil | St. George sic | 3/12/1895 | Kannamkodu |
| 92, | Geevarghese | Priest | Chandapilla Kallarackal | St. Thomas Kundara valiya | 26/03/1896 | Kundara |
| 93, | Thalyo[*19]Philipose | | Geevarghese Melevilla | St. Thomas | 1/04/1896 | |
| 94, | Geevarghese | Reader | Oommen Thottathil | St. Thomas | 14/04/1896 | Mukhathala St.Stephans |
| 95, | Mathai | Priest | Kore Scaria Karingattil | St. Mary's Thumbamon | 16/06/1896 | Omalloor |
| 96, | Oommen. | Deacon | Fr. Yawnan Mullamoottil | Omalloor | 16/06/1896 | Omalloor |
| 97, | Yawnan | Priest | Yawnan ennayil | Kattanam St. Stephans | 20/10/1896[*§] | Parumala |
| 98, | Fr.Abraham | Kori | Semavoon Thengumthottathil | Ayiroor | 30/03/1897 | Ayrur Mathapara new |
| 99, | Joseph | Singer | Joseph ……Veetil | Thumbamon | 20/04/1897 | Thumbamon |
| 100 | Geevarghese | Reader | Fr. philipose Karuthedathu | St. George Karingachira | 11/01/1898 | St. George Kallungtra |
| 101 | Scaria | Reader | Pathros Palaghat | St. George Karingachira | 25/01/1898 | Kallungtra |
| 102 | Thomas | Priest | Fr. Geevarghese Chakitadathu | Thumbamon | 12/04/1898[*20] | |
| 103 | Yawnan | Deacon | Fr. Geevarghese Vadakedathu | St. Thomas Kallada | 14/06/1898[*§] | Niranam |
| 104 | Joseph | Deacon | Fr. Geevarghese Mannapurathu | St. Thomas Kallada | 14/06/1898 | Niranam |
| 105 | Paulose | Priest[*21] | Mathai Painadat | Angamaly St. Mary's | 12/11/1898 | Kottayam Seminary |
| 106 | Dn Geevarghese | Priest | Yuhanan Kallassery | Kurichy St. Peters &St.Pauls | 12/11/1898 | Kottayam Seminary |
| 107 | Koruyo Scaria | Deacon | Kuruvilla Kallattil | St. Joseph Chennakari | 12/11/1898 | Kottayam Seminary |
| 108 | Kuriyakose | Sub-Dn | Yacoob Chiramel | Mullathuruthy | 12/11/1898 | Kottayam Seminary |
| 109 | Thoma | Priest | Fr. Geevarghese Parackal | Omalloor | 22/11/1898[*§] | Karakal |
| 110 | Kuriyakose | Deacon | Fr. Koshy nillathethu | St. Thomas | 13/12/1898 | |
| 111 | Idikulla | Reader | Koshy kipallil | St. Stephan Kudasannad | 13/12/1898 | |
| 112 | Geevarghese | Deacon | Geevarghese Kore Thengunthara | Makkakunnu St.Stephans | 27/12/1898[*§] | Pariyaram St. Peters |
| 113 | Thomas | Singer | Scaria ThenguntharaVadakekara | Pariyaram St. peters | 27/12/1898 | Pariyaram St. Peters |
| 114 | Alexandrayos | Deacon | Geevarghese Kannissery | Mar Baselios & Gregorious | 1898 | Thumpamon |
| 115 | Geevarghese | Deacon | Scaria Mottakunnel | Mar Baselios & Gregorious | 1898 | Thumpamon |
| 116 | Alexandrayos | Priest | Geevarghese Kannissery | Mar Baselios& Gregorious Kalayapuram | 1899 | St. Ignatious Nurono, |
| 117 | Geevarghese | Priest | Scaria Mottakunnel | Mar Baselios& Gregorious Kalayapuram | 1899 | " " ,Kaipatoor |
| 118 | Thomas | Deacon | Fr.Mathai Kaipadackal | bes hananya[*22] | 1899 | Kaipatoor |
| 119 | Geevarghese | Singer | Fr.Mathai Pulimali | Mar Thomas Sleeha,Omalloor | 1899 | |

| | | | | | |
|---|---|---|---|---|---|
| 120 Geevarghese | Singer | Fr. Abraham Peedikayil | Omalloor | 2/02/1899 | Vazhamuttam |
| 121 Geevarghese | Singer | Fr. Mathai Purackal | Veeyapuram St. George | 7/02/1899 | Kizhavalloor |
| 122 Kambees | Kore[*23] | Waltter | Madura,Dindigan,Muthalapettu | 3/07/1899[*24] | Sehion Banglaw[*25] |
| 123 Geevarghese | Priest | Yuhanon Kochuparambil | St. John's Pambakuda | 22/08/1899[*5] | Kandanad |
| 124 Geevarghese | Deacon | Fr. Karuthedathu | St. George karingachira | 22/08/1899 | |
| 125 Geevarghese | Ramban | Yuhanon Kochuparambil | Vadakara | 23/08/1899 | Kandanad |
| 126 Dn.Yuhanon | Priest | Fr.Mathai Kaimootil | St. George Cheppad | 9/1899 | OTS Kottayam |
| 127 Abraham | Priest | Geevarghese Padipurackal | St. Thomas Chunakara | 30/10/1899[*5] | Chunakara |
| 128 yacoob | Deacon | Panackal | St. Mary's Arthat | 14/11/1899 | OTS Kottayam |
| 129 Mathai | Deacon | Theruvathu | St. Thomas Kadambanad | 14/11/1899 | OTS Kottayam |
| 130 Kuryakose | Deacon | Cheruvathoor | Arthat | 14/11/1899 | OTS Kottayam |
| 131 Geevarghese | Deacon | Marathummoottil | Vemmani | 14/11/1899 | OTS Kottayam |
| 132 Paulose | Deacon | Markose Palapilly | St. Thomas Pambakuda puthen | 19/12/1899 | Pampakuda |
| 133 Mathai | Deacon | Kuriyakose Manjali | St. James Ramangalam | 21/12/1899 | Pampakuda |
| 134 Mathulla | Deacon | Paulose Pappara | St. Mary's Pallikara | 21/12/1899 | Pampakuda |
| 135 Paulose | Deacon | Kuriyakose Mannapara | St. Mary's Pallikara | 21/12/1899 | Pampakuda |
| 136 Scaria | Deacon | Paulose Nedumthallil | St. Thomas Kothamangalam | 21/12/1899 | Pampakuda |
| 137 Yawseph | Sub-Dn | Paulose Tattampuram | Kurupumpady St. Mary's | 21/12/1899 | Pampakuda |
| 138 Scaria | Sub-Dn | Paulose srabikudi | St. George Kottapady | 21/12/1899 | Pampakuda |
| 139 Paulose | Sub-Dn | Paulose Chettiyamkude | pothanikadu | 21/12/1899 | Pampakuda |
| 140 Yuhanon | Sub-Dn | Yawseph Chemmanam | St. Mary's Mulakulam | 21/12/1899 | Pampakuda |
| 141 Yuhanon | Reader | Fr. John Pidaykal | St. James Ramangalam | 21/12/1899 | Pampakuda |
| 142 Paulose | Reader | Fr. Jacob Cherakathottam | St. Mary's Pothanikad | 21/12/1899 | Pampakuda |
| 143 Geevarghese | Deacon | Fr. Geevarghese Painumooti[*26] | St. George Thiruvilla | 16-01-1900[*5] | Thumpamon |
| 144 Thalyo[*19]Thomas | Reader | Shemavoon Puthenpura | St. Mary's Mavelikara | 16-01-1900 | Vadakekara St. Mary's |

| | | | | | |
|---|---|---|---|---|---|
| 145 Koshy | Priest | Koshy Vaduthale | St. Thomas Omalloor | 23-01-1900 | Thumbamon |
| 146 Mathai | Priest | Geevarghese Kalla...... | St. Kuriyakose Ennath | 23-01-1900 | Thumbamon |
| 147 Geevarghese | Priest | Fr. Geevarghese Painumootil* | St. George Thiruvalla | 23-01-1900 | Thumbamon |
| 148 Thalya[*19]yawseph | Singer | Yawseph Thevarvelil | St. Mathews kozhenchery | 30-01-1900 | Thumbamon |
| 149 Geevarghese[*27] | Deacon | yacob Chiramel | | 09-07-1900 | Mulamthuruthy |
| 150 Thalya Scaria | Reader | Kurian Vadakethala | St. Mary's | 14-09-1900 | Chennithala |
| 151 Scaria | Reader | Fr. Alexandrayos Parambil | St. Mary's Mavelikara | 14-09-1900[*28] | Mavelikara |
| 152 Philipose | Priest | Shemavoon Thenguthottam | St. Thomas Mathapara Ayroor | 28-09-1900 | Cheppad |
| 153 Pathros | Deacon | Philipose Kizhakeveetil | St. Stephan's Makkankunnu | 28-09-1900 | Cheppad |
| 154 Koshy | Priest | Thomas Kannampully | St. George Cheppad | 29-10-1900[*5] | Pallipad |
| 155 Scaria | Singer | yawseph valiya thekethil | St. John Baptist Pathichira | 10-12-1900[*5] | Pathichira |
| 156 Yacob | Singer | Scaria Mammootil | St. John Baptist Pathichira | 10-12-1900[*5] | Pathichira |
| 157 Dn.Thomas | Priest | Fr. Yawnan Mulamootil | St. Thomas Omaloor | 24-12-1900[*5] | Thumpamon |
| 158 Pathros | Priest | Philipose Kizhakeveetil | St. Stephan Makakunnu | 24-12-1900 | Thumpamon |
| 159 Kuryakose | Deacon | Punoose Kolathukalathil | St. Peter's Paul's Kurichy | 18-02-1901[*5] | Kottayam eskooli |
| 160 Yacoob | Deacon | Scaria Mundaplackal | St. George Chengaroor | 18-02-1901 | Kottayam eskooli |
| 161 Abraham | Deacon | Fr. Mathai Thazhathu | St. Thomas Ranni | 18-02-1901 | Kottayam eskooli |
| 162 Barsleebi | Deacon | Fr. Daniel Karikottu | St. Mary's Niranam | 18-02-1901 | Kottayam eskooli |
| 163 Scaria | Deacon | Fr. Yawnan Kannatuparambil | St. Yacob burdana Karavatta | 18-02-1901 | Kottayam eskooli |
| 164 Kuriyakose | Deacon | Geevarghese Vadanadi | St. Mary's Nadamel | 18-02-1901 | Kottayam eskooli |
| 165 Michayel | Sub-dn | Msabrono[*29]Yuhanon Alumoottil | All Saints Kayangulam | 18-02-1901 | Kottayam eskooli |
| 166 Kuriyakose | Sub-dn | Thomas Kodiyattil | St. Mary's Niranam | 18-02-1901 | Kottayam eskooli |
| 167 Mathai | Sub-dn | Paulose Vayyapullil | St George Cherai cheriya | 18-02-1901 | Kottayam eskooli |
| 168 Abraham | Priest | Fr.Thomas Puthakuzhiyil | St. Mary's Thumpamon | 23-02-1901 | Kottayam eskooli |
| 169 Scaria | Deacon | Fr.Elias Malithra | St. George Neelamperur | 23-02-1901 | Kottayam eskooli |

| | | | | | |
|---|---|---|---|---|---|
| 170, Scaria | Priest | Paulose Neduthallil | Ktmgm[*30]St.Thomas Cheriyapally | 23-02-1901 | Kottayam eskooli |
| 171, Uyakim | Deacon | Thekkalakkatu | Ktmgm[*30]St Thomas Cheriyapally | 23-02-1901 | Kottayam eskooli |
| 172, Mathai | Singer | Cherian cherukara | Ktmgm[*30]St Mary's Valiyapally | 23-02-1901 | Kottayam eskooli |
| 173, Geevarghese | Singer | Yacob thekethalackal | St Marys Vemmini | 23-02-1901 | Kottayam eskooli |
| 174, Geevarghese | Deacon | Oommen thottathil | St George Odanavattam | 23-02-1901 | Kottayam eskooli |
| 175, Uyakim | Priest | Fr Koruth Thekklakkattu | Ktmgm[*30] St Thomas Cheriyapally | 27-11-1901[*31] | Mazhuvannoor St.Thomas |
| 176, Isahac | Priest | Koruth kinattingal | St Thomas Puthoor | 23-12-1901[*32] | Kannamkodu |
| 177, Mathai | Priest | Fr Esaw Pallivathulkal Theruvathu | St Thomas Kadambanad | 30-12-1901 | Peringanattu Marth Smooni |
| 178, Geevarghese | Priest | Fr.Thomas maruthumootil | St Mary's Vemmani | 27-01-1902[*5] | Kurupumpady |
| 179, Yuhanon | Singer | Yawseph Palaghat | Mulanthuruthy | 17-02-1902[*5] | Pambakuda valiya |
| 180, Yuhanon | Singer | Thomas Edumari | St. Marys Karakunnam | 17-02-1902[*5] | Pambakuda valiya |
| 181, Paulose | Singer | Geevarghese kakathottam | St. Mary's Karakunnam | 17-02-1902[*5] | Pambakuda valiya |
| 182, Alexandrayos | Reader | Yawseph kanniyanthara | St. John Baptist. mepral | 03-03-1902[*33] | Karackal |
| 183, Yacob | Reader | Thomas pattangalat | St. George karackal | 03-03-1902 | Karackal |
| 184, kuriyakose | Priest | Korula kulathinte kizhakethil | St. Mary's Sooranad | 21/04/1902[*20] | Parumala semry |
| 185, Scaria | Reader | Kmmen vadamakkil | St. Mary's Niranam | 6/ /1902[*5] | Thiruvalla |
| 186, Geevarghese | Reader | Parangimamootil | St. Mary's Thaloor | 12-12-1902 | Chengaroor |
| 187, Thomas | Reader | Yacob karot | St. John's Chingavanam | 06-06-1902[*34] | St.Peters & St.Pauls[35] |
| 188, Scaria | Priest | Kuruvilla kalayil | St. Thomas Chennangery | 23-06-1902 | St.Peters & St.Pauls[36] |
| 189, Punnan[*37] | Sub-Dn | Kurian pulikalparambil | St. Thomas Chengulam | 03-07-1902[*24] | Mallapally valiya |
| 190, Eapen | Singer | Aviyira vazhayil | St. George Chengaroor | 04-08-1902 | Thiruvalla |
| 189 Scaria | Reader | Oommen Vadamakkil | St Mary's Niranam | 05/08 /1902 | Thiruvalla |
| 190 Eapen | Singer | Aviyira Vazhayil | St George Chengaroor | 04/08/1902 | Thiruvalla |

## കേരളപ്പിറവി

കേരളസംസ്ഥാനം രൂപവത്കരിച്ച നവംബർ ഒന്നാണ് കേരളപ്പിറവി എന്നറിയപ്പെടുന്നത്. 1947-ൽ ഇന്ത്യ ബ്രിട്ടീഷുകാരിൽ നിന്നും സ്വതന്ത്രമായ ശേഷം, ഐക്യകേരളത്തിനുവേണ്ടിയുള്ള പ്രക്ഷോഭങ്ങൾ ശക്തിപ്പെട്ടു. 1956 - ലെ സംസ്ഥാന പുനഃസംഘടന നിയമമാണ് ഈ പുനഃസംഘടനക്കും പല സംസ്ഥാന രൂപീകരണങ്ങൾക്കും വിഭജനത്തിനു ആധാരം. ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങളെ പുന:സംഘടിപ്പിക്കാനുള്ള ഇന്ത്യാഗവൺമെന്റിന്റെ തീരുമാനപ്രകാരം തിരുവിതാംകൂർ, കൊച്ചി രാജ്യങ്ങൾ മദ്രാസ് പ്രസിഡൻസിയുടെ മലബാർ പ്രദേശങ്ങൾ ഇങ്ങനെ മലയാളം പ്രധാനഭാഷയായ പ്രദേശങ്ങളെല്ലാം കൂട്ടിച്ചേർത്തുകൊണ്ട് 1956 നവംബർ ഒന്നിന് കേരളം എന്ന സംസ്ഥാനം രൂപവത്കരിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ നവംബർ ഒന്ന് കേരളപ്പിറവിദിനമായി ആഘോഷിക്കപ്പെടുന്നു.

കേരളം രൂപീകൃതമാകുമ്പോൾ ഇന്ത്യയിലെ 14 സംസ്ഥാനങ്ങളിൽ ഏറ്റവും ചെറിയ സംസ്ഥാനമായിരുന്നു കേരളം. രൂപീകരണ സമയത്ത് കേരളത്തിൽ വെറും 5 ജില്ലകൾ മാത്രമേ ഉണ്ടായിരുന്നൊള്ളു. വിദ്യാഭ്യാസത്തിൽ ഏറ്റവും മുൻപന്തിയിലായിരുന്നു കേരളം. ഫസൽ അലി തലവനായും സർദാർ കെ.എം. പണിക്കർ, പണ്ഡിറ്റ് ഹൃദയനാഥ് കുൻസ്രു എന്നിവർ അംഗങ്ങളുമായുള്ള സംസ്ഥാന പുന:സംഘടനാ കമ്മീഷൻ രൂപവൽക്കരിച്ചത് 1953-ലാണ്. 1955-സെപ്റ്റംബറിൽ കമ്മീഷൻ കേന്ദ്ര ഗവൺമെന്റിനു റിപ്പോർട്ടു സമർപ്പിച്ചു. അതിൽ കേരളസംസ്ഥാന രൂപവത്കരണത്തിനും ശുപാർശയുണ്ടായിരുന്നു.

സംസ്ഥാന പുന:സംഘടനാ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തി പതിമൂന്നു മാസം കഴിഞ്ഞാണ് ഇന്ത്യയുടെ രാഷ്ട്രീയ ഭൂപടം തയ്യാറാക്കിയത്. തിരുവിതാംകൂറിലെ തോവാളം, അഗസ്തീശ്വരം, കൽക്കുളം, വിളവങ്കോട് എന്നീ നാലു താലൂക്കുകളും ചെങ്കോട്ടത്താലൂക്കിന്റെ ഒരു ഭാഗവും വേർപെടുത്തി മദിരാശി സംസ്ഥാനത്തോടു ചേർത്തു. ശേഷിച്ച തിരുവിതാം കൂർ - കൊച്ചി സംസ്ഥാനത്തോടു മലബാർ ജില്ലയും തെക്കൻ കാനറാ ജില്ലയിലെ കാസർകോടു താലൂക്കും ചേർക്കപ്പെട്ടു. ഫലത്തിൽ കന്യാകുമാരി ജില്ല കേരളത്തിനു നഷ്ടപ്പെടുകയും ഗൂഡല്ലൂർ ഒഴികെയുള്ള മലബാർ പ്രദേശം കേരളത്തോടു ചേർക്കപ്പെടുകയും ചെയ്തു. കേരള സംസ്ഥാനത്തിന്റെ ആദ്യരൂപത്തിൽ മൊത്തം 5 ജില്ലകളാണുണ്ടായിരുന്നത്

നവംബർ ഒന്നിനു ചിത്തിരതിരുനാൾ മഹാരാജാവ് തിരു-കൊച്ചി രാജപ്രമുഖ സ്ഥാനത്തുനിന്നും വിരമിച്ചു. സംസ്ഥാനത്തിന്റെ തലവനായി രാജ പ്രമുഖനു പകരം ബി. രാമകൃഷ്ണറാവു ആദ്യ ഗവർണറായി തിരുവിതാംകൂർ- കൊച്ചിയിൽ പ്രസിഡന്റ്ഭരണം നിലവിലിരിക്കുമ്പോഴാണ് സംസ്ഥാന പുന:സംഘടന നടന്നത്. സംസ്ഥാനത്തെ ആദ്യ ചീഫ് ജസ്റ്റിസ് കെ.ടി കോശിയായിരുന്നു ആദ്യ ചീഫ് സെക്രട്ടറി എൻ.ഇ.എസ്. രാഘവാചാരി. ആദ്യ പോലീസ് ഐ ജി എൻ. ചന്ദ്രശേഖരൻനായർ. കേരള സംസ്ഥാനത്തിലെ ആദ്യ പൊതുതിരഞ്ഞെടുപ്പ് 1957 ഫെബ്രുവരി 28-നു നടന്നു. ആ തിരഞ്ഞെടുപ്പിലൂടെ ഇ എം ശങ്കരൻ നമ്പൂതിരിപ്പാട് മുഖ്യമന്ത്രിയായുള്ള സർക്കാർ അധികാരത്തിൽ വന്നു.

ഐക്യകേരളം എന്നറിം, കേരള സംസ്ഥാനം രൂപവത്കരിച്ചതിന് ഒരു ഭാഷാടിസ്ഥാനത്തിൽ സംസ്ഥാന പുനഃസംഘടനയ്ക്ക് ഊർജ്ജം പകർന്നു.



**അമലാ അന്നാ തോട്ടുപുറം**
(ചെങ്ങന്നൂർ)

# സുകൃതങ്ങളിലൂടെ വഴി നടത്തിയ പുണ്യപിതാവ് :
## പരി.പരുമല തിരുമേനി

118-ാ മത് പരിശുദ്ധ പരുമല തിരുമേനിയുടെ ഓർമ്മപെരുന്നാൾ പരുമലയിലും ലോകം മുഴുവനും ആഘോഷിക്കുന്ന കാലഘട്ടത്തിലൂടെയാണല്ലോ നാം കടന്നുപോകുന്നത്. അതോടൊപ്പം സമാനതകളില്ലാത്ത ആഗോള പ്രതിസന്ധിയിലൂടെ കോവിഡ് 19 കാരണം ലോകം വിറങ്ങലിച്ച് നിൽക്കുന്ന സാഹചര്യവും നമുക്ക് ചുറ്റുമു്. കൂട്ടമായ ആരാധനയ്ക്കും ആഘോഷങ്ങൾക്കും ലോകം മുഴുവൻ ഏർപ്പെടുത്തിയിട്ടുള്ള വിലക്കുകൾ പരിശുദ്ധന്റെ പെരുന്നാൾ ആഘോഷങ്ങൾക്കും വലിയ അളവ് വരെ ബാധിച്ചിട്ടുണ്ട്. എങ്കിലും ആത്മാവിൽ അധിഷ്ഠിതമായ ആരാധനയ്ക്ക് ആളുകളുടെ ബാഹുല്യമോ ആഘോഷങ്ങളുടെ നിറപകിട്ടുകൾക്കോ വലിയ പ്രസക്തിയില്ല. പ്രത്യേകിച്ച് ജീവിതം ലാളിത്യത്തിലൂടെ അഭ്യസിപ്പിച്ച് വിശുദ്ധിയിൽ പൂർത്തികരിച്ച് പരിശുദ്ധ പരുമല തിരുമേനിയുടെ പെരുന്നാൾ ഭൗതിക പരിമിതികൾക്ക് അപ്പുറത്ത് ഭക്തരിൽ ആത്മീയ അനുഭവമാണ്. ഏത് മനുഷ്യനെപോലെയും സ്വാഭാവിക പശ്ചാത്തലത്തിൽ ഭൂജാതനാവുകയും ദൈവഭാവത്തോടെ സമരസപ്പെടുവാൻ ജീവിതം കൊണ്ട് പരിശ്രമിക്കുകയും അതിൽ വിജയിക്കുകയും ചെയ്ത വ്യക്തിത്വമായിരുന്നു പരിശുദ്ധ പരുമല തിരുമേനി. ഏത് മനുഷ്യനെപറ്റിയും ദൈവത്തിന്റെ ആഗ്രഹം ഇത്തരത്തിലുള്ള ജീവിതശൈലിയാണ്. പക്ഷെ ഈ ലോകത്തിൽ പിറന്ന് വീഴുന്ന മനുഷ്യൻ ഇന്ദ്രീയ മോഹങ്ങൾക്ക് വിധേയപ്പെട്ട് പൂർണ്ണ മനുഷ്യത്വം പോലും നഷ്ടപ്പെടുത്തുമ്പോൾ സുകൃതങ്ങളിലൂടെ വിശുദ്ധിയിലേക്ക് എത്തപ്പെട്ട മഹാ പരിശുദ്ധനാണ് പരിശുദ്ധ പരുമല തിരുമേനി. ആ പുണ്യപിതാവിന്റെ ജീവിത വഴിയിലൂടെ നമുക്കൊന്ന് കണ്ണോടിക്കാം.

1848 ജൂൺ 15 ന് പഴയ കൊച്ചി സംസ്ഥാനത്തിൽപെട്ട മുളന്തുരുത്തി ചാത്തുരുത്തി ഭവനത്തിൽ കൊച്ചു മത്തായിയുടേയും മറിയയുടേയും ഇളയമകനായി ഗീവർഗ്ഗീസ് ജനിച്ചു. ഇളയകുട്ടിയായി വളർന്ന പരുമല തിരുമേനിയെ മാതാപിതാക്കൾ കൊച്ചയ്പൊര എന്നാണ് വാത്സല്യത്തോടെ വിളിച്ചിരുന്നത്. പഠനത്തിൽ അസാമാന്യ കഴിവുകളുള്ള കൊച്ചയ്പോര പ്രഥമിക വിദ്യാഭ്യാസത്തിനു ശേഷം പിതൃ സഹോദരനായ ഗീവർഗ്ഗീസ് മൽപ്പാനിൽ നിന്നും വേദശാസ്ത്രവും, 1857- ൽ ദൈവമാതാവിന്റെ ശൂനോയോ പെരുന്നാളിന് സുറിയാനി പഠനത്തിന് ആരംഭവും കുറിച്ചു.

9 ാം വയസ്സിൽ ശെമ്മശപട്ടത്തിന്റെ ആദ്യപടിയായ കോറൂയോ പട്ടവും, ശെമ്മശപട്ടവും മാത്യൂസ് മാർ അത്തനാസിയോസിൽ നിന്നും സ്വീകരിച്ചു. തുടർപഠനത്തിനായി കോട്ടയം പഴയ സെമിനാരിയിൽ രണ്ടര വർഷം പഠിച്ചു. ആ സമയത്ത് വസൂരി ബാധിതനായ മൽപ്പാൻ അച്ചനെ ശുശ്രൂഷിക്കുവാൻ തിരികെ എത്തി. വസൂരി മൂലം മൽപ്പാൻ അച്ചൻ മരണപ്പെടുകയും ഗീവർഗ്ഗീസ് ശെമ്മശൻ വസൂരി ബാധിതനാവുകയും ചെയ്തു. ആ സമയം ദൈവമാതാവ് പ്രത്യക്ഷപ്പെട്ട് രോഗം പൂർണ്ണമായി മാറുമെന്നും

തുടർജീവിതം ദൈവീക പ്രവർത്തനങ്ങൾക്കായി വേർതിരിക്കണമെന്നും അരുളിചെയ്തു. അങ്ങനെ തുടർപഠനത്തിനായി പാമ്പാകുട കോനാട്ട് മൽപ്പാന്റെ ശിഷ്യനായി തീർന്ന്, സ്വന്തം കൈപ്പടിയിൽ സുറിയാനി ബൈബിൾ എഴുതി. 18-ാം വയസ്സിൽ കൂറിലോസ് ബാവയിൽ നിന്നും ഗീവർഗ്ഗീസ് ശെമ്മാശന് വൈദീക സ്ഥാനവും കോർ എപ്പിസ്കോപ്പാ സ്ഥാനവും ലഭിച്ചു.

മരുഭൂമിയിലെ നക്ഷത്രം എന്ന് അറിയപ്പെടുന്ന മാർ അന്തോണിയോസിന്റെ ജീവിതശൈലിയിൽ ആകൃഷ്ടനായി വെട്ടിക്കൽ ദയറായിൽ ഏകാന്ത ജീവിതം ആരംഭിച്ചു. ആ സമയത്ത് പമ്പയുടെ തീരത്ത് സ്ഥാപിതമായ പരുമല സെമിനാരിയുടെ സുഗമമായ നടത്തിപ്പിന് ഒരു സഹായിയെ തേടികൊണ്ടിരുന്ന അന്നത്തെ മലങ്കര മെത്രാപ്പോലീത്ത പുലിക്കോട്ടിൽ ജോസഫ് മാർ ദിവനാസിയോസ് വെട്ടിക്കൽ ദയറായിൽ താമസിച്ചിരുന്ന ചാത്തുരുത്തി ഗീവർഗ്ഗീസ് കോർ എപ്പിസ്കോ പ്പായെ പരിചയപ്പെടുകയും 1872-ൽ റമ്പാൻ സ്ഥാനം നൽകി പരുമലയിലേക്ക് കൊണ്ടു വരികയും ചെയ്തു. പരുമല സെമിനാരിയിൽ ശെമ്മശന്മാർക്ക് വൈദീക പരിശീലനം നൽകുന്ന ദൗത്യം ഗീവർഗ്ഗീസ് റമ്പാൻ ഏറ്റെടുത്തു. 1875-ൽ പരിശുദ്ധ പത്രോസ് തൃതിയൻ പാത്രിയർക്കീസ് കേരളത്തിലെത്തിയപ്പോൾ അദ്ദേഹത്തിന്റെ സെക്രട്ടറിയും ദ്വിഭാഷിയുമായ ഗീവർ ഗ്ഗീസ് റമ്പാനെ സഭ നിയമിച്ചു. 1876-ൽ പാത്രിയർക്കീസിന്റെ അദ്ധ്യക്ഷതയിൽ മുളന്തുരുത്തി മാർത്തോമൻ പള്ളിയിൽ വെച്ച് പള്ളി പ്രതി പുരുഷയോഗം (മുളന്തുരുത്തി സുന്നഹദോസ്) കൂടി മലങ്കര സഭയെ ഏഴ് ഭദ്രാസനങ്ങളിലായി വിഭജിക്കുവാനും, മലങ്കര മെത്രാപ്പോലീത്തായ്ക്ക് പുറമേ 6 മെത്രപ്പോലീത്തമാരെ കൂടെ തിരഞ്ഞെടുക്കുവാനും തീരുമാനിച്ചു. 6 പേരിൽ ഒരാളായിരുന്നു ഗീവർഗ്ഗീസ് റമ്പാൻ. 1876 ഡിസം. 10ന് ഗീവർഗ്ഗീസ് മാർ ഗ്രീഗോറിയോസ് എന്ന പേരിൽ വടക്കൻ പറവൂർ പള്ളിയിൽ വെച്ച് മെത്രാപ്പോലീത്തയായി വാഴിക്കപ്പെട്ടു. അങ്ങനെ 1877- ൽ നിരണം ഭദ്രാസനത്തിന്റെ ചുമതല ഏറ്റെടുത്ത് മാർ ഗ്രീഗോറിയോസ് മെത്രപ്പോലീത്ത പരുമല സെമിനാരിയിൽ താമസം തുടർന്നു.

ആധുനിക വിദ്യാഭ്യാസത്തിന്റെ ശ്രദ്ധ പതിപ്പിച്ച അഭിവന്ദ്യ തിരുമേനി അനേകം സ്കൂളുകളും മറ്റും സ്ഥാപിച്ചു. അതിൽ ചിലതാണ് തിരുവല്ല എം.ജി.എം., കുന്നുകുളം, മുളന്തുരുത്തി വിവിധ സ്ഥലങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ചു. സാമൂഹിക ഉച്ചനീചത്വങ്ങൾക്ക് എതിരായി വിപ്ലവകരമായ പല പ്രവർത്തനങ്ങൾക്കും തിരുമേനി നേതൃത്വം വഹിച്ചു. അവശ ക്രൈസ്തവരേയും മറ്റും സാമുഹിക മുഖ്യധാരയിലേക്ക് കൊണ്ടു വരുവാൻ വളരെയധികം യത്നിച്ചു.

1895-ൽ തിരുമേനി വിശുദ്ധനാട് സന്ദർശിക്കുകയുണ്ടായി. അതിന്റെ വെളിച്ചത്തിൽ മലയാളത്തിൽ പ്രസിദ്ധീകരിച്ച ആദ്യത്തെ ലക്ഷണമൊത്ത യാത്രാ വിവരണ ഗ്രന്ഥമായ "ഊർശലേം യാത്രാവിവരണം" തിരുമേനിയാൽ രചിക്കപ്പെട്ടു. പ്രാർത്ഥനയും, നോമ്പും, ഉപവാസവും ജീവിത വൃതമാക്കിയ പരുമല തിരുമേനി ജീവിച്ചിരിക്കുമ്പോൾ തന്നെ ജനഹൃദയങ്ങളിൽ വിശുദ്ധനായി പ്രതിഷ്ഠിക്കപ്പെട്ട പുണ്യപിതാവായിരുന്നു. സഭ 1947-ൽ തിരുമേനിയെ പരിശുദ്ധനായി പ്രഖ്യാപിക്കുകയുണ്ടായി. പ്രഖ്യാപനം നടത്തിയത് പരിശുദ്ധ ബസേലിയോസ് ഗീവർഗ്ഗീസ് ദ്വിതിയനാണ്. ഭാരതത്തിലെ ആദ്യത്തെ പരിശുദ്ധനായി പരുമലതിരുമേനി അറിയപ്പെടുന്നു. ജീവിച്ചിരിക്കുമ്പോഴും കാലം ചെയ്തതിനു ശേഷവും അനേക അത്ഭുത പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതിന് തലമുറ സാക്ഷികളാണ്. മലങ്കരയുടെ ഈ പരിശുദ്ധ പുണ്യപിതാവ് 1902 നവംബർ 2-ാം തീയതി 59-ാം വയസ്സിൽ ഇഹലോകവാസം വെടിഞ്ഞ് കർത്തൃസന്നിധിയിലേക്ക് എടുക്കപ്പെട്ടു. ഇന്നും ജാതിമത വ്യത്യാസം കൂടാതെ തന്നിലുള്ള ഭക്തിയിൽ അഭയപ്പെടുന്ന ഏവർക്കും അനുഗ്രഹമായി ദൈവത്തിൽ നിന്നും കൃപാവരങ്ങൾ പകർന്നുകൊടുക്കുവാൻ സദാ ജാഗരൂകനായി ദൈവസന്നിധിയിൽ മദ്ധ്യസ്ഥനായി നിലകൊള്ളുന്നു.

മലങ്കര സഭയിലെ യുവജനങ്ങൾക്ക് പരിശുദ്ധ പരുമല തിരുമേനിയിൽ ഉൾകൊള്ളുന്ന പാഠം എന്താണ്? പലപ്പോഴും പദയാത്ര നടത്തുവാനും പെരുന്നാളുകൾക്ക് മാറ്റ് കൂട്ടുവാനും നാം ശ്രമിക്കുന്നതിനപ്പുറം തിരുമേനിയുടെ വിശുദ്ധ ജീവിതത്തിൽ അധിഷ്ഠിതമായ സാമൂഹിക മൂല്യങ്ങളെ അനുകരിപ്പാനും മുറുകെ പിടിക്കുവാനും അനുഷ്ഠിക്കുവാനും നമുക്ക് സാധിക്കുന്നുണ്ടോ? തിരുമേനി കാണിച്ചുതന്ന വിദ്യാഭ്യാ സ വീക്ഷണങ്ങളും, സാമൂഹിക ദർശനങ്ങളും പരിശുദ്ധ ജീവിത വിശുദ്ധിയും, സഭയുടെ ആചാരാനുഷ്ഠാനങ്ങളിലുള്ള നിഷ്ഠയും നമ്മൾ അനുവർത്തിക്കുന്നു. എങ്കിൽ മാത്രമേ തിരുമേനിയോടുള്ള ഭക്തിക്കും തിരുമേനിയുടെ നാമ ത്തിലുമുള്ള പെരുന്നാൾ ആഘോഷങ്ങൾക്കും അർത്ഥമുണ്ടാകൂ. അത്തരത്തിൽ അർത്ഥവത്തായ പെരുന്നാൾ ആഘോഷിപ്പാൻ ദൈവം നമ്മെയും സഹായിക്കട്ടെ. ●




# തലക്കെട്ടിൽ നിലം പൊത്തുന്ന ജനാധിപത്യത്തിന്റെ നാലാം സ്തൂപം



അനീഷ് ജേക്കബ്

മുതലാളിത്ത മാധ്യമങ്ങൾ ആദ്യം കൊല ചെയ്യുന്നത് വസ്തുതകളെ ആണെന്നുള്ളത് ഒരു ചരിത്ര വെളിച്ചമാണ്, മൂലധന താൽപ്പര്യവും കോർപ്പറേറ്റ് തീരുമാനങ്ങളും വിധേയപ്പെട്ടു കൊണ്ട് ദൃശ്യ അച്ചടി മാധ്യമങ്ങൾ വസ്തുതാപരമായ മാധ്യമപ്രവർത്തനം കൈമുതൽ ആക്കാതെ ആരുടെയോ കയ്യിലെ പാവകളായി പെരുമാറുന്നു.

പത്തൊമ്പതാം നൂറ്റാണ്ടിലെ ഏറ്റവും സമർത്ഥനായ തത്വചിന്തകനും സ്കോട്ടിഷ് ചരിത്രകാരനുമായ തോമസ് കാറിലെ മാധ്യമങ്ങളെ വിശേഷിപ്പിച്ചത് ജനാധിപത്യത്തിന്റെ നാലാം സ്തൂപം എന്നാണ്. വാസ്തവത്തിൽ അങ്ങനെ ഒരു നാലാം സ്തൂപത്തിൻറെ ദൗത്യങ്ങൾ നിർവഹിക്കുവാൻ ഇന്നത്തെ മാധ്യമങ്ങൾ കഴിയുന്നുണ്ടോ?

നമുക്കു ചുറ്റും നടക്കുന്ന കാര്യങ്ങളെയും അതിന്റെ സാധ്യതകളെയും മനസ്സിലാക്കുന്നതിന് ഒപ്പം ജനാധിപത്യത്തെ കൂടുതൽ സ്വതന്ത്രമാക്കാൻ കെൽപ്പുള്ള നാലാം സ്തൂപം എന്നോണം മീഡിയ പ്രവർത്തനങ്ങൾ.

അഭിപ്രായ സ്വാതന്ത്ര്യം നൽകുകയും പൗരന്മാർക്ക് തങ്ങളുടെ വരണാധികാരം ഉപയോഗിക്കാൻ കഴിയുന്നു എന്നതാണ് ജനാധിപത്യ വ്യവസ്ഥയുടെ കാതലായ ശക്തി. article 19 (1)(a) ഒരു പൗരന് നൽകുന്ന freedom of speech and expression കൂടുതൽ എന്താണ് മാധ്യമങ്ങൾക്ക് ഈ രാജ്യത്തുള്ള പ്രിവിലേജ് എന്ന ചോദ്യം ഉത്തരാധുനിക സമൂഹത്തിൽ നിരന്തരം ഉയരുന്നു. എന്നിരിക്കെതന്നെ സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ മാധ്യമ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന് അനേകം ബില്ലുകൾ പാർലമെൻറ് പാസാക്കിയിട്ടുണ്ട്. തുടരെ രാജ്യത്തിലെ ജുഡീഷ്യറിയുടെ നിരീക്ഷണത്തിലൂടെ മാധ്യമ സ്വാതന്ത്ര്യത്തിന് അഭിപ്രായ സ്വാതന്ത്ര്യം എന്നോണം വിശാലമായി നിരീക്ഷണ വ്യാഖ്യാനങ്ങളുമുണ്ട്. (ഇന്ത്യ എക്സ്പ്രസ് ന്യൂസ്പേപ്പർ vs യൂണിയൻ ഓഫ് ഇന്ത്യ) കേസിൽ മാധ്യമ സ്വാതന്ത്ര്യം ജനാധിപത്യ പ്രവർത്തനങ്ങളുടെ കൃത്യതക്കും സുതാര്യതയ്ക്കും അനിവാര്യമെന്ന് ബഹു. സുപ്രീം കോടതി നിരീക്ഷണം വളരെ പ്രസക്തമാണ്. ഐക്യരാഷ്ട്രസഭയുടെ 1948 ലെ UN Declaration of Human Rights ആർട്ടിക്കിൾ 2ലും 19നും ഇതേ ആശയം വിശാലമായ പറഞ്ഞിട്ടുണ്ട്, സമൂഹത്തിന്റെ പുരോഗതിക്കും പുരോഗമന ആശയങ്ങളിൽ ഊന്നിക്കൊണ്ടുള്ള പ്രയാണത്തെയാണ് ലോകമെമ്പാടും മാധ്യമധർമ്മം എന്ന് വിശേഷിപ്പിക്കുന്നത് ഇതു തന്നെ ഐക്യരാഷ്ട്രസഭയും അടിവരയിട്ട് ഉറപ്പിക്കുന്നു.

ജുഡീഷ്യറിയും ലെജിസ്ലേറ്റീവും എക്സിക്യൂട്ടീവും ജനാധിപത്യത്തെ കെട്ടുറപ്പോടെ നിലനിർത്താൻ വിഭാവനം ചെയ്തപ്പോൾ മീഡിയ ജനാധിപത്യത്തെ നിലനിർത്താനുള്ള നിരീക്ഷണ കണ്ണുകൾ എന്നുള്ളതാണ് ലളിതമായ

> സമൂഹത്തിന് കാര്യമായി സ്വാധീനം ചെലുത്തുന്ന മാധ്യമങ്ങളുടെ സ്വാതന്ത്ര്യം എവിടെ വരെ എന്ന് പൊതുസമൂഹത്തിന് കൃത്യമായി ധാരണയില്ല എന്നുള്ളതാണ് വസ്തുത. മാധ്യമ സ്വാതന്ത്ര്യം എന്നാൽ മാധ്യമപ്രവർത്തകരുടെ സ്വാതന്ത്ര്യമല്ല എന്നാൽ സത്യസന്ധമായ മാധ്യമ പ്രവർത്തനത്തിനുള്ള സ്വാതന്ത്ര്യവും സാഹചര്യവും ആണ് ഭരണഘടന മുന്നോട്ടുവെക്കുന്നത്

ചരിത്രം. ജനാധിപത്യത്തിന്റെ കോണിപ്പടികളിൽ സാധാരണക്കാരന് കാലിടറാതെ ചേർത്തു നിർത്തുന്ന സുഹൃത്തായിരുന്നു ആദ്യകാലം മാധ്യമ പ്രവർത്തനങ്ങൾ. 'വാർത്ത സത്യം ആകണം വിശകലനം സ്വന്തമാക്കണം' എന്നുള്ളതാണ് മാധ്യമങ്ങളുടെ അടിസ്ഥാനതത്വം ഈ തത്വങ്ങളെ കണ്ടുകൊണ്ട് തന്നെയാണ് അടിസ്ഥാന വർഗ്ഗം മാധ്യമങ്ങളിൽ വിശ്വസിച്ചിരുന്നത്, ജുഡീഷ്യറിയും ലെജിസ്ലേറ്റീവും എക്സിക്യൂട്ടീവും മാത്രം പോരാ ജനാധിപത്യം അർത്ഥപൂർണ്ണമാക്കാൻ മറിച്ച് മാധ്യമമെന്ന നാലാം സ്തൂപം കൂടി വേണം ജനപക്ഷത്തു നിന്നുകൊണ്ട്.

ജനാധിപത്യ വിശ്വാസികളുടെ പ്രതീക്ഷ യുത്ത് ശബ്ദമായ മാധ്യമം സാധാരണക്കാരനും ജനാധിപത്യ മാർഗ്ഗങ്ങളും തമ്മിൽ വിളക്കിച്ചേർത്ത ഉരുക്കു പാലം കൂടെയാണ്.

സ്വതന്ത്രവും നിഷ്പക്ഷവും മാധ്യമപ്രവർത്തനവും ഏറ്റവും കൂടുതൽ വേട്ടയാടപ്പെട്ടത് അടിയന്തരാവസ്ഥ കാലത്ത് ആണെന്ന് ഓർക്കണം, ലോകചരിത്രത്തിൽ എങ്ങനെ നാടകങ്ങളെ സെൻസർ ചെയ്താൽ Licensing Act കൊണ്ടു വന്നു അതുപോലെതന്നെ ഇന്ത്യൻ ജനാധിപത്യം ശക്തമായ കടന്നാക്രമണങ്ങൾ നേരിട്ട് അടിയന്തരാവസ്ഥക്കാലത്ത് പത്രമാധ്യമങ്ങൾ എല്ലാം ഭരണകൂടം താല്പര്യങ്ങൾക്ക് നിർബന്ധിതമായി സെൻസർ ചെയ്യപ്പെട്ടു. (ടൈംസ് ഓഫ് ഇന്ത്യ പ്രസിദ്ധീകരിച്ച ജനാധിപത്യം മരിച്ചു എന്ന ചരമവാർത്ത അത് വളരെ ശ്രദ്ധേയമായിരുന്നു D'OCracy - D.E.M., beloved husband of T. Ruth, loving father of L.I. Bertie, brother of Faith, Hope, Justicia, expired on June 26.) സ്വതന്ത്ര നിർഭയ മാധ്യമപ്രവർത്തകർ എല്ലാം തുറങ്കിൽ അടക്കപ്പെട്ട ഇരു നാളുകളായിരുന്നു, വസ്തുത എന്തെന്നാൽ എന്നാൽ നവമാധ്യമ കാലത്ത് നാം എല്ലാവരും ഒരു അപ്രഖ്യാപിത അടിയന്തരാവസ്ഥയിൽ തന്നെയാണ്. നാം എന്തു കാണണം എന്തു ചിന്തിക്കണം എന്നിവ നവമാധ്യമ അൽഗോരിതങ്ങളാണ്. ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ് ഫ്രാൻസിലെ അധ്യാപകനെ പ്രവാചക നിന്ദ എന്ന് പറഞ്ഞു തലയറുത്ത് ആ വാർത്തയുടെ താഴെ കാണുന്ന കമന്റ് നോക്കിയാൽ എങ്ങനെ സമൂഹം മനുഷ്യത്വരഹിതമായി കീഷൻ ചെയ്യുന്നു ഈ സൈബർ സ്പേസുകൾ എന്ന് വ്യക്തമാണ്. എന്നാൽ കാലം മാറിയതോടൊപ്പം ആധുനിക മാധ്യമങ്ങളുടെ കോലവും മാറി പ്രവർത്തനശൈലിയും മാറി കോർപ്പറേറ്റ് നിയന്ത്രിക്കപ്പെടുന്ന കോർപ്പറേറ്റ് താല്പര്യങ്ങ ൾക്ക് വിധേയപ്പെടുന്ന മാധ്യമങ്ങൾക്ക് ജനാധിപത്യത്തിന്റെ നാലാം സ്തൂപമായി നിലനിൽ ക്കാൻ എങ്ങനെ സാധിക്കും. സാമ്പത്തിക രാഷ്ട്രീയ മാനേജ്മെന്റ് താത്പര്യങ്ങൾക്ക് അതീ തമായി ഇന്ന് മുഖ്യധാരാമാധ്യമങ്ങൾ പ്രവർ ത്തിക്കുന്നില്ല എന്നുള്ളത് ഓരോ ജനാധിപത്യ വിശ്വാസികളെ വേദനിപ്പിക്കുന്ന യാഥാർഥ്യമാണ്.


സമൂഹത്തിന് കാര്യമായി സ്വാധീനം ചെലുത്തുന്ന മാധ്യമങ്ങളുടെ സ്വാതന്ത്ര്യം എവിടെ വരെ എന്ന് പൊതുസമൂഹത്തിന് കൃത്യമായി ധാരണയില്ല എന്നുള്ളതാണ് വസ്തുത. മാധ്യമ സ്വാതന്ത്ര്യം എന്നാൽ മാധ്യമപ്രവർത്തകരുടെ സ്വാതന്ത്ര്യമല്ല എന്നാൽ സത്യസന്ധമായ മാധ്യമ പ്രവർത്തനത്തിനുള്ള സ്വാതന്ത്ര്യവും സാഹചര്യവും ആണ് ഭരണഘടന മുന്നോട്ടുവെക്കുന്നത്. ബാലിശവും പൊള്ളയായ ന്യായവാദങ്ങൾ ഇളക്കിവിട്ട് അതിലൂടെ അരക്ഷിതാസ്ഥയും ആശങ്കയും നിലനിർത്തുന്നതാണ് ആധുനിക മുഖ്യധാര മാധ്യമങ്ങളുടെ ഇവിടെ കാണപ്പെടുന്ന രീതി. 'തലക്കെട്ടും - തംപ് നായിലും' തമ്മിൽ പ്രകടമായ വ്യത്യാസം കാണാൻ കഴിയില്ല നല്ല ശ്രദ്ധ പിടിച്ചു പറ്റാൻ വേണ്ടി വാർത്തയുടെ പ്രധാന ആശയത്തെ വളച്ചൊടിച്ച് വികാരത്തെ നീറുന്ന ഒരു തലവാചകവും നൽകി തന്നെയാണ് ആണ് നമ്മുടെ പത്രങ്ങളിൽ രാവിലെ കാണാൻ സാധിക്കുന്നത് അതേ മാതൃക തന്നെയാണ് നവമാധ്യമ പ്രവർത്തകരും സ്വീകരിച്ചിരിക്കുന്നത്.

വസ്തുതകൾ ജനങ്ങളിലേക്ക് എത്തിക്കുവാനും ജനങ്ങളുടെ പോരാട്ടത്തെ പൊതുസമൂഹത്തിൽ അവതരിപ്പിക്കുവാനുള്ള ഉത്തരവാദിത്വത്തിൽ നിന്നും പ്രവർത്തിക്കുന്ന മാധ്യമസ്വാതന്ത്ര്യം

മാണ് പൊതുജനം മാധ്യമങ്ങളിൽ നിന്നും പ്രതീക്ഷിക്കുന്നത്.

മാധ്യമങ്ങൾക്ക് എന്താ കൊമ്പുണ്ടോ എന്ന് ചോദ്യത്തിൽ നിന്നും Get Lost Media Liars എന്ന ഹാഷ് ടാഗ് വരെ എത്തി നിൽക്കുന്നു കുപ്രചാരകരായ മാധ്യമങ്ങളോടുള്ള നീരസം. മാധ്യമ മേഖലയെ ഗ്രസിച്ചിരിക്കുന്ന അപചയത്തിന്റെ കാരണങ്ങളെ സ്വയം വിമർശനാത്മകമായി കാണുകയും നൈതികത എവിടെ കൈമോശം വന്നു എന്നു പരിശോധിക്കാൻ ഒരു സോഷ്യൽ ഓഡിറ്റിങ് വിധേയമാവാൻ മാധ്യമങ്ങൾ തയ്യാറാവണം

സ്വകാര്യതയുടെ മേലുള്ള കടന്നുകയറ്റം എന്നോണം മാധ്യമങ്ങളിൽ പ്രവർത്തിച്ചു വരുന്നത് ദുഃഖകരമായ വസ്തുതയാണ്. അനുവാദം കൂടാതെ വ്യക്തികളുടെ ജീവിതത്തിലേക്കുള്ള കടന്നുകയറ്റം ഇന്ന് മാധ്യമങ്ങൾ നിത്യ തൊഴിലാക്കി. ഒരു മൈക്രോഫോണും ക്യാമറയുമായി പാഞ്ഞുനടക്കുന്ന ഇവർ പലപ്പോഴും സമൂഹത്തിൽ വാർത്തകളും അരക്ഷിതാവസ്ഥകളും തങ്ങളുടെ താൽപര്യത്തിനു വേണ്ടി സൃഷ്ടിക്കുകയാണ്, ദുഃഖങ്ങൾ ബിഗ് ബ്രേക്കിംഗ് ആയി ആഘോഷിക്കുകയും വസ്തുതകളെ ഗോപ്യമായി വെച്ചുകൊണ്ട് വളഞ്ഞു ചുറ്റിയുള്ള റിപ്പോർട്ടിങ്ങും വഴി പൊതുബോധം നിർമ്മിതിയിൽ തെറ്റായ ദിശയിലേക്ക് നയിക്കപ്പെടുന്നു. ജീവിച്ചിരിക്കുന്ന ഉദാഹരണങ്ങളിലൊന്നാണ് ISRO മുൻ ശാസ്ത്രജ്ഞൻ നമ്പി നാരായണൻ അദ്ദേഹത്തിന്റെ വാക്കുകളെ കടമെടുത്താൽ അത് 'ഒരു കുപ്പി മദ്യവും കോഴിക്കാലും ഉണ്ടെങ്കിൽ എന്ത് നുണയും എഴുതി പിടിപ്പിക്കാം' എന്നുള്ളതാണ് ഒരു മുഖ്യധാര പത്രത്തെക്കുറിച്ച് അദ്ദേഹം വിശേഷിപ്പിച്ചത്. സർക്കുലേഷൻ ഭീമന്മാർ എന്ന് സ്വയം ശീർഷകത്വം അലങ്കാരം ആക്കിയ ഇവർതന്നെ മാധ്യമ ഭീകരതയുടെ ഒളിഞ്ഞും തെളിഞ്ഞുമുള്ള ഉദാഹരണം കൂടിയാണ്.



'ഒന്നു മനസ്സിലാക്കണം വ്യക്തിസ്വാതന്ത്ര്യത്തിന് താഴെയുള്ള മാധ്യമസ്വാതന്ത്ര്യം'

പർവതികരണം എന്നുള്ളത് മാധ്യമങ്ങളുടെ സമ്മത നിർമ്മാണത്തിനും മറ്റൊരു മുഖമാണ്. ഈ ദശകത്തിലെ അവസാനം നിരന്തരം കേൾക്കുന്ന വാക്കാണ് 'സത്യാനന്തരകാലം കാലം അഥവാ സത്യാനന്തര രാഷ്ട്രീയം' എന്നുള്ളത്, തലമുറകളെ സാമൂഹിക യാഥാർത്ഥ്യങ്ങളിൽ നിന്നും മറച്ചു നിർത്തുവാൻ കെൽപ്പുള്ള വളരുന്ന വിഷവൃക്ഷം തന്നെയാണ് സത്യാനന്തര സമൂഹം നാമറിയാതെ എങ്കിലും ഇതിന്റെ ഭാഗമായോ എന്ന് സ്വയം പരിശോധന നടത്തണം. ഈ കാലത്തിന്റെ പ്രത്യേകത പൊതുബോധ രൂപീകരണത്തിൽ യുക്തിഭദ്രമായ വസ്തുതകളെ ഉപയോഗിക്കാതെ വ്യക്തിഗതമായ നിഗമനങ്ങളെയും വിശ്വാസങ്ങളെയും സാഹചര്യങ്ങളെയും സമർഥമായി ഉപയോഗിക്കുന്ന സാഹചര്യം. ഇതിന്റെ ഏറ്റവും പ്രകടമായ ഉദാഹരണങ്ങളിലൊന്നാണ് നമ്മുടെ റൈൻ ടൈം ചർച്ചകൾ ന്യൂസ് ചാനലുകൾ നടക്കുന്ന. ഈ ചർച്ചകൾ കാണുന്ന ഭൂരിപക്ഷത്തിനും മനസ്സിലാവില്ല എന്താണ് സത്യമെന്ന് എന്ന് വാസ്തവത്തിൽ ഈ മാധ്യമ താൽപര്യങ്ങളുടെ മറവിൽ നിൽക്കുകയുള്ളൂ സത്യങ്ങൾ വിശ്വാസത്തെയും വികാരത്തെയും ഉപയോഗിച്ചുകൊണ്ട് പൊതുബോധത്തെ നിർമ്മിക്കുന്ന എന്ന ശക്തമായ പ്രയോഗമാണ് ഇന്ന് നമ്മുടെ മാധ്യമങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്.

ആധുനിക കാലത്ത് വിവരങ്ങളുടെ ജനകീയവൽക്കരണം എന്നോണം നവമാധ്യമങ്ങൾ സൃഷ്ടിക്കുന്ന വാർത്തകൾക്ക് വസ്തുതകളുടെ യാതൊരു പിൻബലവും ഇല്ല എന്നുള്ളതാണ് പരമസത്യമാണ്. സോഷ്യൽ മീഡിയയിൽ വരുന്ന വാർത്തകൾക്ക് ആയുർദൈർഘ്യവും പിതൃത്വവും കാണില്ല അതോടൊപ്പം തന്നെ ഇവ നുണ നിർമ്മാണ ഫാക്ടറികൾ ആയി അധഃപതിക്കുന്നു. രണ്ട് ഡസനോളം നവമാധ്യമ വാർത്ത അക്കൗണ്ടുകൾ 40000 വ്യൂസ്സിൽ പുറത്താണ് കിട്ടുന്നത് ഇവയിൽ ഒന്നു പോലും വസ്തുതാപരമായി വാർത്തകളെ വിശകലനം ചെയ്യുന്നതിന് പകരം വൈകാരികമായും അശാസ്ത്രീയതയോടെ കാര്യങ്ങൾ പ്രചരിപ്പിക്കുകയും അതു വഴി സൈബർ ബുള്ളിയിങ്ങിന് വഴിയൊരുക്കുകയും കൂടിയാണ് നിരുത്തരവാദപരമായി

പ്രവർത്തിക്കുന്ന നവമാധ്യമങ്ങൾ മാതൃകയാക്കുന്നത് നമ്മുടെ നാട്ടിലെ മുൻനിര മാധ്യമങ്ങളുടെ ശൈലി തന്നെയാണെന്ന് പറയാതെ വയ്യ

'വാക്കുകൾ കേവലം വികാരത്തിന് ഉപകരണങ്ങൾ മാത്രമല്ല വാക്കുകൾ കൃത്യമായ സംവേദനത്തിന് ആയുധങ്ങൾ കൂടിയാണ്' നിഷ്പക്ഷ മാധ്യമ പ്രവർത്തനം നടത്തുമ്പോൾ പല വിലക്കുകളും വരാം. കാരണം അത് ചിലരെ അസ്വസ്ഥരാക്കിയേക്കും നിഷ്പക്ഷമായ മാധ്യമ പ്രവർത്തനത്തിന് സ്വാതന്ത്ര്യം ആവശ്യമാണ് കാരണം ജനങ്ങൾ വിശ്വസിക്കുന്നുണ്ട്. നേരുള്ള മാധ്യമ പ്രവർത്തനത്തിൽ വേദനിപ്പിക്കുന്ന മറ്റൊരു സത്യം എന്തെന്ന് വെച്ചാൽ ലോക മാധ്യമ സ്വാതന്ത്ര്യ റാങ്കിംഗ്: ഇന്ത്യൻ ന്യൂസ് മീഡിയയ്ക്ക് വിശ്വാസ്യത നഷ്ടപ്പെട്ടോ? കണക്കുകൾ ഉദ്ധരിച്ച് ചോദ്യം ചോദിച്ചിട്ട് മാസങ്ങൾ ആകുന്നതേയുള്ളൂ.


180 രാജ്യങ്ങളിൽ നടത്തിയ പഠനത്തിൽ 142 -മത് സ്ഥാനമാണ് ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രത്തിലെ മാധ്യമ സ്ഥാപനങ്ങൾ നേടാൻ സാധിച്ചത് എന്നുള്ളത് ഭയപ്പെടുത്തുന്ന വസ്തുതയാണ്.

ദ ടെലഗ്രാഫ് എന്ന പത്രസ്ഥാപനത്തിൽ എഡിറ്റർ ആർ രാജഗോപാൽ രേഖപ്പെടുത്തിയത് ഇന്ത്യൻ മാധ്യമങ്ങളുടെ വിശ്വാസിയത പാതാളത്തിൽ എത്തിയെന്നാണ് കൂടെ ചേർത്തു വായിക്കണം.

●



# വൃക്കരോഗം എങ്ങനെ തടയാം?



ഇന്ന് പലരും അഭിമുഖീകരിക്കുന്ന പ്രശ്നമാണ് വൃക്കരോഗം. നമ്മുടെ ജീവിത ശൈലിയാണ് ഇത്തരം പല രോഗങ്ങളിലേക്കും നയിക്കുന്നത്. വൃക്ക രോഗം പലപ്പോഴും ആദ്യം തന്നെ കത്തി ഫലപ്രദമായ ചികിത്സ നൽകാൻ കഴിയാറില്ല. വൃക്കകളുടെ പ്രവർത്തനം 70 ശതമാനവും നഷ്ടപ്പെട്ടതിന് ശേഷമാണ് രോഗം തിരിച്ചറിയുക. എന്നാൽ ചില സമയം ശരീരം തന്നെ രോഗ സൂചനകൾ നൽകാറുണ്ട്.

വൃക്കകൾ ശരീരത്തിലെ ഉപ്പിന്റെയും വെള്ളത്തിന്റെയും പ്രധാന ലവണങ്ങളായ കാൽസ്യം, സോഡിയം, പൊട്ടാസ്യം, ഫോസ്ഫറസ്, മഗ്നീഷ്യം എന്നിവയുടെ അളവിനെ ക്രമീകരിക്കുന്നു.

ശരീരത്തിന്റെ രക്തസമ്മർദം കൂടാതെയും കുറയാതെയും ക്രമീകരിക്കുകയും വിവിധതരം ഹോർമോണുകൾ ഉത്പാദിപ്പിക്കുകയും ചെയ്യുന്നത് വൃക്കകളാണ്.

**വൃക്ക രോഗത്തിന്റെ കാരണങ്ങൾ:**

ജീവിത ശൈലി രോഗങ്ങളായ ഡയബറ്റിസ്, അമിതരക്തസമ്മർദം, പൊണ്ണത്തടി.

വൃക്കൾക്ക് തകരാർ വരുത്തുന്ന വിവിധതരം മരുന്നുകളുടെ ഉപയോഗം

പുകവലി,മദ്യപാനം

**ലക്ഷണങ്ങൾ**

മൂത്രത്തിന്റെ അളവ് കുറയുക, മുഖത്തും കാൽപാദങ്ങളിലും നീര് ഉണ്ടാകുക, മൂത്രത്തിൽ രക്തം കലരുക, മൂത്രമൊഴിക്കുമ്പോൾ ഉണ്ടാകുന്ന അസ്വസ്ഥതകളും പുകച്ചിലും, ഇടക്കിടെ മൂത്രമൊഴിക്കാൻ തോന്നൽ (പ്രത്യേകിച്ച് രാത്രിയിൽ), കണങ്കാലുകളിൽ വേദനയില്ലാത്ത നീർക്കെട്ട് (ചിലപ്പോൾ ഇത് കൈകളിലും കൺതടങ്ങളിലും കാണാം), വാരിയെല്ലിന് കീഴ്ഭാഗത്തായി പുറംവേദന, ഇടുപ്പിലും വേദന, ഉയർന്ന രക്തസമ്മർദം.

**വൃക്കരോഗം തടയാൻ**

പ്രമേഹം പൂർണമായും നിയന്ത്രണ വിധേയമാക്കുക, രക്തസമ്മർദം നിയന്ത്രണവിധേയമാക്കുക, വറുത്തതും പൊരിച്ചതുമായ ഭക്ഷണസാധനങ്ങൾ ഒഴിവാക്കുക, ഉപ്പിന്റെ ഉപയോഗം കുറക്കുക, കൃത്യമായി വ്യായാമം ചെയ്യുക, പുകവലി, മദ്യപാനം ഒഴിവാക്കുക, ഡോക്ടർമാരുടെ നിർദേശമില്ലാതെ മരുന്ന് ഉപയോഗിക്കാതിരിക്കുക, നിർജീലീകരണം ഒഴിവാക്കുക, ധാരാളം വെള്ളം കുടിക്കുക.

70ശതമാനത്തിലധികം വൃക്കരോഗങ്ങൾ ഉണ്ടാകുന്നത് നമ്മുടെ ജീലവിതശൈലിയിലെ മാറ്റങ്ങളും ഭക്ഷണക്രമത്തിലെ മാറ്റങ്ങളും കൊണ്ടാണ്. അതിനാൽ വൃക്കരോഗം വരാതിരിക്കാൻ ആരോഗ്യകരമായ ഭക്ഷണശൈലി നാം പിന്തുടരണം.



റവ.ഫാ. ജസ്റ്റിൻ എബ്രഹാം

# ദൈവാലയം

നാം ജീവനുള്ള ദൈവത്തിന്റെ ആലയമല്ലോ...

സ്മൃതിയിൽ പോലും പുണ്യം നൽകുന്ന ഒരോർമ്മയാണ് ദൈവാലയം. ഒരമ്മയുടെ ഉദരത്തിന്റെസംരക്ഷണവും പ്രശാന്തിയുമാണ്അത് നമുക്ക് പ്രദാനം ചെയ്യുന്നത്. പാദ രക്ഷകൾ അഴിച്ച്വച്ച് അവിടെ പ്രവേശിക്കുമ്പോൾ പകരമത് പ്രാണന് നൽകുന്നത് അതിജീവനത്തിന്റെ ആവേഗങ്ങളാണ്. അതിന്റെ സ്വച്ഛതയും സജീവതയും മനസ്സിനു നൽകുന്ന സാന്ത്വനം വാക്കുകൾതീതമാണ്. അതുകൊണ്ടാവണം ദൈവാലയത്തെക്കുറിച്ച് ഇത്രയേറെ ശക്തമായിവ്യക്തമായി വിശുദ്ധ ബൈബിൾ പ്രതിപാദിക്കുന്നത്. " ഞാൻ അവരുടെ നടുവിൽ വസിപ്പാൻ അവർ എനിക്ക്ഒരു വിശുദ്ധ മന്ദിരം ഉണ്ടാക്കണം" (പുറപ്പാട് 25:8)

മോശയ്ക്ക് ദൈവം നൽകുന്ന കൽപനയാണിത്. ദൈവംവസിക്കുന്ന ഇടമാണ് ദൈവാലയം. ഈ ആലയത്തിന്റെ ആത്മനിറവിൽ നിന്നുകൊണ്ടാണ് സങ്കീർത്തനക്കാരൻ പാടുന്നത്. സൈന്യങ്ങളുടെ യഹോവേ തിരുനിവാസം എത്ര മനോഹരം. നിന്റെ ആലയത്തിൽ വസിക്കുന്നവർ ഭാഗ്യവാൻമാർ (സങ്കീർത്തനങ്ങൾ 84:1,4)

പഴയനിയമത്തിലൂട നീളംതന്റെ ആലയത്തെക്കുറിച്ച് സ്വപ്നങ്ങളും പ്രതീക്ഷകളും പുലർത്തുന്ന അത് നിർമ്മിക്കുന്ന / നിർമ്മിക്കാൻ മനുഷ്യന് ചിട്ടവട്ടങ്ങൾ നൽകുന്ന ദൈവത്തെ നമുക്ക്കാണാം. ദാവീദിനും ശലോമോനും കർത്താവിന്റെ ആലയ നിർമ്മാണത്തിൽ അതീവ ശ്രദ്ധാലുക്കളായിരുന്നതിന് വേദപുസ്തകം സാക്ഷ്യം നൽകുന്നു.
(1 ദിനവൃത്താന്തം 28:29)

ആലയത്തെക്കുറിച്ചുള്ള തീഷ്ണത എന്നെ വിഴുങ്ങിക്കളഞ്ഞു. എന്ന് ക്രിസ്തുമൊഴി ദൈവം ഇത്രമാത്രംകരുതുന്ന ആലയക്കെക്കുറിച്ച് നാം എത്രമാത്രം കുടുതൽ കരുതേണ്ടിയിരിക്കുന്നു. അതിലടിഞ്ഞുകൂടി. അഴുക്കും വിഴുപ്പും കഴുകി വിശുദ്ധീകരിക്കാൻ ഒരു കർമ്മശേഷി ഈ ജീവിതത്തിനുണ്ടാകണം. നാണയമാറ്റകാരെയും പ്രാവുവിൽപനക്കാരെയും പുറത്താക്കികൊണ്ട് ദൈവലോകം പ്രാർത്ഥനാലയമാണെന്നും അവിടെ ക്രയവിക്രയങ്ങളും കച്ചവടങ്ങളും അവസാനിപ്പിക്കണമെന്നും ക്രിസ്തു ശഠിക്കുമ്പോൾ അത് നമ്മുടെ ദൈവാലയ വിചാരത്തെക്കുറിച്ച് ഒരു പുനർവിചിന്തനത്തിന് നമ്മെ ക്ഷണിക്കുന്നു.

ദൈവാത്മാവ് കുടികൊള്ളുന്ന ആലയമാണ് നിങ്ങൾ എന്ന് വി.പൗലോസിന്റെ ഉദ്ബോധനം ശ്രമിക്കുമ്പോൾ എന്റെ ഹൃദയമാണ് ദൈവത്തിന്റെ അചഞ്ചലമായ ആസ്ഥാനം എന്ന് രവീന്ദ്രനാഥ ടാഗോറിന്റെ വാക്കുകൾ ഓർക്കുമ്പോൾ ഈ തിരിച്ചറിവാണ് നമുക്ക് ഉണ്ടാകേണ്ടത്.

ദൈവാത്മാവ് കുടികൊള്ളുന്ന ആലയമാണ് നിങ്ങൾ എന്ന് വി. പൗലോസിന്റെ ഉദ്ബോധനം ശ്രമിക്കുമ്പോൾ എന്റെ ഹൃദയമാണ് ദൈവത്തി ന്റെ അചഞ്ചലമായ ആസ്ഥാനം എന്ന് രവീ ന്ദ്രനാഥ ടാഗോറിന്റെ വാക്കുകൾ ഓർക്കുമ്പോ ൾ ഈ തിരിച്ചറിവാണ് നമുക്ക് ഉണ്ടാകേണ്ടത്.

എന്റെ മനസ്സും ശരീരവും അവന്റെ ആലയമാണെന്നുള്ള ബോധ്യമുണ്ടായിരിക്കുക. അതിൽ അഹിതമായതിനെ അടർത്തിമാറ്റുക, അതിലേക്ക് വിശുദ്ധമായതിനെ വീണ്ടെടുക്കുക എന്നതാണ് അതിനർത്ഥം. ശരീരത്തെപ്പറ്റിയുള്ള ആലയവിചാരത്തെ എത്ര ചങ്കുറപ്പോടെയാണ് ക്രിസ്തു നേരിടുന്നത്.

ഈ ആലയം നിങ്ങൾ നശിപ്പിക്കുക മൂന്ന് ദിവസങ്ങൾ കൊണ്ട് ഞാനത് പുനരുദ്ധരിക്കും എന്നവർ പറഞ്ഞത് അതിനാലാണ്. ഈ ആലയ പുനരുദ്ധാരണത്തിനു വേണ്ടിയായിരുന്നു അവന്റെ ജനന- ജീവിത- സഹന- മരണ ഉത്ഥാനങ്ങൾ. പഴയ നിയമത്തിൽ എത്രമാത്രം ശ്രദ്ധയോടുകൂടിയാണോ കല്ലുംമണ്ണും പൊന്നും തങ്കവുംകൊണ്ട് ദൈവാലയവും അതിന്റെ ശ്രീകോവിലുമൊക്കെ നിർമ്മിച്ചിരിക്കുന്നത്. അതിലേറെ സൂക്ഷമതയോടും സുനിശ്ചിതത്വത്തോടും കൂടെയാണ് പുതിയ നിയമത്തിൽ ക്രിസ്തു ദൈവാലയവിചാരം നടത്തുന്നത്.

അവന്റെ മരണത്തിൽ ദൈവാലയത്തിലെ തിരശ്ശീല അടിമുതൽ മുടിവരെ വിണ്ടുകീറ് എന്ന് പറയുമ്പോൾ അതുവരെയുണ്ടായിരുന്ന ദൈവമനുഷ്യ വിദൂരതയാണ് കീറിമാറിയത്.

മനുഷ്യനിർമ്മിതമായ ദൈവാലയത്തിനപ്പുറം മനുഷ്യവ്യക്തികളാകുന്ന ഒരു ദൈവാലയ സംസ്കാരം രൂപപ്പെടുത്തണമെന്ന പുതിയ നിയമ പാഠം പ്രസക്തമാണ്. സകലതിലും പൊരുളായവൻ സകലരിലും ഉണ്ടെന്ന തിരിച്ചറിവ് ജാതി - മത - വർഗ - ജന്തു - സസ്യ വിവേചനമെന്യേ സകലതിലും ഈ ആലയത്തെ ദർശിക്കാനാണ് സകലവേദങ്ങളും നമ്മുടെ സംസ്കാരവുമൊക്കെ നമ്മെ ഉദ്ബോധിപ്പിക്കുന്നത്.

ഗീതാഞ്ജലിയുടെ പ്രസാദചിന്ത ഇങ്ങനെയാണ്. ഇവിടെയാണ് അങ്ങയുടെ പാദപീഠം, നിർദ്ധനരും, നിസ്വരും, നിന്ദിതരും വസിക്കുന്നിടത്താണ് അങ്ങയുടെ പാദസ്പർശം, മണ്ണ്കിളച്ച് മിറത്തുന്ന എന്റെയും കരിമ്പാറ പൊട്ടിച്ച് പാതതീർക്കുന്നവന്റെയും സമീപമാണ്ദൈവം. വെയിലിലും മഴയിലും അവരോടൊപ്പമാണവൻ. അവന്റെമേലങ്കി പൊടിയണിഞ്ഞിരിക്കുന്നു. നിങ്ങളുടെ ആ മേലാടകളും വിശിഷ്ട വസ്ത്രങ്ങളും ഊരിമാറ്റി അവനെപ്പോലെ പൂഴിമണ്ണിലേക്കിറങ്ങിച്ചെല്ലുക.

നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന് പ്രസാദമുള്ള യാഗമായി സമർപ്പിപ്പിൻ (റോമർ 12:1)

എന്ന് വിശുദ്ധ ബൈബിൾ പ്രബോധിപ്പിക്കുമ്പോൾ യഥാർത്ഥമായ ദൈവാരാധന വിശുദ്ധമായി മനുഷ്യ ശരീരങ്ങളെ കാണുന്നതും അതിൽ സ്നേഹാദരവുകളുടെ കെടാവിളക്കുകൾ തെളിയിക്കുന്നതുമാണെന്ന് ഉറപ്പിക്കുകയാണ്. ഈ പ്രപഞ്ചം മുഴുവനും വിശ്വവിധാതാവിന്റെദൈവാലയമാണ്. ഇതിലെ ഓരോശരീരവും അതിന്റെ ചെറുപതിപ്പുകളാണ് അതിന് മുമ്പിൽ നമ്രശിരസ്കരായി ആദരവോടെ തൊട്ടുതൊടാനുള്ള ഒരുവിളിയും നമുക്കുണ്ട്.

# 144 മണിക്കൂർ അഖണ്ഡപ്രാർത്ഥനയ്ക്ക് തുടക്കമായി




ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ പരുമല പെരുന്നാളിനോടനുബന്ധിച്ച് ഒക്ടോബർ 26 മുതൽ നവംബർ 1 വരെ നടത്തുന്ന അഖണ്ഡപ്രാർത്ഥനയ്ക്ക് തുടക്കമായി. എല്ലാ വർഷവും പരുമല അഴിപ്പുരയിൽവെച്ച് നടത്തുന്ന അഖണ്ഡപ്രാർത്ഥന ഈ വർഷം കോവിഡ് പ്രോട്ടോക്കോൾ പാലിക്കേതിനാൽ മലങ്കരസഭയിലെ ഭദ്രാസനങ്ങൾ നിശ്ചയിക്കുന്ന സ്ഥലങ്ങളിൽ 144 മണിക്കൂർ പ്രാർത്ഥന നടത്തും. പരുമലയിൽ യുവജനപ്രസ്ഥാനം കേന്ദ്ര പ്രസിഡന്റ് അഭി.ഡോ.യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് അദ്ധ്യക്ഷത വഹിച്ചു. നിലയ്ക്കൽ ഭദ്രാസനാധിപൻ അഭി.ഡോ.ജോഷ്വാ മാർ നിക്കോദിമോസ് ഉദ്ഘാടനം നിർവഹിച്ചു. അസ്സോസ്സിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, പരുമല സെമിനാരി മാനേജർ ഫാ.എം.സി.കുര്യാക്കോസ്, വൈസ് പ്രസിഡന്റ് ഫാ.വർഗ്ഗീസ് ടി. വർഗ്ഗീസ്, കേന്ദ്ര ജനറൽ സെക്രട്ടറി ഫാ.അജി കെ.തോമസ്, ട്രഷറാർ ജോജി പി.തോമസ്, കേന്ദ്ര റീജിയണൽ സെക്രട്ടറി മത്തായി ടി. വർഗ്ഗീസ്, കെവിൻ ടോം റെജി എന്നിവർ പ്രസംഗിച്ചു.

# മാർച്ച് നടത്തി




റാന്നി : കുടപ്പനക്കുളം പടിഞ്ഞാറെ ചരുവിൽ പി.പി.മത്തായിയുടെ മരണത്തെപ്പറ്റി നീതിപൂർവ്വമായ അന്വേഷണം നടത്തണമെന്നും കുടുംബത്തിന് സഹായവും സംരക്ഷണവും നൽകണമെന്നും ആവശ്യപ്പെട്ട് ഓർത്തഡോക്സ് യുവജനപ്രസ്ഥാനം തണ്ണിത്തോട് ഡിസ്ട്രിക്റ്റിന്റെ നേതൃത്വത്തിൽ വനം ഡിവിഷൺ ഓഫീസിലേക്ക് മാർച്ചും ധർണ്ണയും നടത്തി. കേന്ദ്ര ജനറൽ സെക്രട്ടറി ഫാ. അജി വർഗ്ഗീസ് ഉദ്ഘാടനം ചെയ്തു. ഫാ. ബിജു തോമസ് പറന്തൽ അദ്ധ്യക്ഷത വഹിച്ചു. റോണി വർഗ്ഗീസ്, ഫാ.പി.വൈ.ജെസൻ, വർഗ്ഗീസ് പേരയിൽ, അലക്സ് കെ.പോൾ, ജോജി പി.തോമസ്, എം.ജെ.രഞ്ചു, ബോബി കാക്കാനപ്പള്ളിൽ, നിതിൻ മണക്കാട്ടുമണ്ണിൽ, അനി കിഴക്കുപുറം, എം.ബി.ജസ്റ്റിൻ, ജോമോൻ മരുതൂർ എന്നിവർ പ്രസംഗിച്ചു.

# ഉറവയിലേക്ക് - വേദ വിശ്വാസ പഠന പദ്ധതി

ഓർത്തോഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം കഴിഞ്ഞ 3 വർഷങ്ങളായി OCYM അംഗങ്ങളുടെ യൂണിറ്റ് പഠനത്തിനായി ക്രമീകരിച്ച വേദ വിശ്വാസ പഠനപദ്ധതിയാണ് ഉറവയിലേക്ക്........

കഴിഞ്ഞ 3 വർഷങ്ങളിലും പഠനത്തിനാവശ്യമായ നോട്ടുകൾ തയാറാക്കി നൽകിയ വന്ദ്യ വൈദികരോടുള്ള നന്ദി അറിയിക്കുന്നു. ഈ പഠനത്തിൽ പങ്കെടുത്തു പരീക്ഷ എഴുതിയ പ്രിയ പഠിതാക്കൾ യുവദർശൻ അവാർഡ് കരസ്ഥമാക്കിയവർ വിജയികളായവർ ഏവർക്കും അനുമോദനങ്ങൾ...........

കേന്ദ്രത്തിൽ നിന്നും തയ്യാറാക്കി നൽകിയ നോട്ടുകൾ യഥാ സമയം യൂണിറ്റ് പഠിതാക്കൾക്ക് നല്കി പരീക്ഷ ക്രമീകരണങ്ങൾ വളരെ ഭംഗിയായി ക്രമീകരിച്ച ഭദ്രാസന, യൂണിറ്റ് ചുമതലക്കാർ, പ്രവർത്തകർ, അംഗങ്ങൾ എന്നിവരോടുള്ള സ്നേഹം അറിയിക്കുന്നു.

## ഈ വർഷത്തെ കേന്ദ്രതല യുവദർശൻ അവാർഡ് കരസ്ഥമാക്കിയവർ

**ഒന്നാംസ്ഥാനം**



**ഷെറിൻ മറിയം ജിജോ**
(സെന്റ്.തോമസ് ഗുജറാത്ത്
അഹമ്മദാബാദ് ഭദ്രാസനം)

**രണ്ടാംസ്ഥാനം**



**ബോണി എം. ചാക്കോ**
(സെന്റ് മേരീസ് കത്തീഡ്രൽ
ബഹറിൻ
ബോംബെ ഭദ്രാസനം)

**മൂന്നാംസ്ഥാനം**



**ദീപ്തി ജോർജ്ജ്**
(മാർ പീലക്സിനോസ്
അട്ടച്ചാക്കൽ
തുമ്പമൺ ഭദ്രാസനം)

## ഭദ്രാസനതലത്തിൽ ഉന്നതമാർക്ക് കരസ്ഥമാക്കിയവർ

### ThiruvanaNthapuram Diocese

Ist Nithya Kunjumon (St. George , Varinjam)
IInd Jini K.L. (St. George, Cheruvakkal)

### Kollam Diocese

Ist Jephy Jose (Perumbuzha St. John's)
IInd Detty M. Panicker (Muthupilakkadu, St. Mary's)

### Adoor - Kadambanad Diocese

Ist Sonu Saji (St. George, Peringanad)
IInd Ansu Mary Babu (St. George, Peringanad)

### Mavelikara Diocese

Ist Sneha Anna Koshy (St. George South, Mankuzhy)
IInd Jebin John Samuel (St. Kuriakose, Arunoottimangalam)

### Chengannur Diocese

Ist Siby John (St. Mary's, Karakkad)
IInd Jamia Achamma Johnson (Holy Innocent, Mezhuveli)

## NIRANAM Diocese

| | | |
|---|---|---|
| Ist | Femi Achamma | (St. Mary's Niranam) |
| IInd | Joshy John | (Kavumbhagom, St. MULK) |

## Thumpmon Diocese

| | | |
|---|---|---|
| Ist | Deepthy George | (Mar Pheloxinos, Attachackal) |
| IInd | Lincy Thomas | (St. Peter's, Konnappara) |

## Kottayam Diocese

| | | |
|---|---|---|
| Ist | Shilpa Annie John | (Mar Aprem Thottakkad) |
| IInd | Megha Mariam Kurian | (Mar Aprem Thottakkad) |

## Idukki Diocese

| | | |
|---|---|---|
| Ist | Ajesh Koshy | (Kunkirypetti, St. Thomas) |
| IInd | Emily Thomas | (Kunkirypetti, St. Thomas) |

## Kochi Diocese

| | | |
|---|---|---|
| Ist | Noeline Jose | (St. George Valiyapally, Palarivattom) |
| IInd | Lidya Sibin | (St. Ignatius Cathedral, West Fort) |

## Malabar Diocese

| | | |
|---|---|---|
| Ist | Dr. Nithin Kuriakose | (St. Mary's, Maikkave) |
| IInd | Abin Saji | (St. Thomas, Kallaikode) |

## Bombay Diocese

| | | |
|---|---|---|
| Ist | Bony M. Chacko | (St. Mary's Indian Orthodox Cathedral, Bahrain) |
| IInd | Liji Geevarghese | (St. Mary's Indian Orthodox Cathedral, Bahrain) |

## Ahmedabad Diocese

| | | |
|---|---|---|
| Ist | Sherin Mariam Jijo | (St. Thomas, Gujarat) |
| IInd | Priya Rajan | (St. Mary's Cathedral, Ahmedabad) |

## Calcutta Diocese

| | | |
|---|---|---|
| Ist | Riyamol Rajan | (St. Gregorios Indian Orthodox Maha Edavaka, Kuwait) |
| IInd | Anu Shelvy | (St. Gregorios Indian Orthodox Maha Edavaka, Kuwait) |

**ഈ വർഷത്തെ സിലബസ്**

1. ഞാൻ എന്ത് കൊണ്ട് ഓർത്തോഡോക്സ് വിശ്വാസിയായിരിക്കുന്നു. സെമിനാരി അധ്യാപകൻ ബഹു. ഡോ. റെജി മാത്യൂസ് അച്ചന്റെ പുസ്തകത്തിലെ 6 മുതൽ 10 വരെയുള്ള അധ്യായങ്ങൾ
2. വിശുദ്ധ പത്രോസ് ഒന്നാം ലേഖനത്തിന്റെ 5 അധ്യായങ്ങൾ

പിൻമൊഴി

# വെർച്വൽ ലോകം

പരസ്പരം തിരിച്ചറിയാനാകാത്തവിധം മുഖം മൂടിയ മനുഷ്യർ ഇന്നത്തെ കാലത്തിന്റെ പ്രത്യേകതയാണ്. അതു തന്നെയാണ് വെർച്വൽ ലോകത്തും. ഇന്ന് വെർച്വൽ ലോകം ഏവർക്കും പരിചിതമാണ്. അല്ലാതെ മറ്റു മാർഗ്ഗങ്ങൾ തൽക്കാലം നമുക്കില്ല. ആരാധനകൾ, കൂടിച്ചേരലുകൾ ഒക്കെയും ഇതിലൂടെയാണ് ഈ കാലഘട്ടത്തിൽ നടക്കുന്നത്. രണ്ടു കാര്യങ്ങൾ ശ്രദ്ധിക്കുക.

1) ഇതൊരു ശാശ്വത പരിഹാരമല്ല. 2) അമിതമായ ആശ്രയത്വം യഥാർത്ഥ ബന്ധങ്ങളെ നഷ്ടപ്പെടുത്തും. മനുഷ്യർ പരസ്പര ബന്ധത്തെ നിയന്ത്രിക്കുന്നത് ഹൃദയങ്ങളിലൂടെയാണ്. വെർച്വൽ ലോകത്ത് ഹൃദയം കൊണ്ട് മനസ്സിലാക്കുവാനും ബന്ധം സ്ഥാപിക്കുവാനും ശ്രമിക്കുമ്പോൾ ചിലപ്പോൾ ചതിക്കപ്പെടുന്ന സാഹചര്യങ്ങൾ ഉണ്ടാകുന്നുണ്ട്. ഫെയ്സ്ബുക്ക്, ഇൻസ്റ്റാഗ്രാം, യൂടൂബ് ഒക്കെയും വെർച്വൽ റിയാലിറ്റി ആണെന്ന ബോധ്യം മനസ്സിലാക്കുക.


## സൈബർ ഗുണ്ടായിസം

സൈബർ ഹിംസ, ഗുണ്ടായിസം, വ്യാജ ഐഡികൾ, തെറിവിളികൾ ഇങ്ങനെ മാനസ്സികമായി വ്യക്തികളെ ചൂഷണം ചെയ്യുന്നതും തകർക്കുന്നതും വെർച്വൽ ലോകത്ത് സർവ്വസാധാരണമാകുന്നു.അവിടെ നമുക്ക് നല്ലബന്ധങ്ങളെ രൂപപ്പെടുത്തുവാൻ ശ്രമിക്കാം. ഇതൊരു താൽക്കാലിക പരിഹാരം മാത്രമാണ്. അവിടെ പങ്കുവയ്ക്കേണ്ടത് മാത്രം പങ്കുവയ്ക്കുക. ഷെയർ, ലൈക്ക്, വ്യൂസ് അല്ല ജിവിതത്തിന്റെ മൂല്യം നിർണ്ണയിക്കുന്നത് എന്ന ബോധ്യത്തോടെ മുമ്പോട്ടു പോകുവാൻ നാം ശ്രമിക്കേണ്ടതാണ്. കാരണം യഥാർത്ഥ ലോകത്തെ ഒഴിവാക്കിക്കൊണ്ട് വെർച്വൽ ലോകത്തിന്റെ പുറകെയുള്ള ഓട്ടം യഥാർത്ഥത്തിൽ നഷ്ടപ്പെടുത്തുന്നത് ജീവിതത്തിന്റെ അമൂല്യ നിമിഷങ്ങളാണ്. പിന്നീട് തിരിഞ്ഞു നോക്കുമ്പോൾ സന്തോഷിക്കുവാൻ ഒന്നുമില്ലാത്തവരായി നാം മാറരുത്.




ഫാ. ജോൺ റ്റി. ശാമുവേൽ
പബ്ലിഷർ

പരിശുദ്ധ പരുമല തിരുമേനിയുടെ
മദ്ധ്യസ്ഥതയിൽ  അഭയം പ്രാപിച്ചുകൊണ്ട്



**ഐസക് വർഗ്ഗീസ് & ഫാമിലി, കുവൈറ്റ്**
(പാറയ്ക്കാമണ്ണിൽ, മഞ്ഞാടി പി.ഒ., തിരുവല്ല)

# മലങ്കരയുടെ മിഷണറി ജ്യോതിസ്സിന് പ്രണാമം



## വെരി. റവ. പി.എ. ഫിലിപ്പ് റമ്പാൻ

Printed & Published by H.G. Dr. Yohanon Mar Chrisostomos Metropolitan on behalf of President, OCYM, St.Thomas Bhavan, Kottayam - 01
Chief Editor : Fr.Thomas Raju, Karuvatta Publisher : Fr. John T. Samuel Head Office : St.Thomas Bhavan, Chungom, Kottayam
Ph: 0481 2583997

Sreyas Owned by arts & graphics
Diocese of Adoor-Kadampanadu
Mob: +91 8907998415